# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1952

**Friday,** *the 28th March 1952*

**Vol. V]** **OFFICIAL REPORT** **[No. 4**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock, on Friday, the 28th March 1952, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

ശ്രീ. ക. സി. നൈനാൻ: സർ, ചോദ്യോത്തരങ്ങൾക്ക് അനുവദിച്ചിട്ടുള്ള സമയംകൊണ്ട് കൂടുതൽ ചോദ്യങ്ങൾ ചോദിക്കാവുന്ന ഒരു ക്രമീകരണം ഉണ്ടാക്കിയാൽ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

**Mr. Speaker:** On two prior occasions I brought to the notice of the hon. Members that they were taking too much time for supplementary questions. I may also add that no supplementary question arises from other extraneous sources than that arises from the answers given by the hon. Minister in charge. I hope hon. Members will bear this fact in mind while asking supplementaries.

ശ്രീ. രാജഗോപാലൻ നായർ: ഇവിടെ ഉത്തരം പറയാത്ത ചോദ്യങ്ങളുടെ ഉത്തരം മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. അങ്ങനെ വച്ചിട്ടുള്ളതായി കാണുന്നില്ല.

**Mr. Speaker:** Only answers that are made available can be placed on the table. Some questions are not answered. When answers are not ready the Ministers will say so and for such questions answers will not be found on the table. Answers that are received are placed on the table.

ശ്രീ. അച്യുതമേനോൻ: തയ്യാറായിട്ടുള്ള ഉത്തരങ്ങൾ എല്ലാമെമ്പറന്മാർക്കും അച്ചടിച്ചു കൊടുക്കുന്നതിൽ എന്താണു വിരോധം?

**Mr. Speaker:** That is an old practice. This is the practice followed throughout India and in the Central Legislature.

ശ്രീ. അച്യുതമേനോൻ: കൊച്ചി അസംബ്ലിയിൽ അങ്ങനെ കൊടുത്തിട്ടുള്ളതായി അറിയാമോ?

**Mr. Speaker:** It is not practicable.

ശ്രീ. അച്യുതമേനോൻ: അതു കൂടുതൽ സൗകര്യപ്രദമായിരിക്കും.

## Oral Answers

(The number within brackets indicates the number in the list of admitted questions for the day.)

### നെല്ലെടുപ്പ്

* ൧൯. (൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൧ - ൫൨-ൽ ഗവമ്മെൻറിലേക്ക നെല്ലെടുപ്പ പദ്ധതി അനുസരിച്ച എത്രനെല്ല് സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) ഇതിൽ എത്ര തിരുവിതാംകൂർ വിഭാഗത്തിൽപെട്ട സ്ഥലങ്ങളിൽനിന്ന്; എത്ര കൊച്ചിവിഭാഗത്തിൽനിന്ന്;

(സി) തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും വ്യത്യസ്ഥ പദ്ധതി അനുസരിച്ചാണോ നെല്ലെടുപ്പ നടത്തി വരുന്നത്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൧-ൽ ഫുഡ് ഡിപ്പാർട്ടുമെൻറിൽനിന്നും സംഭരിച്ചത്, ൧,൨൩,൩൯,൧൭൩ പറ നെല്ല്.

൧൯൫൨-ൽ മാർച്ച്മാസം ൧൫-ാനു വരെ അപ്രകാരം സംഭരിച്ച നെല്ല് ൪൫,൭൫,൩൫൨ പറ.

(ബി) ൧൯൫൧-ൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നും സംഭരിച്ച നെല്ല് ൯൦,൨൧,൦൧൫ പറ.

൧൯൫൧-ൽ കൊച്ചി വിഭാഗത്തുനിന്നും സംഭരിച്ച നെല്ല് ൫൩,൧൭,൧൩൭ പറ.

൧൯൫൨-ൽ മാർച്ച് ൧൫-ാംനു-വരെ തിരുവിതാംകൂർ വിഭാഗത്തു നിന്നും സംഭരിച്ച നെല്ല് ൨൧,൭൨,൪൭൧ പറ.

൧൯൫൨-ൽ മാർച്ച് ൧൫-ാംനു- വരെ കൊച്ചി വിഭാഗത്തുനിന്നും സംഭരിച്ച നെല്ല് ൨൪,൦൨,൭൯൧ പറ.

(സി) അല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ലവി സമ്പ്രദായമനുസരിച്ചാണോ ഈ നെല്ലെടുപ്പ നടത്തുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. അച്ചുതമേനോൻ: ഈ ലവി സമ്പ്രദായം നടപ്പാക്കുന്നതിനു മുമ്പ് എടുത്ത നെല്ലിൻെറ കണക്കും അതിനുശേഷമെടുത്ത നെല്ലിൻെറ കണക്കും വേർതിരിച്ച പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ജെ. തോമസ്: കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്ന് എത്ര പറ നെല്ല് എടുത്തിട്ടുണ്ടെന്നു പറയാമോ?

**Mr. Speaker:** We are wandering away from the point. The answer that is given for the main question refers only to a particular period.

ശ്രീ. കെ. ജെ. തോമസ്: നിലം പാട്ടത്തിന് ഏററു കൃഷി ചെയ്യുന്ന കൃഷിക്കാരിൽനിന്നു നെല്ലെടുക്കുന്നതിനു വ്യവസ്ഥയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ഡാ. എൻ. ശങ്കര പിള്ള: നെല്ല് എടുക്കാൻപോകുമ്പോൾ വഴക്കുണ്ടാകുന്ന പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമം അനുസരിച്ചാണു നെല്ലെടുക്കുന്നത്. നമ്മുടെ നാട്ടിലെ ജനങ്ങൾ നിയമം അനുസരിക്കാൻ ശ്രദ്ധിക്കാറുണ്ട്.

ശ്രീ. കൊച്ചുകുഞ്ഞ്: ൧൯൫൨-ൽ തിരുവിതാംകൂറിൽ ൨൧ ലക്ഷംപറ നെല്ലെടുത്തപ്പോൾ കൊച്ചിയിൽ ൨൪ ലക്ഷംപറ നെല്ലെടുത്തു എന്നു കാണുകയുണ്ടായി. ഇതിനുള്ളകാരണം തിരുവിതാംകൂറിൽ കൊച്ചിയെക്കാൾ നിലങ്ങൾ കുറവായതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൨ മാർച്ച് ൧൫-ാംതീയതിവരെയുള്ള കണക്കാണു ഞാൻ പറഞ്ഞത്. തിരുവിതാംകൂർ വിഭാഗത്ത് വിളവുകൾ ഈ തീയതിക്കുശേഷമാണ് പാകമാകുന്നതെന്നാണു ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. കെ. കുട്ടപ്പൻ: നെല്ലെടുപ്പു പദ്ധതിയിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആരേയും ഒഴിവാക്കിയിട്ടില്ല. എന്നാൽ ഗവമ്മെൻറു റൂൾ അനുസരിച്ച് ആവശ്യമുള്ള നെല്ല് ഇല്ലാത്ത ആളുകളെ ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ: വളരെയധികം നിലങ്ങളുള്ള അസംബ്ലി മെമ്പറന്മാരെ നെല്ല് എടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചിവിഭാഗത്തിലേയും കൃഷി ഭൂമികളുടെ വിസ്തീർണ്ണം താരതമ്യപ്പെടുത്തി നോക്കുമ്പോൾ കൊച്ചിയിലുള്ള തോതനുസരിച്ച് തിരുവിതാംകൂറിൽ നെല്ലെടുത്തിട്ടില്ലെന്നു കണക്കാക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് കണക്കു കൂട്ടിയല്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കൃഷ്ണൻ നായർ: ഇപ്പോഴത്തെ നെല്ലെടുപ്പു പദ്ധതി പല കൃഷിക്കാരേയും കരിഞ്ചന്തക്കു പ്രേരിപ്പിക്കുന്ന ഒരു പദ്ധതിയാണെന്നു ഗവമ്മെൻറിനു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമ്മെൻറിന് അങ്ങനെ തോന്നുന്നില്ല.

ശ്രീ. രാജഗോപാലൻ നായർ: ഇന്നത്തെ നെല്ലെടുപ്പു പദ്ധതി കൃഷിക്കാരുടെ എല്ലെടുപ്പു പദ്ധതിയായിട്ടാണു നടക്കുന്നതെന്ന് അറിയാമോ?

**Mr. Speaker:** The question is disallowed.

ശ്രീ. ഒ. സി. നൈനാൻ: ഇപ്പോൾ എടുക്കുന്ന നെല്ലുകൊണ്ടു് ഒരു യൂണിററുപോലും റേഷൻ കൂട്ടാൻ സാദ്ധ്യമല്ലെന്നിരിക്കെ ഈ നെല്ലെടുപ്പു നിറുത്തി നെല്ലു് ഇവിടെതന്നെ കൈമാററം ചെയ്യുന്നതിൽ വിരോധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നയം സംബന്ധിച്ച ഒരു പ്രശ്നമാണു്. അതിനു് ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ: നെല്ലു് എടുപ്പിൽ കൃഷിക്കാരുടെയിടയിൽ ഉണ്ടായിട്ടുള്ള അതൃപ്തി പരിഹരിക്കുന്നതിനു് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലു് ഇന്നു് ആവശ്യത്തിൽ കുറവുള്ള ഒരു വിഭവമാണു്. അതു് എടുക്കുന്നതുകൊണ്ടു് കൃഷിക്കാർക്കു് സങ്കടമുണ്ടു്. ശരിയായി കൈകാര്യം ചെയ്യാൻ സാധിക്കാത്തതിലും അവർക്കു സങ്കടമുണ്ടു്. എന്നാൽ രാജ്യത്തെ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി അങ്ങനെ ഒരു നിയന്ത്രണം എപ്പെടുത്തേണ്ടിവന്നിരിക്കുകയാണു്.

ശ്രീ. ആർ. കേശവപിള്ള: നെല്ലുതരാത്തവരുടെ പേരിൽ വല്ല നടപടികളും നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൧൧൪ ലാണു് നെല്ലെടുപ്പു തുടങ്ങിയതെന്നാണു് എന്റെ ഓർമ്മ. അതിനുശേഷം എത്രയോ അവസരങ്ങളിൽ നടപടികൾ നടത്തിയിട്ടുണ്ടു്.

**Shri M. M. Abdul Khader:** Is the Minister aware that the yield determined by the statistical department is very much higher than that furnished by the Tahsildars and as such will the Hon'ble Minister be pleased to see that paddy is procured according to the statistics furnished by the statistical department?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യത്തിന്റെ പുറകിലുള്ള അസംപ്ഷൻ സ്വീകരിക്കാൻ ഇപ്പോൾ നിവൃത്തിയില്ല. പരിശോധിച്ചല്ലാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഗവമ്മെന്റ് സംഭരിക്കുന്ന നെല്ലിൽ വലിയ ഒരു ഭാഗം പതിരാണെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലിൽ പതിരുണ്ടാകാറുണ്ടു്. അതുകൂടാതെ തരണമെന്നാണു റൂൾ. ചിലപ്പോൾ പതിരുകണ്ടേക്കാം.

ശ്രീ കുഞ്ഞൻ നാടാർ: പതിരു ചേർത്തു് നെല്ലെടുക്കുന്ന പ്രവൃത്തിക്കാരന്മാർ ആരാണെന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പതിരു് നെല്ലിൽ ചേർക്കുകയല്ല ചെയ്യുന്നതു്. ചിലപ്പോൾ കുറച്ചു പതിരും നെല്ലിൽ ഉണ്ടാകും.

## സോവിയററു് ഫിലിം ഡെലിഗേഷൻ

*൪൦. (൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) സോവിയററു ഫിലിം ഡെലിഗേഷൻ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ച അവസരത്തിൽ അവരെ സന്ദർശിക്കാൻ ഇവിടത്തെ

സോവിയററ സുഹൃത്തുക്കളെ അനുവദിക്കയുണ്ടായില്ലെന്ന് പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ഈ പരാതി ശരിയാണെങ്കിൽ ഇങ്ങനെ അനുവദിക്കാതിരിക്കാൻ കാരണമെന്താണെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇവിടെയുള്ള സോവിയററ സുഹൃത്തുക്കൾ ആരെല്ലാമാണെന്ന് അറിഞ്ഞുകൂടാത്തതിനാൽ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പാർലമെൻറ് അംഗമായ ശ്രീ. വി. പി. നായക്ക് ഡെലിഗേഷനെ കാണാൻ അനുവാദം നിഷേധിച്ചതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഡെലിഗേഷൻ പോയതിനുശേഷമാണ് അദ്ദേഹത്തിൻെറ അപേക്ഷ കിട്ടിയതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കോട്ടയത്തു പലക്കം ഡെലിഗേഷനെ കാണാൻ അനുവാദം നിഷേധിച്ചതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അവർ സോവിയററ സുഹൃത്തുക്കളാണോ എന്നു് അറിഞ്ഞുകൂടാ.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സോവിയററ സുഹൃത്തുക്കൾ ആരെല്ലാമാണെന്ന് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാൻ പാടില്ല.

ശ്രീ. ഒ. സി. നൈനാൻ: സോവിയററ സുഹൃത്തുക്കൾ സോവിയററ ചാരന്മാരാണെന്നു് അറിവു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ അറിവു കിട്ടിയിട്ടില്ല.

ശ്രീ. കെ. മാധവനുണ്ണിത്താൻ: ആരെയെങ്കിലും കാണണമെന്ന് ഡെലിഗേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. അച്ചുതമേനോൻ: ഡെലിഗേഷൻ ചെന്ന സ്ഥലത്തു ചെന്ന് ആവശ്യപ്പെട്ടിട്ടും സന്ദർശനത്തിന് അനുവദിച്ചിട്ടില്ലെന്നുള്ള വിവരം ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പാർലമെൻറ് മെമ്പർ ശ്രീ. വി. പി. നായർ ഒരു അപേക്ഷ അയച്ചിട്ടുള്ളതായി അറിയാം. അതു് സോവിയററ ഡെലിഗേഷൻ സ്ഥലം വിട്ടതിനുശേഷമാണ് കിട്ടിയതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: സോവിയററ സുഹൃത്തുക്കൾ മാത്രമേ അവരെ സന്ദർശിക്കാവൂ എന്ന് ഗവർമ്മെൻറ് നിശ്ചയിച്ചതിൻെറ അർത്ഥമെന്താണ്.

ശ്രീ. എ. ജെ. ജോൺ: ഗവമ്മെൻറ് അങ്ങനെയൊന്നും നിശ്ചയിച്ചില്ല. ചോദ്യത്തിനുള്ള ഉത്തരം പറഞ്ഞു എന്നു മാത്രമേയുള്ളു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ആരൊക്കെയാണ് സോവിയററ സുഹൃത്തുക്കളെന്നും അല്ലാത്തവരെന്നും അറിയുന്നതിന് വല്ല ഉരകല്ലുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് ചോദ്യകർത്താവിനോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ചോദ്യത്തിൽനിന്നും സന്ദർശനം അനുവദിക്കാത്തതു് സോവിയററ ഡെലിഗേഷനാണോ ഗവൺമെൻറാണോ എന്നു് വ്യക്തമാകുന്നില്ല.

ശ്രീ. എ. ജെ. ജോൺ: അതു വളരെ വ്യക്തമല്ലെങ്കിലും ഗവൺമെൻറു് അനുവദിച്ചില്ലെന്നാണു് അദ്ദേഹം ഉന്നയിച്ചിരിക്കുന്നതു്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ രാജ്യത്തു വല്ല സോവിയററ പ്രവർത്തനവും നടക്കുന്നുണ്ടോ എന്നു ഗവൺമെൻറിനു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറെയെല്ലാം നടക്കുന്നുണ്ടെന്നാണു് ഗവർമ്മെൻറിന്റെ അറിവു്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: റഷ്യയിലെ സോവിയററ പ്രവർത്തനവും ഇവിടത്തെ സോവിയററ പ്രവർത്തനവുമായി ബന്ധപ്പെടുത്താൻ വല്ല പ്രവർത്തനവും നടക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: സൂക്ഷ്മമായി അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടെ സോവിയററ പ്രവർത്തനം നടക്കുന്നുണ്ടെന്നു പറഞ്ഞതു് എന്താണെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: സൂക്ഷ്മമായി അറിവില്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സോവിയററ ഡെലിഗേഷൻ ഇവിടം സന്ദർശിച്ചതു് അവരുടെ സുഹൃത്തുക്കളുമായി ബന്ധം പുലർത്താനാണെന്നു് ഗവൺമെൻറിനു് സംശയം തോന്നിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സോവിയററ ഡെലിഗേഷൻ ഇവിടെ പണം വിതരണം ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഗവൺമെൻറിനു് അറിവില്ല.

ശ്രീ. അവിരാതരകൻ: സോവിയററ ഡെലിഗേഷനെ മിനിസ്റ്റർ സന്ദർശിച്ചിട്ടുള്ളതു് വല്ല തകിടം മറിക്കലിനും വേണ്ടിയാണോ?

ശ്രീ. എ. ജെ. ജോൺ: ഞാൻ സന്ദർശിച്ചിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഇവിടെ വരുന്ന അതിഥികളെ കാണാനുള്ള പരിധി നിശ്ചയിക്കുന്നതു് ആരാണു്?

ശ്രീ. എ. ജെ. ജോൺ: ഏതെങ്കിലും അതിഥികൾ വരുകയാണെങ്കിൽ അവരെ കാണുന്നതിനു ഗവൺമെൻറാണു് പ്രോഗ്രാം തയാറാക്കുന്നതു്. അവരെ കാണുന്നതിനു വല്ലവരും ആവശ്യപ്പെടുന്ന പക്ഷം അതിലേയ്ക്കു അനുസരിച്ചുള്ള പ്രോഗ്രാം തയാറാക്കും. അതിൽ പിന്നീടും ആവശ്യമെന്നു കണ്ടാൽ അതിനുവേണ്ടിയും പ്രോഗ്രാം തയാറാക്കുന്നതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സോവിയററു് ഡെലിഗേഷൻ കാണണമെന്നാവശ്യപ്പെട്ട ആളുകളെ കാണാൻ ഗവൺമെൻറു് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതേപ്പററി അന്വേഷിച്ചു പറയാം.

## കൊച്ചി ക്രിമിനൽ നിയമഭേദഗതി

*൮൧. (൩) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) കൊച്ചി ക്രിമിനൽ നിയമഭേദഗതിനിയമം നിലനില്ക്കത്തക്കതല്ലെന്നു (ultra vires) തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയിൽ നിന്നു ജോർജ്ജ് ചടയംമുറിയുടെ റിറ്റ്പെറ്റിഷനിന്മേൽ വിധിയുണ്ടായിട്ടുള്ളതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ക്രിമിനൽ ഭേദഗതി നിയമമനുസരിച്ച് ചാർജ്ജ് ചെയ്തിട്ടുള്ള കേസുകൾ ഇപ്പോഴും തുടർന്നു നടത്തുന്നതു് എന്തു അടിസ്ഥാനത്തിലാണെന്നു വ്യക്തമാക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്): (എ) ഉണ്ട്.

(ബി) ഈ സംഗതിയെ സംബന്ധിച്ച് സുപ്രീം കോടതിയിൽ കൊടുത്തിരിക്കുന്ന അപ്പീലിൻെറ തീരുമാനത്തിനുശേഷം അതേപ്പറ്റി ആലോചിച്ചു വേണ്ട നടപടികൾ നടത്തുന്നതായിരിക്കും.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: അവരുടെ കേസ്സിൽ കോടതിയുടെ വിധി പ്രതീക്ഷിച്ചുകൊണ്ടു് ഗവൺമെൻറ് വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: എടുത്തിട്ടില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: മദ്രാസിൽ ഒരു വി. ജി. റാവുവിൻെറ കേസ് ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: പത്രറിപ്പോർട്ടുകളിൽ നിന്നറിയാം.

## VILLAGE UNION ELECTION

*82. [4] **Shri R. Gangadharan:** Will the Minister for Panchayats be pleased to state.—

(*a*) how many years have elapsed since the last Village Union election;

(*b*) what is the delay in conducting a new election; and

(*c*) whether the Government propose to conduct the same in the immediate future?

*Minister for Local Self Government* **(Shri K. Kochukuttan):** (*a*) Two years.

(*b*) All the Village Unions have been reconstituted as Panchayats under the new Act from 15th August 1951 and elections have to be conducted according to the provisions of the new Act. Division of Panchayats into wards is in progress and the preparation of the voters' list will be taken up as soon as the division of Panchayats into wards is over.

(*c*) In September or October 1952.

ശ്രീ. ആർ. ഗംഗാധരൻ: എത്ര തവണ പഞ്ചായത്തു എലക്ഷൻെറ കാലാവധി നീട്ടിവച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒന്നിലധികം തവണ നീട്ടിവച്ചിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ജനറൽ എലക്ഷൻ നടന്നതോടുകൂടി തന്നെ പഞ്ചായത്തിലക്ഷനും നടത്താതിരുന്നതെന്തുകൊണ്ടാണെന്നു പറ-

യാമോ? അങ്ങിനെ നടത്താതിരിക്കാൻ പ്രത്യേക കാരണം വല്ലതും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വോട്ടേഴ്സ് ലിസ്റ്റ് പൂർത്തിയാകാതിരുന്നതുകൊണ്ടും വാർഡ് വിഭജനം നടക്കാത്തതുകൊണ്ടും അന്നു നടത്താൻ സൗകര്യപ്പെട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: വോട്ടേഴ്സ് ലിസ്റ്റ് തയാറാക്കുക എന്നു പറഞ്ഞാൽ പ്രായപൂർത്തിയായ ആളുകളുടെ ലിസ്റ്റ് തയാറാക്കുകയെന്നുള്ളതല്ലേ അർത്ഥമാക്കേണ്ടതു്? മററുവല്ല തടസ്സങ്ങളും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ; ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ലാത്തവരുടെ പേരുകൾ ചേർക്കാൻ ദയവുണ്ടാകുമോ?

**Mr. Speaker**: That is how we are going astray. This question relates to Village Union elections. I am pointing out an instance where we are going astray from the main point.

ശ്രീ. ആർ. ഗംഗാധരൻ: എലക്ഷൻ നടത്തിയാൽ കോൺഗ്രസ്സിനു് പരാജയം സിദ്ധിക്കുമെന്നു് വിചാരിച്ചല്ലേ പഞ്ചായത്തു എലക്ഷൻ ഇങ്ങിനെ നീട്ടിക്കൊണ്ടുപോകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരിക്കലുമല്ല.

ശ്രീ. രാജഗോപാലൻ നായർ: ഈ പഞ്ചായത്തു തെരഞ്ഞെടുപ്പും പൊതുതെരഞ്ഞെടുപ്പിന്റെ സമ്പ്രദായമനുസരിച്ചാണോ നടത്തുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങിനെതന്നെയായിരിക്കും നടത്തുന്നതു്.

## LAND

*83. [6] **Shri R. Gangadharan:** Will the Minister for Land Revenue be pleased to state.—

(*a*) what is the total number of persons in this State who own no bit of land; and

(*b*) have the Government any scheme to provide them with land so that they may be able to build houses for them?

*Minister for Local Self Government* **(Shri K. Kochukuttan):** (*a*) 46,095 families.

(*b*) Yes.

ശ്രീ. ആർ. ഗംഗാധരൻ: ഈ സ്കീമുകൾ എന്തെല്ലാമാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഹൗസിംഗ് സ്കീം, സെററിൽമെൻറ് സ്കീം, കോളനൈസേഷൻ സ്കീം, ഇങ്ങനെ മൂന്നു സ്കീമുകളാണു് വീടില്ലാത്തവക്കു് വീടുണ്ടാക്കുന്നതിലേക്കു ഗവമ്മെൻറിന്റെ മുമ്പിലുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ സ്കീമുകൾ എല്ലാം എത്രകൊല്ലം കൊണ്ടു് പൂത്തിയാകും?

ശ്രീ. കെ. കൊച്ചുകുട്ടൻ: എത്രകൊല്ലം കൊണ്ടു് പൂത്തിയാകുമെന്നു് ഇപ്പോൾ ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗം പൂത്തിയാക്കാൻ ശ്രമിക്കുന്നതാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഇങ്ങിനെ വീടില്ലാത്തവരെ ഗവൺമെൻറ് ഭൂമികളിൽനിന്നും ഇറക്കിവിടുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഒബ്ജക്ഷണബിളായി ചെയ്യുമാറുന്നവരല്ലെങ്കിൽ അവരെ ഇറക്കിവിട്ടിട്ടില്ല.

ശ്രീ. കെ. ജെ. തോമസ്സ്: ലാൻറ്ലെസ് അസോസിയേഷൻ എന്ന പേരിൽ ഏതെങ്കിലും സംഘടനകൾക്ക ഭൂമിപതിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു നോട്ടീസു വേണം.

**Mr. Speaker:** The question is in regard to the construction of houses. The member is putting a question in regard to the assignment of lands.

*ஸ்ரீ. ஏ. ஸாம்ராஜ்: தோவாளை அகஸ்தீஸ்வரம் தாலூகாவில் ஷெடியூல் வகுப்பில் உட்பட்டவர்களுக்கு வீடு கட்ட பொன்விலே கொடுத்து பூமிகள் எடுத்தும் இன்னும் ஏன் வீடு கட்ட சர்க்கார் அனுவாதம் கொடுக்கவில்லை.*

ശ്രീ. കെ. കൊച്ചുകുട്ടൻ. ഒന്നു രണ്ടു സ്ഥലത്തു് അതു സംബന്ധിച്ചു് ഗവൺമെൻറ് സ്റ്റേ ഓർഡർ കൊടുത്തിട്ടുണ്ടു്. അതു സംബന്ധിച്ചു തീരുമാനം വരുന്നതുവരെ ഗവൺമെൻറിനു ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

*ஸ்ரீ. ஏ. ஸாம்ராஜ்: ஷெடியூல் வகுப்பில் வீடில்லாதவர்களுக்கு வீடுகட்டிக் கொடுக்க அனுவாதம் கொடுக்கப்படாத காரணம், கிருஸ்தவர்கள், ஹிந்துக்கள் என்ற மதபேத காரணத்தினுலா?*

ശ്രീ. കെ. കൊച്ചുകുട്ടൻ. അങ്ങിനെ യാതൊന്നുമില്ല.

**Shri M. William:** How much land will be given to each member?

ശ്രീ. കെ. കൊച്ചുകുട്ടൻ: സെററിൽമെൻറ് സ്കീം അനുസരിച്ചു് അഞ്ചു മുതൽ പത്തു സെൻറ് സ്ഥലംവരെ കൊടുക്കും. കോളനൈസേഷൻ സ്കീം അനുസരിച്ചു് അഞ്ചു മുതൽ പത്തുവരെ ഏക്കർ സ്ഥലമാണ് കൊടുക്കുന്നതു്. ഹൗസിംഗ് സ്കീം അനുസരിച്ചു് പുറംപോക്ക സ്ഥലങ്ങളിൽനിന്നും വലിയ ധനാഢ്യന്മാർ ദാനമായി തരുന്ന സ്ഥലങ്ങളിൽനിന്നും വിഭജിച്ചു അതിനും പുറമെ അക്വിസിഷൻ ചെയ്തും വീട് വെക്കാൻ ആവശ്യമായ സ്ഥലം കൊടുക്കും.

ഡാക്ടർ എൻ. ശങ്കരപിള്ള: അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം സ്ഥലം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എല്ലാവർക്കും കൊടുത്തിട്ടില്ല.

ശ്രീ. സി. കെ. കുമാരപ്പണിക്കർ· ചേർത്തല താലൂക്കിലും ഈ സ്കീം നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആലോചിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഗവൺമെൻറ് വനങ്ങളിൽ താമസക്കാരായവരെ ഈ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ. അവരെയും ഇതിൽനിന്നും ഒഴിവാക്കണമെന്നു കരുതിട്ടില്ല.

**Shri. A. A. D. Luiz:** Are the Government aware that lands are not given to people of the Anglo-Indian community?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരുടെ കാര്യവും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവർക്ക് കുന്നത്തുനാട് താലൂക്കിൽ വെങ്ങോല എന്നിടത്ത് സ്ഥലം കൊടുക്കുന്നതിനു ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. കെ. ജെ. തോമസ്: ഇനിയും വീടുവയ്ക്കാൻ സ്ഥലമില്ലാത്ത അനവധി കുടുംബങ്ങളും ഉണ്ട് എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവൺമെന്റിനു അറിവില്ല.

## DISTILLERY AT NAGERCOIL

***84. [7] Shri Kunjan Nadar:** Will the Minfster for Industries be pleased to state.—

(*a*) whether the Distillery at Nagercoil has been removed from there;

(*b*) if so to which place and why;

(*c*) whether palmyra jaggery is one of the chief raw materials necessary for distillery purposes; and

(*d*) if so, is it produced at its present locality?

*Minister for Finance & Civil Supplies* **(Shri Panampilli Govinda Menon):** (*a*) & (*b*) The Distillery at Nagercoil has been shifted to Pamba because the raw material for the production of spirit, *viz.* molasees is available there as a bye-product from the sugar industry there. The distillery is working there more efficiently and economically than at Nagercoil.

(*c*) Palmyra jaggery can be used as raw material for spirit. But it is very expensive for this purpose. The modern distillery uses only molasses for the production of spirit,

(*d*) This question does not arise in view to the answer to (*c*).

ശ്രീ. കുഞ്ഞൻ നാടാർ: നാഗർകോവിൽ തക്കല എന്ന സ്ഥലത്ത് ഒരു ഡിസ്റ്റിലറിയുള്ളതായി ഗവൺമെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവുണ്ട്.

ശ്രീ. കുഞ്ഞൻ നാടാർ: ഗവൺമെന്റ് വിചാരിച്ചിരുന്നെങ്കിൽ അവിടെനിന്നും ഡിസ്റ്റിലറി മാറ്റുമായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഗവൺമെന്റിന്റെ കാര്യമല്ല. ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസാണ് ആ ഡിസ്റ്റിലറി നടത്തിക്കൊണ്ടിരുന്നത്. അവർ അത് പമ്പയുടെ തീരത്ത് സ്ഥാപിക്കുകയാണ് സൌകര്യമെന്നു പറഞ്ഞു. അവിടെ ശർക്കര ധാരാളമായി ലഭിക്കുമെന്നും അവർ പറഞ്ഞു.

ശ്രീ. ഒ. സി. നൈനാൻ: പമ്പയുടെ തീരത്ത് സ്ഥാപിച്ചിരിക്കുന്നത് ഷുഗേഴ്സ് ആൻഡ് കെമിക്കൽസിന്റെ വകയാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. ടി. എസ്സ്. രാമസ്വാമിപിള്ള: തക്കലയുള്ള ഷുഗർ ഫാക്ടറിയും മണവാളക്കുറിച്ചിയിലുള്ള ഫാക്ടറിയും അടച്ചിരുന്നതാണോ ഈ ഗവൺമെന്റിന്റെ ഇൻഡസ്ട്രിയലൈസേഷൻ പോളിസിയുടെ ഉദാഹരണം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടച്ചുപൂട്ടിയിട്ടിരിക്കുന്നത് ഇൻഡസ്ട്രിയലൈസേഷൻ പോളിസിയല്ല. എന്നാൽ അതിനും ശ്രമം വേണം.

ஸ்ரீ. ஸி. சங்கர்: அநேக வருஷமாக நாகர்கோவில் டிஸ்டிலரியில் பக்கம் தாமஸித்து வருகிற இருபத்திஒன்று குடும்பங்களை பாரி கம்பேனி வெளியிலிறக்கினது கவர்மென்றுக்குத் தெரியுமா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കതറിവില്ല.

ശ്രീ. കൃഷ്ണൻ നായർ: ഈ ഡിസ്റ്റിലറി അടച്ചിരിക്കുന്നതുകൊണ്ടു് കരുപ്പട്ടിയുടെ വില കുറഞ്ഞുപോകാൻ ഇടയാക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഒരഭിപ്രായമാണു്. അതിലൊന്നും വളരെ വൈവിദ്ധ്യമില്ല.

**Shri T. S. Ramaswami Pillai.** May I kuow whether the Government is aware of the fact that so many of the employees of the distillery at Nagercoil are going to be transferred or evicted from their old lands?

**Shri Panampilli Govinda Menon.** I want notice.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഇങ്ങിനെ ഡിസ്റ്റിലറി നടത്താൻ അനുവാദം നൽകുന്നതു് ഗവൺമെന്റിന്റെ പ്രൊഹിബിഷൻ നയത്തിനു വിരുദ്ധമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഈ സ്റ്റേറ്റിന്റെ എല്ലാ ഭാഗത്തും വിജയിച്ചെങ്കിലല്ലാതെ ഗവൺമെന്റിന്റെ പോളസിക്കു വിരുദ്ധമാകയില്ല.

### ശുദ്ധജലം കിട്ടാത്ത സ്ഥലങ്ങൾ

*൮൪൮. എ. (൮) ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ശുദ്ധജലം കിട്ടാത്ത സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുന്നതിനു് ഗവൺമെന്റിനു ഒരു പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഏതു സ്ഥലങ്ങളിലെല്ലാം പ്രയോഗിച്ചിട്ടുണ്ടു്;

(സി) എത്ര രൂപാ ചെലവായി;

(ഡി) എവിടെയെല്ലാം ഫലിച്ചിട്ടുണ്ടു്;

(ഇ) ശുദ്ധജലം കിട്ടുന്നതിനുള്ള പദ്ധതികൾ തുടരുന്നതിനു് ഗവൺമെന്റു് ആലോചിക്കുന്നുണ്ടോ;

(എഫ്) കായിക്കര, അഞ്ചുതെങ്ങു്, പുളുന്തുരുത്തി, പെരുമാതുറ എന്നീ സ്ഥലങ്ങളിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്നുള്ള വസ്തുത ശരിയാണോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ഉണ്ടു്.

(ബി) ആലുംകടവു്, കായിക്കര, മഹാദേവികാട്ടു് ഈ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ടു്. മഹാദേവികാട്ടു് പൂർത്തിയായി വരുന്നതേയുള്ളൂ.

(സി) മേല്പറഞ്ഞ മൂന്നു കുഴൽ കിണറുകൾക്കു മൊത്തം ൧൭,൦൨൧ രൂപാ ചെലവായിട്ടുണ്ടു്,

(ഡി) കായിക്കര, ആലുംകടവ് ഈ സ്ഥലങ്ങളിൽ വിജയപ്രദമായിട്ടുണ്ട്. മഹാദേവികാട്ട പണി തീരുന്നതേയുള്ളു.

(ഇ) ഉണ്ട്.

(എഫ്) ശരിയാണ്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഈ പദ്ധതി തുടരണമെന്നു ഗവമ്മെൻറ് പറയുന്നു. പക്ഷെ എല്ലാ സ്ഥലത്തും അതു വിജയപ്രദമാകുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വിജയപ്രദമാകുമെന്നാണ് ഗവമ്മെണ്ടിൻെറ പ്രതീക്ഷ.

ശ്രീ. ആർ. ഗംഗാധരൻ: കായിക്കര, അഞ്ചുതെങ്ങ് മുതലായ സ്ഥലങ്ങളിൽ ശുദ്ധജലം കിട്ടുന്നില്ലെന്നുള്ളതറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. ആർ. ഗംഗാധരൻ: അതിലേയ്ക്കു വല്ല നടപടികളും ഗവമ്മെൻറ് നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്. ഗവമ്മെൻറ് ഓരോ സ്ഥലമായി നോക്കി ശുദ്ധജലം കിട്ടുന്നതിനുവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. ഗംഗാധരൻ: കായിക്കര പ്രദേശത്തു കുഴൽ കിണർ കുഴിപ്പിച്ച് ശുദ്ധജലം ജനങ്ങൾ ഉപയോഗിക്കുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. ആർ. ഗംഗാധരൻ: അതിൻെറ ഫലമെന്താണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്വേഷിച്ചു പറയാം.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഈ ബഡ്ജററിൽ കുഴൽ കിണറുകൾ കുഴിപ്പിക്കാൻ ഒരു രൂപാപോലും കൊള്ളിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് അടുത്ത ബഡ്ജററ് വരുമ്പോഴേയ്ക്കും ചെയ്തുകൊള്ളാം

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: കുഴൽ കിണറുകൾ നേരത്തെ സ്ഥാപിച്ച സ്ഥലങ്ങളിലുള്ള ആളുകൾക്കു പ്രമേഹരോഗം പിടിപെട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. ഇ. പി. വറുഗീസ്: ചില കുഴൽക്കിണറുകളിൽനിന്നു ശുദ്ധജലം കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി അന്വേഷിക്കാം.

ശ്രീ. കെ. കുട്ടപ്പൻ: കുഴൽക്കിണറുകൾവഴി കിട്ടുന്ന വെള്ളം ടാങ്കുകൾ കെട്ടി സൂക്ഷിക്കുവാൻ ഗവമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ആർ. സുഗതൻ: മൺട്രോത്തുരുത്തിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്നു പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ:—അങ്ങനെ പരാതിയുള്ളതായി കാണുന്നില്ല. പരാതിയുണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കാം

ശ്രീ. ടി. എസ്സ്. രാമസ്വാമി പിള്ള: കന്യാകുമാരിയിൽ ശുദ്ധജലം കിട്ടുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയൊരു പരാതി വന്നിട്ടുണ്ട്.

## സംസ്ഥാനത്തെ ടി. ബി-കൾ

*൮൫ (൯) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സംസ്ഥാനാതിഥി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) സംസ്ഥാനത്തെ ടി. ബി. കളിൽനിന്നും ൧൯൫൦-ൽ ആകെ എന്തു വരുമാനം ഉണ്ടായിരുന്നു;

(ബി) ഇവയുടെ നടത്തിപ്പിനു ഗവമ്മെൻറിനു എന്തു ചെലവു വന്നിട്ടുണ്ട്;

(സി) ഇപ്പോൾ ഈ ടി. ബി. കളിൽനിന്നും ആകെ ഗവമ്മെൻറിനു എന്തു വരവ് ആണ്ടിനാൽ ലഭിക്കുന്നതാണ്;

(ഡി) ഇപ്പോൾ ഇവയുടെ നടത്തിപ്പിനു ഗവമ്മെൻറിനു വല്ല ചെലവുമുണ്ടോ?

പൊതുമരാമത്തുമന്ത്രി (ശ്രീ കളത്തിൽ വേലായുധൻ നായർ):

(എ) സംസ്ഥാനത്തെ ടി. ബി. കളിൽനിന്നും ൧൯൫൦-൫൧-ലെ ആകെ വരുമാനം ൨൩,൧൯൧ രൂപയാണ്.

(ബി) ൧൯൫൦-൫൧-ലെ ചെലവ് ൫൬,൪൭൩ രൂപയാണ്.

(സി) എറണാകുളം ഡിവിഷനൊഴികെ മററുള്ള ടി. ബി. കളിൽനിന്നും ൧൯൫൧-൫൨-ൽ ഗവമ്മെൻറിനു ലഭിച്ചിട്ടുള്ള ഉദ്ദേശവരവ് ൧൭, ൭൨൫ രൂപയാണ്.

(ഡി) ട്രാവലിംഗ് ബ്യൂറോയെ ഏല്പിച്ചിട്ടുള്ളതൊഴികെയുള്ള ടി. ബി. കളെ സംബന്ധിച്ചിടത്തോളം കെട്ടിടസംരക്ഷണം ജോലിക്കാരുടെ ചെലവു എന്നിവയ്ക്കുവേണ്ടി ഗവമ്മെൻറു ചെലവുചെയ്യുന്നുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ട്രാവലിംഗ് ബ്യൂറോ നടത്തുന്ന ടി. ബി. കളിൽ താമസിക്കുന്നവരിൽനിന്നും ഏതെങ്കിലും പരാതി ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഈ ടി. ബി. കൾ ട്രാവലിംഗ് ബ്യൂറോയ്ക്കു വിട്ടുകൊടുത്തതുകൊണ്ട് ഗവമ്മെൻറിനു എന്തെങ്കിലും ലാഭം ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ലാഭമുള്ളതുകൊണ്ടു വിട്ടുകൊടുത്തു എന്നാണു റിക്കാർഡുകൊണ്ടു കാണുന്നതു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: യഥാർത്ഥത്തിൽ ലാഭം ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: യഥാർത്ഥത്തിൽ ലാഭം ഉണ്ടോ ഇല്ലയോ എന്നു ഒരു വർഷത്തെ കണക്കു കൂട്ടിനോക്കിയതിനുശേഷമെ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ഒ. സി. നൈനാൻ: ഈ ടി. ബി. കളിൽ താമസിക്കുന്നവർക്ക് ആവശ്യംപോലെ മദ്യം കൊടുക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തിരുവനന്തപുരത്തെ കാര്യമാണു ചോദിക്കുന്നതെങ്കിൽ, മസ്കോട്ട് ഹോട്ടലിൽ പെർമിറ്റുള്ളവർക്കു മദ്യം കൊടുക്കുന്നതിനു വ്യവസ്ഥയുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ആലുവായിലെ ഫസ്റ്റ്ക്ലാസ്സ് ടി. ബി. ട്രാവലിംഗ് ബ്യൂറോയ്ക്കു വിട്ടുകൊടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആലുവായിൽ ആറ്റിനടുത്തുള്ള ടി. ബി. വിട്ടുകൊടുക്കുന്നതിനു ആലോചിച്ചുവരുന്നു.

**Shri P. S. Nataraja Pillai:** Sir, may I know whether a general permission has been granted to these agents to sell liquor in all the institutions run by them?

**Shri Kalathil Velayudhan Nayar:** What I understand is they are given permission to sell liquor to those who hold a license to drink.

**Shri P. S. Nataraja Pillai:** Is it a rule then that foreign travellers who possess a passport are entitled to get drinks from these agents?

**Shri Kalathil Velayudhan Nayar:** My information is such persons are not entitled to get liquor if they do not hold any license.

**Shri P. S. Nataraja Pillai:** Is it necessary then that the tourist agents should have the right of vending liquor in all the institutions run by them?

**Shri Kalathil Velayudhan Nayar:** It appears that a right has been given to the agents to sell liquor to the licensees. Now I cannot say whether that is the policy of Government.

**Shri P. S. Nataraja Pillai:** Is it not a fact that the rest houses maintained by Government have become practically useless for people who do not drink?

**Shri Kalathil Velayudhan Nayar:** I am sorry I cannot subscribe to that point of view.

**Shri P. S. Nataraja Pillai:** Is it not a fact that it has become impossible for those who cannot drink to live in such hotels?

**Shri Kalathil Velayudhan Nayar:** Government are not aware of that.

**Shri P. S. Nataraja Pillai:** Then may I know whether the hon. Minister has known of the incident that occurred at the Cape Hotel recently?

**Shri Kalathil Velayudhan Nayar:** I am not aware of the incident referred to by the hon. Member Mr. Nataraja Pillai.

ശ്രീ. ആർ. കേശവപിള്ള: ടി. ബി. യിൽ താമസിക്കാത്തവരാരാണെങ്കിലും ലൈസൻസു ലഭിച്ചിട്ടുണ്ടെങ്കിൽ അവർക്ക് കുടിക്കരുതേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുടിക്കാം.

ശ്രീ. എം. എം. അബ്ദുൽഖാദർ: ട്രാവലിംഗ് ബ്യൂറോയുടെ ഡയറക്ടർമാരിൽ ചിലർ മുൻമന്ത്രിമാരായിരുന്നുവെന്നും, അതുകൊണ്ടാണു ടി. ബി. കൾ അവർക്കു വിട്ടുകൊടുക്കാനിടയായതെന്നും അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതൊരഭിപ്രായമാണ്.

ശ്രീ. ടി. എ. മജീദ്: ഇവിടെ മദ്യവില്പന അനുവദിച്ചിട്ടുള്ളതു ഡോളർ നേടാനാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല, കുടിക്കാനാണ്.

ശ്രീ. ടി. എ. മജീദ്: ഇവിടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞ മറുപടിയിൽ, ഇവിടെ മദ്യവില്പന നടത്തുന്നതു ഡാളർ നേടാൻ വേണ്ടിയാണെന്നു പറയുകയുണ്ടായി. അതു ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എനിക്കു അതേപ്പറ്റി നിശ്ചയമില്ല.

ശ്രീ. ആർ. കേശവപിള്ള: ചിലക്ക് ആരോഗ്യസംരക്ഷണത്തിനു വേണ്ടി മദ്യം കുടിക്കുവാനുള്ള ലൈസൻസു കൊടുത്തിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുവേണ്ടിയാണു ലൈസൻസു സാധാരണയായി കൊടുക്കുന്നതു്.

ശ്രീ. കുഞ്ഞൻ നാടാർ: കേപ്‌ഹോട്ടലിൽ ലൈസൻസു കൊടുത്തിട്ടുള്ള ആളുകൾ അതു അസാന്മാർഗ്ഗികമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതായി ഗവമെന്റു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. ടി. എസ്. രാമസ്വാമിപിള്ള: ട്രാവലിംഗ് ബ്യൂറോയിലുള്ള ജോലിക്കാരുടെ നില വളരെ മോശമാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

## ഫുഡ്സബ്സിഡി

* ൮൬. (൧൦) ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സമയം മറുപടി പറയുമോ:—

ഫുഡ്സബ്സിഡി ഇനത്തിൽ കേന്ദ്രഗവമെന്റു ൧൯൫൧ ജനുവരി ൧-ാം തീയതിമുതൽ ൧൯൫൧ ഡിസംബർ ൩൧-ാം തീയതിവരെ എന്തുസംഖ്യ ഈ സംസ്ഥാനത്തേക്കു നൽകിയിട്ടുണ്ട്?

ധനകാര്യവും ഭക്ഷ്യവുംവകുപ്പും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഫുഡ് സബ്സിഡിയിനത്തിൽ ൧൯൫൧ ജനുവരി ൧-ാംനു-മുതൽ ൧൯൫൧ ഡിസംബർ വരെ ൨൮൫.൫ ലക്ഷം രൂപാ തന്നിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഈ ഗവമെന്റും കേന്ദ്രഗവമെന്റും തമ്മിലുണ്ടായിട്ടുള്ള വ്യവസ്ഥയനുസരിച്ച് ഇപ്പറഞ്ഞതുക മുഴവൻ സംഖ്യയും ആകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൧-ാമാണ്ടത്തേക്ക് ഒന്നരകോടി രൂപാ സബ്സിഡിയിനത്തിൽ തരാമെന്നാണ് ഇൻഡ്യാ ഗവമെന്റു തീരുമാനിച്ചിരുന്നതു്. എന്നാൽ ഗവമെന്റു നടത്തിയ നിവേദനത്തിന്റെ ഫലമായിട്ടു ആ തുക കുറെക്കൂടി വർദ്ധിപ്പിച്ചു.

ശ്രീ. ഒ. സി. നൈനാൻ: കേന്ദ്രഗവമെന്റു ചെയ്തിട്ടുള്ള വ്യവസ്ഥയനുസരിച്ചു മുഴവൻതുകയും തന്നിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈക്കൊല്ലത്തേക്കു തരാൻ വ്യവസ്ഥയുള്ളതു ഒന്നരക്കോടി രൂപയാണ്. ഇപ്പോൾ അതിലും കൂടുതൽ തുക തന്നുകഴിഞ്ഞു.

ശ്രീ. ഒ. സി. നൈനാൻ: കൂടുതൽ ഗ്രാൻറ് തരാമെന്നുകൂടി വ്യവസ്ഥയുണ്ടായിരുന്നില്ലേ? *

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എൻെറ ഓർമ്മയിൽനിന്നു പറയുകയാണു്; പ്രാവിൻസുകളിൽ ഒരുകാലത്തു് ഫുഡ് deficitൻെറ എഴുപത്തഞ്ചു ശതമാനം സബ്സിഡി കൊടുത്തിരുന്നു. അക്കാലത്തു നാട്ടുരാജ്യങ്ങളിൽ ഒന്നുംതന്നെ കൊടുത്തിരുന്നില്ല. പിന്നീടു നാട്ടുരാജ്യങ്ങളിലെ ഡഫിസിററിൻെറ അൻപതുശതമാനം സബ്സിഡി കൊടുത്തു. അങ്ങനെ അൻപതു ശതമാനം സബ്സിഡി കൊടുത്തിരുന്ന സന്ദർഭത്തിൽ, ആ അവസരത്തിൽ പ്രാവിൻസുകളിൽ കൊടുത്തപോലെ സ്റ്റേററുകൾക്കും സബ്സിഡി കൊടുക്കും എന്ന ഒരു ധാരണ ഉണ്ടായിരുന്നു. അതനുസരിച്ചാണു ഇപ്പോൾ കൂടുതൽതുക ഇൻഡ്യാഗവമ്മെൻറു തരുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: ഇതുസംബന്ധിച്ചു ഇൻഡ്യാഗവമ്മെൻറും ഈ ഗവമ്മെൻറുംതമ്മിൽ ഒരു എഗ്രിമെൻറുണ്ടായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരുന്നു.

ശ്രീ. ഒ. സി. നൈനാൻ: അതിൻെറ ഒരു കോപ്പി സഭമുമ്പാകെ വയ്ക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനു മുൻപൊരു സന്ദർഭത്തിൽ ഈ സഭയുടെ മേശപ്പുറത്തു അതു വച്ചിരുന്നതാണു്. ഇപ്പോൾ ആ രേഖ ലൈബ്രറിയിൽ പോയാൽ കാണാവുന്നതാണു്.

പാർക്കു്

*വ്യ ൧. (ഫ) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

എറണാകുളത്തെ ഷൺമുഖം റോഡ് നിർമ്മിച്ച കാലത്തു പൊതുജനങ്ങളിൽ നിന്നുണ്ടായ നിവേദനത്തെ തുടന്നു്, പട്ടണത്തിൻെറ വടക്കുഭാഗത്തുള്ളവക്കുവേണ്ടി കായലോരത്തു് ഒരു പാർക്കു് നിർമ്മിക്കാമെന്നു് അന്നത്തെ ഗവമ്മെൻറു ഉറപ്പു നൽകിയിരുന്നവസ്തുത ഗവമ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ഇല്ല.

ശ്രീ. എ. എൽ. ജേക്കബ്ബ്: ഹൈക്കോടതിയുടെ തെക്കുവശത്തു കെട്ടിടങ്ങൾ പണിയിക്കുന്നതു ഗവമ്മെൻറു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ സ്ഥലത്തു് ഒരു ടെംപററി ഷെഡ്ഡുണ്ടായിരുന്നു. അടുത്തകാലത്തു അതു കത്തിപ്പോയി. ഉറപ്പുള്ള ബേസ്മെൻറു ആയിരുന്നതുകൊണ്ടു് അവിടെ ഇപ്പോൾ കെട്ടിടങ്ങൾ കെട്ടിവരികയാണു്. പോലീസുകാരുടെ താമസസൗകര്യത്തിനുവേണ്ടിയാണു കെട്ടുന്നതു്.

ശ്രീ. എ. എൽ. ജേക്കബ്ബ്: കെട്ടിടംപണി നിറുത്തിവയ്ക്കണമെന്നു കാണിച്ചു് എറണാകുളത്തെ പൊതുജനങ്ങളിൽനിന്നും ഗവമ്മെൻറിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ. ഉണ്ടു്.

ശ്രീ. എ. എൽ. ജേക്കബ്ബ്: അതിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കെട്ടിടംപണി ഏതാണ്ടു പകുതിയോളം ആയതുകൊണ്ടു തൽക്കാലം മറെറാരു നടപടി എടുക്കണമെന്നു ഗവൺമെൻറു കരുതുന്നില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അവിടെ രണ്ടുസ്ഥലത്തായി രണ്ടു കെട്ടിടങ്ങളല്ലേ ഉണ്ടായിരുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെ.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഒന്നു പാർക്കായി ഉപയോഗിച്ചിരുന്നതും, മററതു കത്തിപ്പോയതുമല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എന്നു തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഷണ്മുഖംറോഡു നിർമ്മിച്ചതു എന്നാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു മറെറാരുചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ റോഡിനു് ഷണ്മുഖംറോഡു എന്നപേരുണ്ടാകാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ശ്രീ. ഷണ്മുഖംചെട്ടിയുടെ കാലത്തു ഉണ്ടാക്കിയതുകൊണ്ടായിരിക്കാം.

## കയർ ഉല്പന്നങ്ങൾക്കുള്ള നികുതി

*൮൮. (൫൩) ശ്രീ. അവിരാത്തരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വില്പന നികുതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കയർ ഉല്പന്നങ്ങൾക്കു് എത്ര പോയിൻറുകളിൽ ഗവൺമെൻറു് വില്പന നികുതി ഈടാക്കുന്നുണ്ടു്;

(ബി) കയറിൻെറ വില്പനനികുതി സംബന്ധിച്ചു എന്തെങ്കിലും പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കയർ, കയററുപായു്, തടുക്കു് മുതലായ കയർ ഉല്പന്നങ്ങൾക്കു ഒരു പോയിൻറിൽ മാത്രമേ വില്പനനികുതി ഈടാക്കുന്നുള്ളു.

(ബി) ഉണ്ടു്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: സാധാരണയായി ചില്ലറ വില്പന നടത്തുന്നവർക്കു്—

**Mr. Speaker**: I have been bringing to the notice of the hon. Members that when a question is answered by the Minister, the hon. Member who put the original question is entitled to ask supplementary question and he has a preferential right to do so.

ശ്രീ. അവിരാതരകൻ: വില്പന നികുതിയെ സംബന്ധിച്ചു ആലപ്പുഴ ചേംബർ ആഫ് കാമേഴ്സിൽനിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിവേദനം കിട്ടിയിട്ടുണ്ടു്, ആരുടെ പക്കൽനിന്നാണെന്നു ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. അവിരാതരകൻ: ആ നിവേദനത്തെ സംബന്ധിച്ചു ഗവമ്മെൻറു് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ആലോചിച്ചു വരികയാണു്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: വെള്ളിക്കോലിൽ കയർ എടുത്തു വില്പനനടത്തുന്നവരുടെ പക്കൽനിന്നും, വില്പനനികുതി ഈടാക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആനുവൽ ഔട്ട് ടേൺ കൂടിയാൽ മാത്രമേ വില്പനനികുതി ഈടാക്കുകയുള്ളു.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഒരു പോയിൻറിൽ മാത്രമെ വില്പനനികുതി ഈടാക്കുന്നുള്ളു എന്നു ബഹു. മന്ത്രി പറയുകയുണ്ടായി. എന്നാൽ കരുനാഗപ്പള്ളി താലൂക്കിൽ വെള്ളിക്കോൽ വ്യാപാരികളിൽനിന്നും വില്പന നികുതി ഈടാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരാണ്ടിൽ പതിനായിരം രൂപയിൽ കൂടുതൽ ടേൺ ഓവറുള്ള വ്യാപാരികളിൽനിന്നും വില്പന നികുതി ഈടാക്കാം. ഈ വെള്ളിക്കോൽ വ്യാപാരികൾക്കു അത്രയും ടേൺ ഓവർ ഉണ്ടെങ്കിൽ അവരിൽനിന്നും വില്പനനികുതി ഈടാക്കുന്നതു നിയമവിരുദ്ധമല്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: വില്പന നികുതി ഈടാക്കുന്നതിനെ സംബന്ധിച്ചു കേന്ദ്രഗവമ്മെൻറിൽനിന്നും വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

## കോഴഞ്ചേരി—മണ്ണാക്കളഞ്ഞി റോഡ്

*വ്യൻ. (൧൪) ശ്രീ. പരീതു റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കോഴഞ്ചേരി-മണ്ണാക്കളഞ്ഞി റോഡു് ഗവമ്മെൻറു ഏറെറടുത്തിട്ടു് എത്ര വർഷങ്ങളായി;

(ബി) പ്രസ്തുത റോഡിൻെറ സ്ഥിതി ശോച്യാവസ്ഥയിലാണെന്നുള്ളതു് ശരിയാണോ;

(സി) തൽപരിഹാരാർത്ഥം വല്ല നടപടിയും ഗവമ്മെൻറു് കൈക്കൊണ്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) കോഴഞ്ചേരി-മണ്ണാക്കളഞ്ഞിറോഡു് ഗവമ്മെൻറു് ഏറെറടുത്തിട്ടു ഇപ്പോൾ ൧൨ വർഷകാലമായി.

(ബി) ഈ റോഡിൻെറ കുറച്ചുഭാഗം ശോച്യാവസ്ഥയിലാണു് കിടക്കുന്നതു്.

(സി) നടപടിയെടുത്തിട്ടുണ്ടു്.

ശ്രീ. പരീതു റാവുത്തർ: ശോച്യാവസ്ഥയിൽ കിടക്കുന്ന ഭാഗങ്ങൾ ഉടൻതന്നെ നന്നാക്കുന്ന കാര്യത്തിൽ ഗവമ്മെൻറിൻെറ ശ്രദ്ധപതിയുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രദ്ധിക്കാം.

ശ്രീ. വാസുദേവൻപിള്ള: ആ റോഡിൽ ഒരു പാലം പണി നടത്തുവാൻ വല്ല ആലോചനയുമുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

## ഉല്പന്നങ്ങളുടെ വിലയിടിവ്

*൩൦. (൧൫) ശ്രീ. ഒ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കയററുമതി ഇറക്കുമതി വകുപ്പു മന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ഈ രാജ്യത്ത് നാളികേരം, കൊപ്ര, ഇവയുടെ വില വളരെ കുറഞ്ഞിട്ടുണ്ട് എന്ന വിവരം ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(ബി) അതിനുള്ള കാരണം എന്താണെന്നു ഗവമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ;

(സി) അതിൻെറ പരിഹാരാത്ഥം ഗവമ്മെൻറിൽനിന്ന് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത്;

(ഇ) അതിൻെറ ഫലമെന്തായി ?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) നാളികേരത്തിൻേറയും, കൊപ്രായുടേയും വില ഇപ്പോൾ കുറെ കുറഞ്ഞിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

(ബി) അതിനുള്ള കാരണവും അന്വേഷിച്ചിട്ടുണ്ട്.

(സി) പരിഹാരാത്ഥം ഗവമ്മെൻറിൽനിന്നും നടപടി നടത്തിയിട്ടുണ്ട്.

(ഡി) കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതി ചുങ്കം കുറച്ചുതരണമെന്നുള്ള ഒരു നിവേദനം സമപ്പിച്ചിട്ടുണ്ട്.

(ഇ) എന്നാൽ മറുപടി ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. ഒ. സി. നൈനാൻ: കപ്പയുടെ ഇറക്കുമതിയെ സംബന്ധിടത്തോളം വല്ല വ്യവസ്ഥയും, അല്ലെങ്കിൽ നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

**Mr. Speaker**: The question refers to the fall in price of cocoanut and copra, not tapioca.

ശ്രീ. കെ. ജെ. തോമസ്: ഈ രാജ്യത്തെ ഇടത്തരക്കാരുടെ ഒരു പ്രധാന ആദായമാഗ്ഗം നാളികേരകൃഷിയും അവയുടെ ഉല്പന്നങ്ങളും ആണെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ആദായകരമായ ഒരു കൃഷിയാണ്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: നാളികേരത്തിൻെറ മാക്കററ് റേററ കൂടക്കൂടെ വ്യത്യാസപ്പെടുന്നു. അങ്ങനെയുണ്ടാകാതിരിക്കാൻ വല്ല നിശ്ചയവും ഗവമ്മെൻറിനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളികേരത്തിനു ഒരു സ്ഥിരമായ റേററ് ഇതുവരെ നിശ്ചയിച്ചിട്ടില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: നാളികേരത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവിനെപററി കേന്ദ്രഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തെപററി അറിയിക്കാനുള്ളതു് എന്തെല്ലാമാണോ അവയൊക്കെ അറിയിച്ചിട്ടുണ്ടു്.

വില്ലേജു കോർട്ടു്

*൩൭. (൧൩) ശ്രീ. ക. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട നിയമവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) ട്രാവൻകൂർ-കൊച്ചിൻ സ്റ്റേററിൽ എത്ര വില്ലേജുകോർട്ടു് ഉണ്ടു്;

(ബി) അവയ്ക്കു എല്ലാംകൂടി ൧൯൫൧-ൽ എന്തു ചിലവു വന്നിട്ടുണ്ടു്;

(സി) വില്ലേജുകോർട്ടിൽ ഒരു സിവിൾകേസിൻെറ ശരാശരി കാലതാമസം എത്രനാൾ;

(ഡി) മുൻസിഫ്കോർട്ടിൽ അപ്രകാരമുള്ള Small cause caseൻെറ കാലതാമസം എത്രനാൾ;

(ഈ) ജഡ്ജിമാർക്കു് പ്രതിഫലം വച്ചതിനുശേഷവും അതിനുമുമ്പും ശരാശരി ഹാജർ എങ്ങനെയാണെന്നു പറയുമോ;

(എഫ്) ഈ കോടതികളിലെ ജഡ്ജിമാരുടെ നിയമന കാര്യത്തിൽ എന്തെങ്കിലും യോഗ്യത ഗവമ്മെൻറ പരിഗണിക്കുന്നുണ്ടോ;

(ജി) പട്ടണങ്ങളിൽ ഈ കോടതികളുടെ ആവശ്യം ഉണ്ടെന്നു ഗവമ്മെൻറു് വിചാരിക്കുന്നുവോ;

(എച്ചു്) ചേർത്തല, ചെങ്കോട്ട മുതലായ സ്ഥലങ്ങളിലെ വില്ലേജുകോർട്ടുകൾ നിർത്തിയതിനുള്ള കാരണം എന്താണു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): (എ) തിരുവിതാംകൂർ വിഭാഗത്തിൽ ൧൩ വില്ലേജു പഞ്ചായത്തുകളും കൊച്ചിയിൽ ൪൭ വില്ലേജുകോടതികളും ഉണ്ടു്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വില്ലേജുപഞ്ചായത്തുകൾക്കു് ൧൯൫൦—൫൧-ൽ ഒരു സിവിൾകേസിൻെറ ശരാശരി കാലതാമസം നാലുമാസം ൨൭ ദിവസമാണു്.

(ഡി) മുൻസിഫ് കോടതിയിൽ ൧൯൫൧-ൽ സ്മാൾ കാസിനു് ശരാശരി കാലതാമസം മൂന്നുമാസം പതിനാറു ദിവസമാണു്.

(ഈ) ജഡ്ജിമാർക്കു പ്രതിഫലം വച്ചതിനുശേഷവും ഹാജരിൻെറ ശതമാനം മുമ്പുണ്ടായിരുന്നതിൽനിന്നും കൂടുതലാണു്.

(എഫ്) പഞ്ചായത്തുകോടതികളിലെ ജഡ്ജിമാരുടെ നിയമനകാര്യത്തെ സംബന്ധിച്ചിടത്തോളവും പ്രത്യേക പരീക്ഷായോഗ്യതകളൊന്നും വച്ചിട്ടില്ല.

(ജി) ഉണ്ടു്.

(എച്ചു്) ചെങ്കോട്ട, ചേർത്തല, ഹരിപ്പാട്ടു് ഇവിടങ്ങളിൽ ഉണ്ടായിരുന്ന വില്ലേജു പഞ്ചായത്തുകോടതികളിൽ കേസുകൾ കുറവായതുകൊണ്ടു് വ്യയന്യൂനീകരണാർത്ഥം ആ കോടതികൾ നിറുത്തലാക്കി. കൊച്ചിയിലും

ണ്ണെങ്കിൽ ജഡ്ജിമാരെ സംബന്ധിച്ചിടത്തോളമുള്ള നിയമപ്രകാരം അയോഗ്യത ഇല്ലാത്തവരായിരിക്കണമെന്ന് മാത്രമേ റൂൾസ് അനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളു.

ശ്രീ. ഒ. സി. നൈനാൻ: ജഡ്ജിമാർക്ക് പ്രതിഫലം വച്ചതിനുശേഷം അവരുടെ ഹാജരിൻെറ ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നുപറഞ്ഞു. അത് എത്രയാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗണ്യമായ തരത്തിൽ വർദ്ധിച്ചിട്ടുണ്ട്.

കടലാക്രമണം

*൯൨. (൧൭) ശ്രീ. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

ചെല്ലാനം പള്ളിത്തോട്ട് മുതലായ തീരപ്രദേശങ്ങളിലെ കടലാക്രമണങ്ങളെ തടയുന്നതിന് എന്തെങ്കിലും നടപടി ഗവമ്മെൻറിൽനിന്നും സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി: (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഉണ്ട്.

പഴയ ഗ്രോയിൻസുകൾ റിപ്പയർചെയ്തും പുതിയവ കെട്ടിയും കടലാക്രമണം തടയുന്നതിന് ശ്രമിക്കുന്നുണ്ട്.

ശ്രീ. അവിരാത്തരകൻ: കടലാക്രമണം മൂലം ഞാറയ്ക്കൽ എന്ന സ്ഥലത്ത് കരെ അധികം മണ്ണ് അടിഞ്ഞുകയറി ഒരു പുതിയ സ്ഥലം ഉണ്ടാക്കിയിരിക്കുന്നുവെന്നുള്ള വസ്തുത അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എനിക്ക് അറിഞ്ഞുകൂടാ.

നെല്ലെടുപ്പും വിതരണവും

*൯൩. (൧൮) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ഓരോ പകുതികളിൽ നിന്നും എടുക്കുന്ന നെല്ല് അതാതു പകുതികളിൽതന്നെ റേഷൻവിതരണത്തിന് വിനിയോഗിക്കാതെ അന്യതാലൂക്കുകളിലേക്ക അയച്ച ശേഷം ആ പകുതിയിലെ ആവശ്യത്തിന് മററു ദൂരസ്ഥലങ്ങളിൽനിന്നും നെല്ല കൊടുത്തുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങിനെ ചെയ്യുന്നതുകൊണ്ടു അതിൻെറ ട്രാൻസ്പോർട്ട് ചിലവിനായി ഒരു ഭീമമായ തുക വരുന്നുണ്ടെന്നും ആയതു അവസാനം പാവപ്പെട്ടവനാണ് സഹിക്കേണ്ടിവരുന്നതെന്നും ഉള്ള വിവരം ശരിയാണോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ: പനമ്പിള്ളി ഗോവിന്ദമേനോൻ) (എ) ഇല്ല. ഓരോ താലൂക്കുകളിൽനിന്നും എടുക്കുന്ന നെല്ല് ആ താലൂക്കിൽതന്നെ വിതരണം ചെയ്യുകയാണ് സാധാരണ പതിവ്. എന്നാൽ ആവശ്യത്തിലധികം വരുന്നുവെങ്കിൽ മാത്രമേ മറെറാരു താലൂക്കിലേക്ക് കൊണ്ടുപോകുകയുള്ളു.

(ബി) എ യുടെ ഉത്തരം മൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

ஸ்ரீ. ஏ. சிதம்பரநாத் நாடார்: தோவாளை அகஸ்தீஸ்வரம் தாலுகாக்களுக்கு வெளியிலிருந்து நெல்லோ அரிசியோ விநியோகம் செய்ததுண்டா

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മെമ്പർ പറയുന്നതു് ഏതു കാലത്തു നടന്ന കാര്യമാണെന്നു പറയാമോ:

ஸ்ரீ. ஏ. சிதம்பரநாத நாடார்: கழிந்த காலங்களில்

ശ്രീ: പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞ അഞ്ചെട്ടു കൊല്ലങ്ങളെ സ്പർശിക്കുന്ന ഒരു വിഷയത്തെപ്പററി മറുപടി പറയുക പെട്ടെന്നു സാദ്ധ്യമല്ല.

## പോലീസ് സെൻസർഷിപ്പ്

*൯൪. (൧൯) ശ്രീ. കമ്പിശ്ശേരി കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പോലീസ്‌വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു അഭിനയിക്കണമെങ്കിൽ നാടകങ്ങളും അത്തരം കലാസൃഷ്ടികളും പോലീസിന്റെ സെൻസർഷിപ്പിനു മേൽ മാത്രമേ ആകൂ എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു ചുമതലയുള്ള ഉദ്യോഗസ്ഥന്ന കലാപരമായ വല്ല പ്രത്യേക യോഗ്യതകളും ഉണ്ടായിരിക്കണമെന്നു നിഷ്കർഷിക്കാറുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്): (എ) ഇല്ല. എന്നാൽ സംസ്ഥാനത്തിലെ തിരുവിതാംകൂർ വിഭാഗത്തിൽ നാടകം മുതലായ കലാസൃഷ്ടികൾ അഭിനയിക്കണമെന്നുണ്ടെങ്കിൽ അതാതു ഡിസ്ട്രിക്ടിലെ മജിസ്ട്രേട്ടന്മാർ അവയെ പരിശോധിച്ചു് അനുമതി കൊടുക്കണമെന്നു് വ്യവസ്ഥയുണ്ടു്.

(ബി) അതിനു വേണ്ടി ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു ഉണ്ടായിരിക്കേണ്ട യോഗ്യതയിൽ കൂടുതലായി പ്രത്യേകയോഗ്യതയൊന്നും നിശ്ചയിച്ചിട്ടില്ല.

ശ്രീ: വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: സംസ്ഥാനത്തു് ഈ അടുത്ത കാലത്തു് അഭിനയിക്കുന്ന നാടകങ്ങളിൽ അധികവും കലാപരമായിട്ടുള്ളതല്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: അതേപ്പററി സൂക്ഷ്മമായി പരിശോധിക്കാറില്ല. സാധാരണയായി ഈ കാര്യങ്ങളിൽ ആവശ്യമുള്ള വിവരങ്ങൾ ഗ്രഹിച്ചു് അനുമതി കൊടുക്കുന്ന പതിവാണുള്ളതു്. അതിൽ കൂടുതലൊന്നും ചെയ്യാറില്ല, ആവശ്യമുണ്ടെന്നു തോന്നുന്നുമില്ല.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: ഈവക നാടകങ്ങളിൽ പലതും കൊള്ള, കൊല ഇവയ്ക്കു വേണ്ടി പ്രോത്സാഹനം നൽകുന്നവയാണെന്നറിയാമോ?

ശ്രീ. ടി. എം. വറുഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് ഈ നാടകങ്ങൾ അയച്ചുകൊടുക്കുന്നതു് കലാപരമായ അഭിപ്രായം അറിയാൻ വേണ്ടിമാത്രമാണോ?

ശ്രീ. ടി. എം. വറുഗീസ്: കലാപരമായ അഭിപ്രായം അറിയുന്നതിനും അതിനുശേഷം അനുമതി നൽകുന്നതിനും.

ശ്രീ. രവീന്ദ്രൻ: ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അനുവാദം നൽകുന്നതും പരിശോധിക്കുന്നതും ഡി. എസ്സ്. പി. മുഖേന അല്ലയോ?

ശ്രീ. ടി. എം. വറുഗീസ്: അതുസംബന്ധമായി അന്വേഷണവും പരിശോധനയും നടത്തുന്നതിനുള്ള അധികാരവും ചുമതലയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനാണ്.

## സോവിയററ ഫിലിം ഡെലിഗേഷൻ

*൱൩. (൨൦) ശ്രീ. കെ കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുഭരണ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

സോവിയററ ഫിലിം ഡെലിഗേഷൻ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു വന്നുചേർന്നതെന്നാണ്; അവർക്ക് ഇവിടെ വന്നതിനുശേഷമുള്ള സർക്കാർ സഹായസഹകരണങ്ങൾ എന്തെല്ലാമായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): സോവിയററ് ഫിലിം ഡെലിഗേഷൻ തിരുവനന്തപുരത്ത് വന്നതു ൧൰൯ ഫെബ്രുവരി ൬-ാംതീയതിയാണ്. വന്ന ഉടൻതന്നെ അവരെ സംസ്ഥാന അതിഥികളായി സ്വീകരിച്ചു.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: അവരെ സംബന്ധിച്ചു വല്ല ഇരുമ്പുമറയും ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

## ചൈനയിൽനിന്നും തിരുവിതാംകൂർ-കൊച്ചിയിൽ വന്നിട്ടുള്ള ആളുകൾ

*൱൬. (൨൧) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുഭരണവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

ചൈനയിൽനിന്നും ആരെങ്കിലും തിരുവിതാംകൂർ-കൊച്ചിയിൽ ൧൰൯-ൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും, അവരുടെ യാത്രോദ്ദേശം എന്തായിരുന്നെന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ചൈനീസ് കൾച്ചറൽ മിഷൻ വന്നിട്ടുണ്ടായിരുന്നു. ഈ സ്റ്റേററ് സന്ദർശിക്കുന്നതിനാണ് അവർ വന്നിരുന്നത്.

ശ്രീ. കെ. കുട്ടപ്പൻ: എന്തു ഉദ്ദേശത്തോടുകൂടിയാണ് അവർ വന്നതെന്നു ഗവർമ്മെൻറ് ആരായുകയുണ്ടായോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടായി. ചുററിസഞ്ചരിച്ചു കാണാൻ മാത്രമാണ് അവർ വന്നിട്ടുള്ളത്.

ഫുഡ്പ്രൊഡക്ഷൻ കമ്മിററി

*൯൧. (൧൧) ശ്രീ. കെ. കട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

൧൯൫൧–൫൨ വർഷത്തിൽ കൊല്ലം ഡിസ്ത്രിക്ടിലെ ഫുഡ് പ്രൊഡക്ഷൻ കമ്മിററി എത്ര പ്രാവശ്യം കൂടിയെന്നും, അവ ഏതെല്ലാം തീയതികളിലാണെന്നും, കമ്മിററിയുടെ തീരുമാനങ്ങൾ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്നും പറയുമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പ്രസ്തുത വർഷത്തിൽ കമ്മിററി ഒരു പ്രാവശ്യം കൂടുകയുണ്ടായി. അതു് ൧൯൫൧ മേയ്മാസം ൩൦-ാം തീയതിയായിരുന്നു. ആ കമ്മിററിയുടെ തീരുമാനമനുസരിച്ചു രണ്ടു ജലസേചന പദ്ധതികളുടെ ജോലി പൂർത്തിയാക്കുകയും മണിമലനദിയിൽ ഇറിഗേഷൻ ആവശ്യത്തിലേക്കു് രണ്ടു പമ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്. കമ്മിററി ശുപാർശ ചെയ്തിട്ടുള്ള മററു ജോലികൾ ഫുഡ്പ്രൊഡക്ഷൻ ബോർഡിൻെറയും പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൻെറയും പരിഗണനയിലിരിക്കുകയാണു്.

ശുദ്ധജലക്ഷാമം.

*൯൨. (൧൩) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കരുനാഗപ്പള്ളി താലൂക്കിൻെറ കടൽത്തീരപ്രദേശങ്ങളിലെ ജനങ്ങൾ ശുദ്ധജലം ലഭിക്കാതെ ദുരിതം അനുഭവിച്ചുവരുന്നതായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു പരിഹാരമാണു് ഗവമ്മെൻറു് സ്വീകരിക്കാനുദ്ദേശിക്കുന്നതു്;

(സി) ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽനിന്നു കുഴലുകൾവഴി വെള്ളം കടലോരപ്രദേശത്തു എത്തിച്ചുകൊടുക്കുവാനുള്ള വല്ല പദ്ധതിയും ഗവമ്മെൻറിൻെറ ആസൂത്രണത്തിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി
(ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) അഴീക്കൽ, പൊന്മന, പാണ്ടിത്തുരുത്തി എന്നീ പ്രദേശങ്ങളിൽ ഓരോ കുഴൽ കിണറുകൾ കുഴിക്കുവാൻ ഗവമ്മെൻറു് തീരുമാനിച്ചിട്ടുണ്ടു്.

(സി) ഇല്ല.

## Written answers

നെല്ലെടുപ്പു പദ്ധതി

*൯൯. (൧൫) ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇവിടത്തെ നെല്ലെടുപ്പു പദ്ധതി ഉപേക്ഷിക്കാൻ കേന്ദ്രഗവ ൺമെൻറിൻെറ അനുവാദം ലഭിക്കുന്നതിനുവേണ്ടി ഗവമെൻറ് ശ്രമിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ ഫലം എന്തായി?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## ചെങ്കൊടി മാററിയതിന്മേൽ പരാതി

*൧൦൦. (൨൩) ശ്രീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഭ്യന്തരകാര്യ മന്ത്രി സദയം മറുപടി പറയുമോ:—

(എ) ഇക്കഴിഞ്ഞ ഫെബ്രുവരി ൭—ാനു കാഞ്ഞിരപ്പിള്ളി (കൊച്ചി) കോവിലകത്തിനു മുൻവശം ശ്രീ. സി. അച്ചുതമേനോനെ സ്വീകരിക്കാൻവേണ്ടി പൊതുയോഗം കൂടാൻ ഉദ്ദേശിച്ചുകൊണ്ടു റോഡരികിലുള്ള ഒരു വൃക്ഷത്തിന്മേൽ നാട്ടിയിരുന്ന ചെങ്കൊടി ഡിവിഷൻ ഇൻസ്പെക്ടർ മി. കുററാലിംഗംപിള്ള എടുത്തു മാററുകയുണ്ടായോ;

(ബി) മാററിയെങ്കിൽ എന്തധികാരത്തിന്മേൽ, അഥവാ എന്തു ന്യായത്തിന്മേൽ ആണ് അദ്ദേഹം ഇപ്രകാരം ചെയ്തതു;

(സി) ഇതിനെസംബന്ധിച്ച ശ്രീ. അച്ചുതമേനോനിൽ നിന്നും എന്തെങ്കിലും നിവേദനം ഐ. ജി. ക്കു ലഭിക്കുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(ഇ) നടപടി നടത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ടു?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) വൃക്ഷത്തിന്മേൽ തൂക്കിയിട്ടിരുന്ന ഒരു ചുമപ്പു നിറത്തിലുള്ള തുണി സ്വക്കിൾ ഇൻസ്പെക്ടർ മാററുകയുണ്ടായി.

(ബി) വഴിയിൽ ഒരു അപായചിഹ്നമായി കണക്കാക്കപ്പെടാവുന്ന ടി ചുമപ്പുതുണി ഗതാഗതത്തിനു ഒരു തടസ്ഥമായേക്കാവുന്നതുകൊണ്ടു.

(സി) ഉണ്ടായി.

(ഡി) വേണ്ട അന്വേഷണം നടത്തി.

(ഇ) ഉദിക്കുന്നില്ല.

## PRINCIPAL OF THE MEDICAL COLLEGE

***101.** [27] **Shri J. T. Morais:** Will the Minister for Medicine be pleased to state.—

whether Government have invited applications from qualified candidates for the post of the Principal of the Medical College?

*Minirter for Medicine* **(Shri V. Madhavan):** No.

## നഗരസഭാതെരഞ്ഞെടുപ്പ്

*൧൦൨. (൧൩) ശ്രീ. എം. ഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ (വില്ലേജുയൂണിയൻ) അടുത്ത തിരഞ്ഞെടുപ്പ് എപ്പോൾ നടത്തും;

(ബി) അതിനുള്ള ഇലക്ടറൽ റോൾസ് തയ്യാറായിട്ടുണ്ടോ; നിയോജകമണ്ഡല വിഭജനം നടന്നിട്ടുണ്ടോ;

(സി) തെരഞ്ഞെടുപ്പ് പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽതന്നെ നടത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൧൨൮ സെപ്റ്റംബർ—ഒക്ടോബറിൽ നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) ജോലി നടന്നുകൊണ്ടിരിക്കുകയാണ്.

(സി) നടത്തും.

## PROSECUTION OF THE PROPRIETOR, PIONRER WORKS

*103. [17] **Shri T. S. Ramaswami Pillai:** Will the Minister for Labour be pleased to state.—

(*a*) whether prosecution against the Proprietor of the Pioneer Works Ltd., Nagercoil, was launched under Section 33 of the Industrial Disputes Act; and

(*b*) whether the Government have taken any steps for the speedy disposal of the case?

*Minister for Finance & Civil Supplies* **(Shri Panampilli Govinda Menon):** (*a*) Sanction has been accorded for the prosecution of the employer Shri S. Kumaraswami, Managing Director of the Pioneer Works Ltd., Nagercoil, under Section 31 of the Industrial Disputes Act 1947. A case is now pending before the First Class Magistrate's Court, Kottar.

(*b*) It will not be proper for Government to interfere in the disposal of a case pending before a Court of Justice.

## കൊല്ലം—എറണാകുളം റെയിൽവേ

*൧൦൪. (൩൦) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

കൊല്ലം—എറണാകുളം റെയിൽവെ പണി ത്വരിതപ്പെടുത്തുവാൻ ഗവണ്മെണ്ട് എന്തെല്ലാം ചെയ്തിട്ടുണ്ട്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി:
(ശ്രീ. കളത്തിൽ വേലായുധൻ നായർ)
കൊല്ലം എറണാകുളം റെയിൽവെ സംബന്ധിച്ച് ഈ ഗവണ്മെന്റിൽ നിന്നും നടത്തിയ നിവേദനങ്ങളുടെ ഫലമായി കേന്ദ്രഗവണ്മെന്റിൽ നിന്നും ഒരു സർവ്വെ നടത്തി റിപ്പോർട്ടും എസ്റ്റിമേററും തയാറാക്കിച്ചിട്ടുണ്ട്. ജോലി അടുത്ത വർഷത്തിൽ ആരംഭിക്കണമെന്ന് ഈ ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### എൻ. ജി. ഒാ. മാരുടെ മെമ്മോറാണ്ടം

*൧൦൫. (൬൧) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) എൻ. ജി. ഒാസിന്റെ അവശതാപരിഹരണാർത്ഥം അവർ ഗവൺമെന്റിലേക്കു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) എൻ. ജി. ഒാസിന്റെ വിവിധ സംഘടനകളിൽനിന്നും അവരുടെ അവശതാപരിഹരണാർത്ഥം പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്.

(ബി) ഏതു സംഘടനയിൽനിന്നെന്നോ, ഏതു അവശതാപരിഹരണാർത്ഥം സമർപ്പിച്ചിട്ടുള്ള നിവേദനമാണെന്നോ സൂക്ഷ്മമായി അറിയാതെ ഇതിനു ഉത്തരം നല്കുവാൻ സാദ്ധ്യമല്ല.

### THROWN-OUT TEACHERS

***106.** [65] **Shri Krishnan Nayar:** Will the Minister for Education be pleased to state.—

(*a*) whether the Government have received any representation from 'thrown-out' teachers now in service;

(*b*) if so, what action they have taken in the matter?

*Chief Minister* **(Shri A. J. John):**

(*a*) Government have received several representations from teachers who were thrown-out and who were subsequently absorbed in service.

(*b*) Appropriate action has been taken in each case.

### SALARY OF TEACHERS

***107.** [67] **Shri Krishnan Nayar:** Will the Minister for Education be pleased to state whether it is a fact that teachers in departmental primary and middle schools in the Travancore area now receive a salary much lower than what the teachers in respective schools in Cochin area receive?

*Chief Minister* **(Shri A J. John):** Yes.

### പ്ലാനിംഗ് കമ്മീഷൻ

*൧൦൮. (൭൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) അമേരിക്കയുടെ സഹായത്തോടുകൂടി ഇൻഡ്യയിലെ പ്ലാനിംഗ് കമ്മീഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പ്രവർത്തനം തിരു-കൊച്ചിക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു എന്തു വ്യവസ്ഥകളിന്മേലാണെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) വ്യവസ്ഥകളെപ്പറ്റിയുള്ള തീരുമാനം കഴിഞ്ഞിട്ടില്ല.

## ഗവൺമെന്റിലേക്ക് അയക്കുന്ന അപേക്ഷകൾ

*൧൦൯. (൧൮) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവൺമെന്റ് ആഫീസുകളിലേക്ക് പൊതുജനങ്ങളയക്കുന്ന അപേക്ഷകൾ, ഹർജികൾ, മുതലായ എഴുത്തുകുത്തുകൾക്ക് മറുപടികൾ അയക്കുന്നതിന് വളരെ താമസം നേരിടുന്നുണ്ടെന്ന് ഗവൺമെന്റിന് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു് നീക്കംചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ. ബി. സി.) ഗവൺമെന്റ് ആഫീസുകളിൽ കിട്ടുന്ന ഹർജികൾ, അപേക്ഷകൾ മുതലായവക്ക് എല്ലായ്പോഴും പെട്ടെന്ന് മറുപടി കൊടുപ്പാൻ സാധിച്ചുവെന്ന് വരികയില്ല. പക്ഷെ ഹർജികളും മററും കിട്ടിയതായും, അന്വേഷണങ്ങൾ നടത്തുന്നതായുമുള്ള വിവരത്തിന് ഉടൻതന്നെ മറുപടി കൊടുക്കാറുണ്ട്. കൂടുതൽ അന്വേഷണങ്ങൾ ആവശ്യമായിവരുന്ന അവസരങ്ങളിൽ മറുപടിക്ക് കുറച്ചൊക്കെതാമസം അനിവാര്യമാണ്. കാരണമൊന്നുംകൂടാതെ യാതൊരു കടലാസും താമസിപ്പിക്കരുതെന്നും മററും കാണിച്ച് ഗവൺമെന്റിൽനിന്നും വകുപ്പുമേധാവികൾക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഏതെങ്കിലും കടലാസ് തക്കതായ കാരണം കൂടാതെയോ, മനഃപൂർവ്വമായോ താമസിപ്പിക്കുന്നതായി ഗവൺമെന്റ ശ്രദ്ധയിൽ പെടുത്തിയാൽ തക്കതായ നടപടി എടുക്കുന്നതാണ്.

## തോടിന്റെ പണി

*൧൧൦. (൧൯) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) ചാലക്കുടി നദീജലപദ്ധതിയിലെ വലത്തുഭാഗത്തെ മെയിൻ തോടിന്റെ പണി എത്രകണ്ടായി;

(ബി) ഇതിന്റെ രണ്ടാംഘട്ടത്തിന്റെ സർവ്വേ നടന്നിട്ടുണ്ടോ;

(സി) ഒന്നാംഘട്ടത്തിന്റെ സർവ്വേ കഴിഞ്ഞിട്ട് എത്രകാലമായി;

(ഡി) ഈ തോടിന്റെ പണിയിൽ ഈയിടെയായി വളരെ താമസം നേരിട്ടിരിക്കുന്നതു് ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. കളത്തിൽവേലായുധൻനായർ):

(എ) മിക്കവാറും പൂർത്തിയായി. ചില സ്ഥലങ്ങളിൽ തരിക്കല്ല് എന്നൊരുതരം കടുത്തപാറകൾകൂടി മാറേറണ്ടതുണ്ട്. ഈ ജോലിയും ആരംഭിച്ചുകഴിഞ്ഞു.

(ബി) ഇല്ല.

(സി) ഇടത്തുഭാഗത്തെ മെയിൻതോടൊഴികെ മററു വിഭാഗങ്ങളുടെ പ്രാരംഭസർവ്വേ കഴിഞ്ഞിട്ട് ഒൻപതു കൊല്ലങ്ങളോളമായി. ഇടത്തേക്കര

ത്തോട്ട നിർമ്മാണം സംബന്ധിച്ച പരിശോധനകൾ ആരംഭിച്ചത് തിരുവിതാംകൂർ-കൊച്ചിരാജ്യങ്ങളുടെ സംയോജനത്തിനുശേഷമാണ്. എല്ലാവിഭാഗങ്ങളുടേയും വിശദമായ സർവ്വേകഴിഞ്ഞിട്ടില്ല. വിശദമായ സർവ്വേ നടത്തി ജോലികൾ ഒന്നൊന്നായി എടുത്തു വരികയാണ്.

(ഡി) ഇല്ല.

## വെയിററിംഗ് ഷെഡ്ഡുകൾ

*൫൫൬. (൧) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തും ഗതാഗതവുംവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ സിററി ബസ്സ്സ്റ്റാൻഡുകളിൽ എത്ര വെയിററിംഗ് ഷെഡ്ഡുകൾ പണിയുന്നതിന് ഇതുവരെയായി കോൺട്രാക്ട് കൊടുത്തിട്ടുണ്ട്? അവയിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തിയായികഴിഞ്ഞിട്ടുണ്ട്; ഒരു ഷെഡ്ഡിന്റെ പണിക്കുള്ള ശരാശരി ചിലവെന്ത്;

(ബി) ഇവ കോൺക്രീററിൽ നിർമ്മിക്കുന്നതിൽ വല്ല പ്രത്യേക പ്രയോജനവും പ്രതീക്ഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(സി) പകൽ സമയത്തു വെയിൽ നിമിത്തവും വർഷകാലത്തു് മഴവെള്ളം അടിച്ച് കയറുന്നതുമൂലവും ഇരിക്കാൻ ബഞ്ചോ, മററു ഉപകരണങ്ങളോ ഇല്ലാത്തതുമൂലവും, ഈ ഷെഡ്ഡുകൾ യാത്രക്കാർക്ക് പ്രയോജനകരമല്ലെന്നുള്ള പരാതികൾ ഗവമ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ ഷെഡ്ഡുകൾ പണിയുന്നതിനുള്ള കോൺട്രാക്ട് ആർക്കാണ് കൊടുത്തിരിക്കുന്നതു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇരുപതു് (൨൦) വെയിററിംഗ് ഷെഡ്ഡുകൾ പണിയുന്നതിനു് കാൺട്രാക്ട് കൊടുത്തിട്ടുണ്ട്. നാലെണ്ണത്തിന്റെ പണി പൂർത്തിയായി. ഒന്നിന്റെ ശരാശരി ചിലവ് നാനൂറ രൂപായാണ്.

(ബി) ഉണ്ട്. കോൺക്രീററ് ഷെൽട്ടറുകൾക്ക് സാധാരണയുണ്ടായിരിക്കാവുന്ന ഗുണങ്ങൾ ഇതിനും ഉണ്ട്.

(സി) ഇല്ല.

(ഡി) കാൺട്രാക്ട് കൊടുത്തിരിക്കുന്നതു് ഒരു ശ്രീ. രാമചന്ദ്രമേനോനാണ്.

## നെല്ലെടുപ്പു പദ്ധതി

*൫൫൭. (൧൩) ശ്രീ. പി. സദാശിവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി ഗവമ്മെൻറിന്റെ നെല്ലെടുപ്പു പദ്ധതിയിൽ എന്തെങ്കിലും മാററം വരുത്തുവാൻ ആലോചനയുണ്ടോ;

(ബി) മാററംവരുത്തണമെന്നു് കേന്ദ്രഗവമ്മെൻറിന്റെ എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) ഇപ്പോഴത്തെ പദ്ധതിമൂലം ൧൧൨൭-ൽ ആകെ എത്ര നെല്ല് സംഭരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്തിനു വെളിയിൽനിന്നും ൧൯൫൧-ൽ എത്ര ടൺ അരി ഇറക്കുമതി ചെയ്തിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ൧,൨൩,൩൩൯,൧൮൩ പറ നെല്ല്. (൬൩,൬൩൯ ടൺ അരി).

(ഡി) ൨,൧ ൦,൫൨൮ ടൺ.

## FIRE IN THE M. V. BUS AT THEMPAMUTTAM

***113.** [84] **Shri Kunjan Nadar:** Will the Minister for State Transport be pleased to state,—

(*a*) whether the Government have made any public enquiry about the causes of the fire in the M. V. Bus at Thempamuttam on 17th February 1952, if not do the Government intend to make a public enquiry; and

(*b*) the number of persons dead and wounded due to the fire?

*Minister for Public Works and Transport* **(Shri. Kalathil Velayudhan Nayar):**

(*a*) No. Government do not find it necessary to make any public enquiry in the matter as a detailed Police enquiry about the incident was already made.

(*b*) 15 persons died and 7 were wounded.

## OVERLOADING IN BUSES

***114.** [85] **Shri Kunjan Nadar:** Will the Minister for State Transport be pleased to state whether the Government intend to stop overloading in State Transport and private buses?

*Minister for Public Works and Transport* **(Shri Kalathil Velayudhan Nayar):** Yes. As a first step in this direction Government have issued orders restricting overload in both the State Transport and private buses.

## DELIMITATION OF WARDS IN PANCHAYATS

***115.** [87] **Shri P. Ramaswami Pillai:** Will the Minister for Panchayats be pleased to state.—

(*a*) whether the delimitation of wards in the various Panchayats has been completed;

(*b*) if not, when does the Government hope to complete the same;

(*c*) when does the Government propose conducting the Panchayat elections;

(*d*) whether any attempt is made so far for the preparation of voters list in the Panchayats?

*Minister for Local Self Government* **(Shri K. Kochukuttan):**

(*a*) No.

(*b*) It is hoped that the division of wards of the Panchayats can be completed by the end of May 1952.

(*c*) In September-October 1952.

(*d*) Preparation of voters list will be taken up on completing ward division.

## VILLAGE PANCHAYATS

*116. [88] **Shri P. Ramaswami Pillai:** Will the Minister for Village Panchayats be pleased to state.—

(*a*) whether there is any reason for not constituting Panchayats in Pakuthies of Konthanalloor, Thiruvithamcode and Thuckalai;

(*b*) whether there is any representation from the public of those Pakuthies for the establishment of Panchayats for those Pakuthies;

(*c*) whether there is any other Pakuthy in the four southern Taluks of the State where there is neither Panchayat nor Municipality?

*Minister for Local Self Government* **(Shri K. Kochukuttan):**

(*a*) Yes.

(*b*) Yes.

(*c*) Only a portion of the Kalkulam Pakuthy is not included.

## TEXT BOOKS

*117. (90) **Shri P. Ramaswami Pillai**: Will the Minister for Education be pleased to state:

(*a*) whether the Government propose selecting new text books for use in schools for the year 1952 to 1953;

(*b*) if the answer is in the affirmative; whether any attempt has been so far taken by the Government for the selection of text books; and

(*c*) whether there is any separate committee for the selection of Tamil books for schools?

*Chief Minister* **(Shri A. J. John):**

(*a*) Yes.

(*b*) Yes.

(*c*) Yes.

## ഹരിജൻ വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറ്

*൧൧൮. (൧൦൩) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അവശസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തിൽ കോളേജുകളിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് പ്രതിമാസം എത്ര രൂപയാണ് താമസസൗകര്യം, ഭക്ഷണം മുതലായവകളു് സ്റ്റൈപ്പൻറ് കൊടുക്കുന്നതു്;

(ബി) എറണാകുളം കോളേജിലെ ഹരിജൻ വിദ്യാർത്ഥികൾ ഹോസ്റ്റലിനു് എടുത്ത കെട്ടിടം ആരുടെ അധികാരത്തിൻ കീഴിലാണു്; ആരാണു് വാടക കൊടുക്കുന്നതു്?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കോളേജുകളിൽനിന്നു ൫ മൈലിനുള്ളിൽനിന്നും വരുന്ന ഹരിജൻ വിദ്യാർത്ഥികൾക്കു് പ്രതിമാസം ൪൫ രൂപയും, ൫ മൈലിനു പുറമെനിന്നും വരുന്നവർക്കു ൫൦ രൂപയും സ്റ്റൈപ്പൻറ് നൽകുന്നുണ്ടു്.

(ബി) എറണാകുളത്തു് ഹരിജൻ ഹോസ്റ്റൽ നടത്തിക്കൊണ്ടിരുന്ന കെട്ടിടം ശ്രീ. കെ. വി. കുമാരനു് ഒരു പ്രൈവററു് ഹരിജൻ ഹോസ്റ്റൽ നടത്തുന്നതിനു കൊടുത്തിരിക്കുന്നു. ഈ കെട്ടിടത്തിനു വാടക കൊടുക്കുന്നതു് ശ്രീ. കുമാരനാണു്.

## എലക്ട്രിസിററി വിതരണം

* ൧൧൯. (൧൦൪) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വക്കലയിൽ എലക്ട്രിസിററി വിതരണത്തിനായി തൂണുകൾ ഇട്ടു തുടങ്ങിയിട്ടു എത്ര കാലമായി;

(ബി) അവിടെ എലക്ട്രിസിററി എന്നുമുതൽ വിതരണം ചെയ്തു തുടങ്ങാൻ കഴിയുമെന്നു പറയാമോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ൧൯൫൧ സപ്തംബർ ൨൨-ാംനു തുടങ്ങി.

(ബി) റയിൽപാതയ്ക്കു മുകളിൽക്കൂടി ഇലക്ട്രിക്ക് കമ്പി കൊണ്ടുപോകുന്നതിനുള്ള അനുമതി റയിൽവെ അധികാരികളിൽനിന്നും യഥാകാലം ലഭിക്കുകയാണെങ്കിൽ ൧൯൫൨ മേയ്മാസംമുതൽ വിതരണം ചെയ്തു തുടങ്ങാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

## എലക്ട്രിസിററി വിതരണം

* ൧൨൦. (൧൦൫) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇടവാ പകുതിയിൽ ഇലക്ട്രിസിററി ഏർപ്പെടുത്തണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് ഇടവാ വില്ലേജു് യൂണിയനിൽനിന്നും പൊതുജനങ്ങളിൽനിന്നും അപേക്ഷകൾ ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) എലക്ട്രിസിററി ഏർപ്പെടുത്തിയാൽ ജലസേചന സൌകര്യമുണ്ടാക്കി ഇപ്പോൾ മഴയെമാത്രം ആശ്രയമാക്കി കൃഷിചെയ്തുവരുന്ന രണ്ടായിരത്തിൽപരം പറ നിലം ഇരുപ്പൂകൃഷിചെയ്യുവാൻ കഴിയുമെന്നുള്ള കാര്യം ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഉണ്ടു്.

(ബി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

## മുനിസിപ്പാലിററികളിലെ ശമ്പളപരിഷ്കാരം

* ൧൨൧. (൧൦൬) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ഗവമ്മെൻറിൽനിന്നും നടപ്പിൽവരുത്തുന്ന ശമ്പളപരിഷ്കാരം മുനിസിപ്പാലിററികളിലെ ജീവനക്കാർക്കു് അനുവദിക്കാതിരിക്കാൻ കാരണമെന്താണു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഗവമ്മെൻറ് സർവ്വീസും മുനിസിപ്പൽ സർവ്വീസും വ്യത്യസ്തമായതുകൊണ്ടാണു്, ഗവമ്മെൻറിൽ നടപ്പിൽ വരുത്തിയിരിക്കുന്ന ശമ്പളപരിഷ്കാരം മുനിസിപ്പൽ ജീവനക്കാർക്കു് അനുവദിക്കാൻ നിവൃത്തിയില്ലാതെ വന്നതു്. മുനിസിപ്പൽ ജീവനക്കാരുടെ ശമ്പളപരിഷ്കാരം ഗവമ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കയാണു്.

### സർവ്വീസ് സംയോജനം

*൧൨൨. (൧൦൭) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരു–കൊച്ചി സർവ്വീസ് സംയോജനം പൂർത്തിയാകാത്തതുകൊണ്ട് എൻ. ജി. ഒ. മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) അതു പെട്ടെന്നു പൂർത്തിയാക്കാനായി ഗവമ്മെൻറ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) എൻ. ജി. ഒ. മാരിൽ ചില വിഭാഗക്കാർക്ക്, സർവ്വീസ് സംയോജനം നീണ്ടുപോകുന്നതുകൊണ്ട് കാര്യമായ ദോഷം സംഭവിക്കുന്നുണ്ടെന്നു കാണിച്ചുകൊണ്ട്, ചില എൻ. ജി. ഒ. സംഘടനകളിൽനിന്നു പ്രമേയങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ഗവമ്മെൻറ വേണ്ട നടപടികൾ എടുത്തുവരുന്നു.

### മലബാർമെയിൽ ലേഖനം

*൧൨൩. (൧൦൮) ശ്രീ. എ. എൽ. ജേക്കബ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൨ മാർച്ച് ൯-ാംനു-യിലെ മലബാർമെയിലിൽ "ഇതെന്തു നീതി" ഒരു അദ്ധ്യാപകൻെറ ദയനീയമായ മുറവിളി എന്ന തലക്കെട്ടിൽ ചേർത്തിരിക്കുന്ന ലേഖനം ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതിൽ പറയുന്നതുപോലെ തുമ്പൂർ സ്കൂളിലെ ഒരു അദ്ധ്യാപകനു് പതിന്നാലര മാസങ്ങളായി ശമ്പളം കിട്ടുന്നില്ല എന്നുള്ള പരാതി ശരിയാണോ; ശരിയാണെങ്കിൽ ആ അദ്ധ്യാപകനു് ശമ്പളം കിട്ടാതിരിക്കുന്നതിനുള്ള ഉത്തരവാദി ആരാണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) തുമ്പൂർ മിഡിൽ സ്കൂളിലെ ഒരു അദ്ധ്യാപകനു് ശമ്പളം കൊടുക്കേണ്ട വിഷയം ഗവമ്മെൻറിൻെറ അറിവിൽ പെട്ടിട്ടുണ്ടു്. എന്നാൽ ആ അദ്ധ്യാപകൻ ആ സ്കൂളിലേക്ക് അനുവദിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കു പുറമെ അധികമായി നിയമിക്കപ്പെട്ട (Extra hand) ആളാണു്. അത്തരം അദ്ധ്യാപകന്മാർക്ക് ഗവമ്മെൻറ് സഹായധനം കൊടുക്കുന്നതല്ലെന്നു മാനേജരന്മാരെ അറിയിച്ചിട്ടുണ്ടു്. ഏതായാലും പുതിയ പദ്ധതി അനുസരിച്ചു് ഇത്തരം അദ്ധ്യാപകന്മാരെ തുടരാൻ അനുവദിക്കുന്നതിൻെറ ആവശ്യകതയെപ്പററി ഗവമ്മെൻറ് ആലോചിക്കുകയാണു്. അദ്ധ്യാപകനു് ശമ്പളം കൊടുക്കുന്ന വിഷയത്തിൽ ഇപ്പോൾ ഗവമ്മെൻറിനു് ഉത്തരവാദിത്വം ഇല്ല.

## പെരുമ്പള്ളത്തു് ഒരു ഡിസ്പെൻസറി

* ൧൨൪. (൧൧൧) ശ്രീ. അവിരാതരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരുമ്പള്ളത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്;

(സി) ഇല്ലെങ്കിൽ അതിനു കാരണം എന്തു്?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ടു്.

(ബി) പെരുമ്പള്ളത്തു് ഒരു ബൈ-വീക്കിലി ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടു്. ഡിസ്പെൻസറിക്കുവേണ്ട കെട്ടിടവും ഉപകരണങ്ങളും ജനങ്ങൾ ഗവമെന്റിലേക്കു കൊടുത്താൽ ഉടനെതന്നെ പ്രസ്തുത സ്ഥാപനം പ്രവൎത്തനം തുടങ്ങുന്നതാണു്.

(സി) ഉദിക്കുന്നില്ല.

## ഗ്രാമപ്പഞ്ചായത്തുകൾ

* ൧൨൫. (൧൧൪) ശ്രീ. പരീതുറാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പഞ്ചായത്തു് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരു-കൊച്ചിയിൽ ആകെ എത്ര ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടു്;

(ബി) അവയുടെ വാർഡു് വിഭജനം പൂൎത്തിയായോ;

(സി) പുതിയ തെരഞ്ഞെടുപ്പു് എന്നു് നടക്കും;

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൫൪൨.

(ബി) ഇല്ല.

(സി) ൧൯൫൨-സെപ്റ്റമ്പർ-ഒക്ടോബറിൽ നടത്താം എന്നാണു് ഉദ്ദേശിക്കുന്നതു്.

## വില്ലേജുറോഡു് ഡെവലപ്പ്മെൻറു്

* ൧൨൬. (൧൧൫) ശ്രീ. പരീതു റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വില്ലേജ്റോഡു് ഡെവലപ്പ്മെൻറു് പദ്ധതിൽ പത്തനംതിട്ട താലൂക്കിൽനിന്നും എത്ര റോഡുകൾ കൊള്ളിച്ചിട്ടുണ്ടു്;

(ബി) അവ എതെല്ലാം;

(സി) ഇനി പഞ്ചവത്സരപദ്ധതിയിലും ദശവത്സരപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ളതു് ഏതെല്ലാം?

(ഡി) റോഡുകളെ പഞ്ചവത്സരപദ്ധതിയിലും ദശവത്സരപദ്ധതിയിലും തരം തിരിച്ചതു് എന്തടിസ്ഥാനത്തിലാണു്;

(ഈ) മേൽവിവരിച്ച പ്രകാരമുള്ള തരം തിരിക്കലിനു ചുമതലപ്പെട്ടിരുന്ന ഉദ്യോഗസ്ഥൻ ആരെന്നും പൊതുജനങ്ങളോടോ താലൂക്ക് വികസന കമ്മററിയോടോ, അഥവാ സ്ഥലത്തുചെന്നു അന്വേഷണം നടത്തിയിട്ടോ ആണോ തരം തിരിച്ചിട്ടുള്ളതു്?

മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) പത്തനംതിട്ട താലൂക്കിൽനിന്നും ഒന്നാമത്തെ പഞ്ചവത്സര പദ്ധതിയിൽ ൯ റോഡുകളും രണ്ടാമത്തേതിൽ ൨൦ റോഡുകളും കൊള്ളിച്ചിട്ടുണ്ടു്.

(ബി) †സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) ഗ്രാമീണറോഡു് വികസന പദ്ധതിയെ വിവരിച്ചു് ഗവമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകം നോക്കുക. അതിൻെറ ആമുഖത്തിൽ പ്രത്യേകിച്ചും ൭ മുതൽ ൧൧ വരെ പേജുകളിലും തരം തിരിക്കലിനു് സ്വീകരിച്ചിട്ടുള്ള തത്വങ്ങളെ പ്രതിപാദിച്ചിട്ടുണ്ടു്.

(ഡി) വില്ലേജുറോഡു് സ്പെഷ്യൽ ആഫീസർ വേണ്ട അന്വേഷണം നടത്തിയാണു് അദ്ദേഹത്തിൻെറ ജോലി നിർവ്വഹിച്ചിട്ടുള്ളതു്.

## ആലുവാ പാലം

* ൧൨൬. (൧൨൦) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) പെരിയാററിൽ ആലുവാപ്പുഴയിൽ ഒരു പാലം പണിയുന്ന സംഗതിയെപ്പററി ബഹുമാനപ്പെട്ട ഗവമ്മെൻറു് ആലോചിക്കുന്നുണ്ടോ;

(ബ) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തി;

മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഉണ്ടു്.

(ബി) Investigation works നടന്നുവരുന്നുണ്ടു്.

## ചെത്തുതൊഴിലാളികൾ

* ൧൨൭. (൧൨൧) ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

കള്ളു വ്യവസായത്തിലെ ചെത്തുതൊഴിലാളികളുടെ അവശതകൾ പരിഹരിക്കുവാനുള്ള പരിപാടികൾ വല്ലതും ഗവമ്മെൻറിൽനിന്നും ആവിഷ്കരിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ലേബർ ഡിപ്പാർട്ടുമെൻറിൻെറ ശ്രമഫലമായ നടപടികൾമൂലം ചെത്തുതൊഴിലാളികളും കൺട്രാക്ടറുമാരും ചില ഒത്തുതീർപ്പു വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടു്. Workmen's Compensation Act ൻെറ പരിധിയിൽ ചെത്തുതൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുമുണ്ടു്.

---

†Please see Appendix p. 247.

**N.G.Os.**

***129.** [132] **Shri K. P. Krishna Menon**: Will the Chief Minister be pleased to state.—

(*a*) whether any memorial has been received regarding restoration of house rent and compensatory allowances to the N.G.Os. at Alwaye.

(*b*) why it was stopped;

(*c*) whether it has been restored;

(*d*) if the answer to item (c) above is in the negative, the reasons for not restoring the same?

*Chief Minister* **(Shri A. J. John):**

(*a*) Yes.

(*b*) It was stopped as part of the general scheme of unification of allowances by which the Dearness allowance rates were enhanced.

(*c*) No.

(*d*) As the abolition was ordered taking into consideration all the aspects of the question and as no fresh circumstances have arisen for reconsidering the orders of abolition already issued.

**DEATHS IN POLICE LOCKUPS**

***130.** [133] **Shri M. M. Abdul Khader**: Will the Hon'ble Minister for Law and Order be pleased to state.—

(*a*) the number of deaths inside Alwaye police lockup in 1950 and 1951;

(*b*) the number of deaths of communist under-trials in this lockup in 1950 and 1951.

(*c*) the number of persons reported missing under suspicious circumstances within the territorial jurisdiction of Alwaye and Edappally Police Stations; and

(*d*) the result of investigations in each case and the number of cases registered in this connection for culpable homicide?

*Minister for Home Affairs* **(Shri T. M. Varghese):**

(*a*) Nil.

(*b*) Nil.

(*c*) One case of missing of a person was reported in the Edappally Station.

(*d*) No case was reported and registered either as culpable homicide or otherwise.

**ALWAYE PALACE**

***131.** [134] **Shri M. M. Abdul Khader**: Will the Minister for General Administration be pleased to state:—

(*a*) the aggregate house rent paid in 1951 for housing Government offices and godowns at Alwaye; and

(*b*) is it a fact that the Alwaye Palace is lying vacant and that it is spacious enough to accommodate all the offices at present housed in rented buildings?

*Chief Minister* **(Shri A. J. John):**

(*a*) It is regretted that it is not possible, within the limited time available, to collect the required infprmation.

(*b*) The Alwaye Palace is not intended for accommodating Government offices.

പിന്നോക്കസമുദായ എൻക്വയറി കമ്മിററിയുടെ റിപ്പോർട്ട്

* ൧൩൨. (൧൩൧) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അവശസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) ശ്രീ. ഈ. ഭാസ്കരൻ കൺവീനറായിരുന്ന പിന്നോക്കസമുദായ എൻക്വയറി കമ്മററി എന്തു റിപ്പോർട്ട് സമർപ്പിച്ചു;

(ബി) റിപ്പോർട്ടിലെ താല്പര്യമനുസരിച്ച് സക്കാർ പ്രവർത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൯൫൧ ഏപ്രിൽ ൧൧-ാംനു.

(ബി) പ്രസ്തുത റിപ്പോർട്ട് ഗവമ്മെണ്ടിൻെറ പര്യാലോചനയിൽ ഇരിക്കുകയാണ്.

## Unstarred Questions

ചേലക്കര പഞ്ചായത്തുവക വണ്ടി

൨൦. (൨) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) ചേലക്കര പഞ്ചായത്തിൽ പെട്ട സ്ഥലങ്ങൾ വൃത്തിയാക്കുന്നതിന് ഉപയോഗിച്ചിരുന്നവണ്ടി കേടുവന്നതിനാൽ പുതിയവണ്ടി അനുവദിക്കുന്നതിന് വല്ല അപേക്ഷയും പഞ്ചായത്തു പ്രസിഡണ്ടിൻെറ പക്കൽനിന്നു കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്നു്?

ഉത്തരം

(എ) ഉണ്ടു്.

(ബി) ൧൯൫൧ ജനുവരി.

യാചക ദുരിതനിവാരണം

൨൧. (൪) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട യാചക ദുരിതനിവാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

യാചക ദുരിതനിവാരണത്തിന് വല്ല പദ്ധതിയും ഗവമ്മെൻറിനുണ്ടോ?

ഉത്തരം

യാചക ദുരിതനിവാരണം സംബന്ധിച്ച് ഇപ്പോൾ തിരുവിതാംകൂർ വിഭാഗത്തിൽ, Travancore Prevention of Begging Act XIII of ൧൧൨൦-ം, കൊച്ചിൻ വിഭാഗത്തിൽ Cochin Vagrancy Act XXI of ൧൧൨൦-ം നടപ്പിൽ ഇരിക്കുന്നു. തിരുവിതാംകൂറിലുള്ള നിയമം, തിരുവനന്തപുരം സിററിക്കകത്തും, ആലപ്പുഴ, നാഗർകോവിൽ, കോട്ടയം മുതലായ മുൻസിപ്പൽ അതിർത്തികളിലും നടപ്പിൽ ഇരിക്കുന്നു. കൊച്ചിയിലുള്ള നിയമം, എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ എന്നീ മുൻസിപ്പൽ

അതിർത്തിക്കകത്തു ഊർജ്ജിതത്തിലും ഇരിക്കുന്നു. ഈ സ്ഥലങ്ങളിൽ ഓരോ Beggar Relief Centre (ദുരിതനിവാരണ കേന്ദ്രങ്ങൾ) പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറ് അധീനത്തിൽ നടത്തിവരുന്നു. കൂടാതെ നാഗർകോവിൽ, ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഓരോ അനാഥമന്ദിരം അതാതു് മുൻസിപ്പാലിററിയുടെ കീഴിൽ ഉണ്ടു്. തിരുവനന്തപുരത്തു ശ്രീ ചിത്തിരാഹോം എന്ന നാമത്തിൽ ഒരു അനാഥമന്ദിരം ഉണ്ടു്. ഇതിനു സർക്കാരിൽനിന്നും പ്രതിവർഷം ൩൫,൦൦൦ രൂപാ ഗ്രാൻറു് കൊടുത്തുവരുന്നു പ്രൈവററു് അനാഥ മന്ദിരങ്ങൾക്കും സർക്കാരിൽനിന്നും ഗ്രാൻറു കൊടുത്തുവരുന്നു. മേൽപറഞ്ഞതുകൂടാതെ തിരുവിതാംകൂർ–കൊച്ചിക്കു ഒരു പൊതുനിയമം ഉണ്ടാക്കാൻ വേണ്ട നടപടികൾ നടത്തിവരുന്നുണ്ടു്. ആ നിയമം നടപ്പിൽവന്നശേഷം യാചക ദുരിതനിവാരണം സംബന്ധിച്ചു് ഒരു പൊതുവായ പദ്ധതി ഉണ്ടാക്കാൻ ഗവമ്മെൻറു് വേണ്ട നടപടി നടത്തുന്നതാണു്.

## TEXT BOOK OFFICER

**22.** [5] **Dr. N. Sankara Pillai** : Will the Minister for Education be pleased to state.—

(*a*) whether Government have received complaints about the present text book officer;

(*h*) if so what is the nature of the complaints about him;

(*c*) what action has been taken so far on the complaints?

*Answer.*

Government have not received complaints about the Officer.

## PRIMARY SCHOOLS

***23.** [6] **Dr. N. Sankara Pillai :** Will the Minister for Education be pleased to state.—

(*a*) whether they have received any complaints about the scarcity of teachers in departmental primary schools;

(*b*) what steps have been taken to remedy them;

*Answer.*

(*a*) Yes.

(*b*) The required number of teachers have since been posted to the schools.

## DUMPING GROUND

**24.** ]7] **Shri Achutha Menon :** Will the Minister for Public Health be pleased to state.—

(*a*) whether repeated representations from the local people have been received for the removal of the Laloor dumping ground from its present site ;

(*b*) whether Government have promised to do the same several times ;

(*c*) if so, what steps if any have the Government taken to implement the promise ; and

(*d*) if no steps have been taken, why ?

*Answer*

(*a*) No.

(*b*). (*c*) & (*d*) These questions do not arise.

### TEACHERS

**25.** [13] **Shri Krishnan Nair:** Will the Minister for Education be pleased to state.—

(*a*) the number of thrownout teachers now in service in the departmental primary schools in the Travancore area;

(*b*) the age fixed for their retirement from service; and

(*c*) the age of retirement in the case of surrender school teachers?

*Answer*

(*a*) 1043.

(*b*) 55.

(*c*) 55; but such of those as are not eligible for any pension whatsoever at the time of retirement on superannuation are re-entertained and allowed to continue in service till their 60th year of age.

### TEXT BOOK COMMITTEE

**26.** [14] **Shri Krishnan Nair:** Will the Minister for Education be pleased to state.—

(*a*) whether the Government have included representatives of teachers in the Text Book Committee now functioning;

(*b*) if not the reasons for not including them?

*Answer*

(*a*) Yes.

(*b*) Does not arise.

### Adjournment Motion re. Relieving of Teachers

**Mr. Speaker:** Order. Order. The time for questions is over.

**12 Noon]** I have received certain adjournment motions. One is from hon. Shri. Krishnan. This is with reference to some teachers, who have been relieved of their duties. Has the Minister in charge anything to say regarding facts?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ അദ്ധ്യാപകന്മാരെ പിരിച്ചുവിടുന്നതിനു് അടുത്തദിവസംതന്നെ ഗവൺമെന്റ ഓർഡർ അയച്ചിട്ടുണ്ടു്. അതു് ഇക്കൊല്ലത്തെ ഒരു പുതിയ നടപടി അല്ല. അവരെ തല്ക്കാല ഒഴിവുകളിൽ നിയമിച്ചിട്ടുള്ളതാണു്. ട്രെയിനിംഗിനു് പോയിട്ടുള്ള അദ്ധ്യാപകന്മാരുടെ ഒഴിവിലും അവധി എടുത്തിട്ടുള്ള അദ്ധ്യാപകന്മാരുടെ ഒഴിവിലും ആണു് അവരെ നിയമിച്ചിട്ടുള്ളതു്. അവർ മടങ്ങിവരുമ്പോൾ അവരുടെ സ്ഥാനങ്ങളിൽ നിയമിച്ചവരെ പിരിച്ചയക്കുക സാധാരണ പതിവാണു്. എന്നാൽ കഴിഞ്ഞ ഒന്നുരണ്ടു കൊല്ലങ്ങളിൽ അങ്ങനെ ചെയ്തിട്ടില്ല. അന്നു് അദ്ധ്യാപകന്മാരുടെ സംഖ്യ കുറവായിരുന്നു. ഇപ്പോൾ ധാരാളം അദ്ധ്യാപകന്മാരെ കിട്ടിയിട്ടുള്ളതുകൊണ്ടു് അവരെ പിരിച്ചയക്കേണ്ടതു് അത്യാവശ്യമായിരിക്കുകയാണു്. എന്നാൽ അവരെ റിസർവ്വ് അദ്ധ്യാപകന്മാരായി വയ്ക്കുവാൻ വിദ്യാഭ്യാസഡയറക്ടർ ശുപാർശചെയ്തതുകൊണ്ടു് അവരെ റിസർവ്വിൽ വയ്ക്കുവാൻ ഗവൺമെന്റ തീർച്ചയാക്കിയിട്ടുണ്ടു്. അതുകൊണ്ടു് കഷ്ടപ്പാടുണ്ടാകുവാൻ വഴിയില്ല.

**Mr. Speaker:** As the facts mentioned in the motion are incorrect and as the explanation given is satisfactory, I do not find my way to allow this adjournment motion. Therefore, it is ruled out.

**Shri Achutha Menon:** Sir, on a point of order. I have given notice of an adjournment motion. May I know what happened to that?

**Mr. Speaker:** I have received three other motions also. Those motions are not admissible *prima facie*. There is no necessity for the Speaker to mention that fact in the House. Now we will proceed to the General Discussion of the Budget.

### General Discussion of the Budget

**Shri E. P. Varghese:** May I know, Sir, the time allotted for this discussion?

**Mr. Speaker:** Today, the House will rise for lunch at 12-30 and reassemble at 2-30. So we may barely have 150 minutes for the general discussion. Therefore, it would be better if a member takes not more than 15 minutes although even that may not enable many of the members to take part in the discussion. It is only a temporary budget limited for a period of four months. Tomorrow also the budget debate takes place and that will enable more hon. Members to take part in the discussion. I hope that the House will agree to this proposal.

**Shri O. C. Ninan:** Sir, many members desire to speak on the budget. I suggest the time allotted to each member may be reduced a little more.

**Mr. Speaker:** I have no objection. But, I should like to know the sense of the House.

**Shri P. S. Nataraja Pillai:** On that point I would like to have clarification from the Chair. Yesterday you ruled, Sir, that no token motion shall lie on the present demand. We can only move for a total reduction of the items on the demand paper now. That means that policy cannot be adequately discussed, for the motion is for a total omission for the working of the whole department. Therefore, I would like to have a ruling, Sir, that if we want to advocate a particular policy, under which item we should do it, and also to consider whether it will not be better and more conducive to an effective discussion if we adopt the policy that was adopted in the Central Legislature in 1950 of having a general discussion for two days and putting each item to vote. And, if the House wants, it can take the demands item by item and it can be put to the vote item by item. Therefore, I would suggest for the consideration of the House whether it will not be better to have two days set apart for the general discussion as was done in 1950 in the Central Legislature and then vote on the items at a particular time, or whether we should go by the other process of giving notice of the motion.

**Shri Panampilly Govinda Menon:** May I just draw the attention of the Chair to the provisions of Rule 52 of the Legislative Assembly Rules which refers to this question? This rule shows that on this question there can only be one vote before the House, i. e., the motion made by the Government. This motion has to be put to the vote of the House. The Rule is that "a motion for vote on account shall be dealt with in the same way as if it were a demand for grant." So, there will be a general discussion and there will be one vote. That appears to be the intention of the Rule, and the Chair has been pleased to state this clearly in the statement on the procedure to be adopted on the motion for vote on account.

**Mr. Speaker:** On going through this question, I find that the Central Legislature has adopted one method and the State Legislature of Madras a

different method. But anyhow, as suggested by the Minister in charge of Finance, I find that there is only one demand that will be put to the vote of the House. Therefore, at the end of the discussion, the Chair will put the whole demand to the vote of the House.

**Shri P. S. Nataraja Pillai:** Yesterday, it was stated here, Sir, that members can move for a reduction. Suppose I move for a reduction on item No. 1, then, should it not be put to vote? Sir, I am of the view that each item will have to be put to vote.

**Mr. Speaker:** There may arise more doubts regarding this vote on account. So, I should like to give a general idea about the way we are expected to proceed. Vote on account, the hon'ble Members must understand, is intended to make provision in advance for the expenditure required by Government for a portion of the coming year pending the vote of the legislature on the complete budget in due course. This is intended to avoid the detailed budget being passed in a hurry. The present demand is for the advance grant of four months' expenditure required for the coming year. The schedule appended to the motion shows the figures. Those figures also show the net estimate of expenditure for the coming year and the amount to be voted for a period of four months of the year. According to parliamentary practice, a vote-on-account-motion states the total sum required and the various amounts needed for each department which compose that sum as stated in the schedule. Upon that, the chair puts the whole grant for the decision of the House. Amendments can be moved for the reduction or omission of the items of which the grant is composed. Now, I think that is a general understanding about the way we are to proceed with reference to the vote on account during the general discussion when the members move amendments.

**Shri R. Kesava Pillai:** Sir, as per the rules we are entitled to vote for a reduction of the whole grant.

**Shri Panampilly Govinda Menon:** May I point out, Sir, that according to the statement that has been made, a member is entitled not to move a cut but to move an amendment and that amendment may be in respect of the total figure for which the motion is made or for a particular portion which goes to compose the total figure. So, the motion is an amendment and not a reduction of this item or that. And, the operation of the amendment is neither on the total figure nor on a particular grant.

**Shri P. S. Nataraja Pillai:** As a matter of fact, we have not worded it as an amendment to the motion.

**Mr. Speaker:** Necessary papers have been circulated to the members showing that these motions were accepted as amendments. I ruled the other day that token motions are not possible to be moved but those motions will be considered as amendments. If amendments are carried, the whole motion is adopted subject to those amendments.

**Shri Ravindran:** Is it not necessory that a demand under which an item is brought, is presented by the Minister concerned?

**Mr. Speaker:** That is not necessary. The procedure that I suggested is the one that is followed in the Central Legislature. But Madras followed the procedure suggested by the hon'ble Member. I do not say that it is wrong. In my opinion it is better to discuss the whole demand whatever be the nature of the amendments the hon'ble Members may move.

**Shri E. P. Varghese:** I wish to make a few observations.

**Mr. Speaker:** Order, Order. I will now call upon the Deputy Speaker to speak.

ശ്രീ. കെ. പി. കൃഷ്ണമേനോൻ (Deputy Speaker): സർ, ഫെബ്രുവരി മൂന്നു് ചാർജ്ജ് എടുത്തിട്ടുള്ള മന്ത്രിസഭയ്ക്കു ഇത്രയും വേഗത്തിൽ ഒരു ബഡ്ജററ ഹാജരാക്കുവാൻ സാധിച്ചിട്ടുള്ളതിൽ മന്ത്രിസഭയേയും പ്രത്യേകിച്ച് ധനകാര്യമന്ത്രിയേയും ഞാൻ അനുമോദിക്കുന്നു. ഇന്നു് നമ്മുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് നാലുമാസത്തേയ്ക്കു മാത്രമുള്ളതാണെന്നും പുതിയ മന്ത്രിസഭയുടെ നയങ്ങൾ ഇതിൽനിന്നു് വ്യത്യസ്തപ്പെടുന്നതാണെന്നും ഞാൻ മനസ്സിലാക്കുന്നു. ഈ മാതിരിയുള്ള ഒരു ബഡ്ജററ് ഒരു മാസംകഴിഞ്ഞു ഈ നിയമസഭ മുമ്പാകെ അംഗീകാരത്തിനു് കൊണ്ടുവരുമ്പോൾ മന്ത്രിസഭ ഓർമ്മിക്കേണ്ട ചില ചില്ലറ കാര്യങ്ങളെ ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യത്തു് ഇന്നു് ഏററവും വിഷമമേറിയ ഒരു പ്രശ്നമാണ് ഭക്ഷ്യപ്രശ്നം. അതിലേക്കു് ഈ ഗവൺമെൻറ ധാരാളം രൂപാ ചിലവുചെയ്യുന്നുണ്ടെങ്കിലും അതു് ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തേയും, വിശേഷ്യാ പറവൂർ താലൂക്കിനേയും സംബന്ധിച്ചിടത്തോളവും വളരെ അസ്ഥാനത്തു് ആണെന്നു് പറയാതെ നിവൃത്തിയില്ല. ഈ താലൂക്കിൽ ആവണംകോട് സ്കീം എന്നു ഒരു സ്കീം വളരെ പണം ചെലവാക്കി നടത്തുന്നുണ്ടു്. പരമാർത്ഥം പറയുകയാണെങ്കിൽ അതു പണം ദുർവ്വിനിയോഗം ചെയ്യുകയാണ് ചെയ്യുന്നതു്. ഇത്രപണം ചിലവാക്കി നടത്തുന്ന ഈ സ്കീംകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഒരുതുള്ളി വെള്ളംപോലും ഇതിൽനിന്നും കിട്ടുന്നില്ല. ഇതെല്ലാം മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധയിൽ പതിയത്തക്കവണ്ണം അവർ ഈ സ്ഥലം സന്ദർശിച്ചു് ഇനിയെങ്കിലും ഇതിനെ ഒരു പ്രയോജകരൂപത്തിൽ എത്തിച്ചേർക്കേണ്ടതാണു്.

നമ്മുടെ ബഡ്ജററിൽ എന്തെങ്കിലും ചെലവു്, അതായതു് കാര്യമായ ചെലവ് കുറയ്ക്കണമെങ്കിൽ രാമസ്വാമിഅയ്യരുടെ കാലത്തു് ഇവിടെ ഉണ്ടായിരുന്നതുപോലെ ഉള്ള Red tapism നിറുത്താതെ തരമില്ല. അതു നിറുത്തുന്നതിനു് മന്ത്രിമാർ യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇനിയെങ്കിലും ഇതിനു ആവശ്യമായ നടപടിയെടുക്കുകയും അത്യാവശ്യമായ സ്റ്റാഫിനെക്കൊണ്ടു് ഭരണം നടത്തിക്കുകയും ചെയ്യുന്നതു് നന്നായിരിക്കുമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. ഇവിടെ ഒന്നുരണ്ടു ഉദാഹരണങ്ങൾ എങ്കിലും പറയാതിരുന്നാൽ അതു് ഉചിതമല്ല. ഒരു മെമ്പർ ഇവിടെ എത്ര ഡിസ്ട്രിക്ട് കളക്ടറന്മാർ ഉണ്ടെന്നു് ചോദിക്കുകയുണ്ടായി. ഇത്തരം ചോദ്യങ്ങൾപോലും തഹസിൽദാരന്മാർക്കും പിന്നെ പാർവ്വത്യകാരന്മാർക്കും അയക്കുന്ന ഒരു പതിവുണ്ടു്. ഇതു് നിറുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതുപോലെതന്നെ ഒരു ഡിസ്പെൻസറി കെട്ടിടം ആ ആവശ്യത്തിനു് ഉപയോഗിക്കാവുന്നതാണോ എന്നു ചോദിച്ചാൽ അതു് ചീഫ് എൻജനീയർ മുതൽ സെക്ഷൻ ആഫീസർവരെ, ചിലപ്പോൾ മേസ്ത്രിവരെ പോകുകയും അവിടെനിന്നും ഉള്ള റിപ്പോർട്ട് തിരിയെ ചീഫ് എൻജിനീയരുടെ അടുക്കൽവന്നു് പിന്നീട് അതു് സർജൻ ജനറലിനു് പോയി തീരുമാനിക്കുകയുമാണ് പതിവു്. ഈ കാലതാമസവും അനാവശ്യമായ എഴുത്തുകുത്തുകളും തുടരേണ്ട യാതൊരു കാര്യവുമില്ല. ഇനി വേറൊരു കാര്യംകൂടി പറയുവാനുണ്ടു്. ഇവിടെ അലങ്കാരത്തിനായി ഒരു ഡിപ്പാർട്ടുമെൻറുണ്ടു്. അതു് ഇവിടത്തെ ഡിപ്പാർട്ടുമെൻറുകളുടെ പട്ടികയിൽനിന്നും നീക്കം

ചെയ്യണം. ഞാൻ ഉദ്ദേശിക്കുന്നതു് സഹകരണഡിപ്പാർട്ടുമെന്റാണു്. ഈ മാതിരി ഒരു ഡിപ്പാർട്ടുമെന്റു് ഇവിടെ ആവശ്യമില്ലെന്നാണു് എന്റെ വ്യക്തമായ അഭിപ്രായം. സഹകരണസംഘങ്ങൾ പരിശോധിക്കുന്നതിനു് ആവശ്യമായ സൂപ്പർവൈസിംഗ് യൂണിയനുകളും അവയെ നിയന്ത്രിക്കുന്നതിനു ഒരു സഹകരണ ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ടു്. ഇവയെല്ലാം അനൗദ്യോഗിക സ്ഥാപനങ്ങളാണു്. ഇവയ്ക്കെല്ലാം ന്യായമായ ഗ്രാന്റു് കൊടുക്കുന്ന പക്ഷം ഇപ്രകാരമുള്ള ഒരു ഡിപ്പാർട്ടുമെന്റു് നമ്മുടെ പട്ടികയിൽനിന്നും നീക്കംചെയ്യാൻ സാധിക്കുന്നതും അങ്ങനെ നാലുലക്ഷം രൂപ നമുക്കു് ലാഭിക്കുന്നതുമാണു്. ഉടനടി ഇതു് നിറുത്തുവാൻ നിർവ്വാഹമില്ലാത്തപക്ഷം സർക്കിൾ ഇൻസ്പെക്ടർമാരുടെ പരിധി വർദ്ധിപ്പിക്കുകയും ഒരു ചുരുങ്ങിയ കാലഘട്ടംകൊണ്ടു് ഈ ഡിപ്പാർട്ടുമെന്റു നിറുത്തുവാൻ തക്ക നടപടി എടുക്കേണ്ടതുമാണു്. പിന്നീടു് ബഡ്ജറ്റിലുള്ള ഒരു സംഗതി ചിട്ടി ആഡിറ്റർമാർ ആണു്. ആവശ്യമുള്ള ആഡിറ്റർമാർ ഇവിടെ ഉള്ളതുകൊണ്ടു് അതായതു് സർട്ടിഫൈഡ് ആഡിറ്റർമാർ ഇവിടെ ഉള്ളതുകൊണ്ടു് അവരെക്കൊണ്ടു് ഈ ചിട്ടി കണക്കുകൾ ആഡിററു ചെയ്യിക്കുകയും അങ്ങനെ ചിട്ടി ആഡിറ്റർമാരെ കുറയ്ക്കുകയും ചെയ്യാവുന്നതാണു്. വേറൊന്നു്, സാമ്പത്തിക പരിതഃസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി ഇന്നു് സബ്‌രജിസ്ട്രാർ കച്ചേരികളിൽ ജോലിക്കു് വളരെ കുറവുണ്ടു് എന്നാണു്. അതിനാൽ സബ്‌രജിസ്ട്രാർ കച്ചേരികളുടെ എണ്ണം കുറയ്ക്കുകയും തൻമൂലം ഈ കച്ചേരികളിൽ കൂടുതലായി വച്ചിട്ടുള്ള സ്റ്റാഫിനെ കുറയ്ക്കുകയും ചെയ്യാവുന്നതാണു്. ഈ മാതിരി പല കാര്യങ്ങളിലും ഇന്നത്തെ മന്ത്രിസഭയുടെ സത്വരശ്രദ്ധ പതിയുകയും സാധാരണ ജനങ്ങളുടെ പ്രതീക്ഷയ്ക്കു തക്കവണ്ണം വേണ്ട കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടു് ഒരു മാസത്തിനകം തന്നെ സാമാന്യജനങ്ങളുടെ ആവശ്യങ്ങൾക്കു് അനുരൂപമായ ഒരു ബഡ്ജറ്റു് അവതരിപ്പിക്കുകയും ചെയ്യുവാൻ മന്ത്രിമാർ ശ്രമിക്കുകയും ചെയ്യുമെന്നു് വിശ്വസിക്കുകയും അതോടുകൂടി ഇത്തരമുള്ള ഒരു ബഡ്ജറ്റു് അവതരിപ്പിച്ചതിൽ ധനകാര്യമന്ത്രിയെ അനുമോദിക്കുകയും ചെയ്തുകൊണ്ടു് Vote on Account എല്ലാവരും യോജിച്ചു് പാസാക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

**Shri E. P. Varghese :** Sir, I would like to make a few general observations on the Budget that has been presented to us. With the full confidence that we will get an ample opportunity to disccuss the full Budget, Sir, I wish to make only a few observations on the general policy of the Government. It has been said that good government is no substitute for self-government and so we have the right to govern well or govern ill. But I cannot subscribe fully to that Gladstonian dictum. I think the time has come when we have to take notice of the changed circumtances and say that we have a duty to govern well and that we have no right to govern ill. If we cannot govern well, it is our duty to quit and allow somebody else to govern well. I am sure that we should try to govern well. The only thing is that those responsible for the Government should be earnest. In the Congress Party that has been in power during the last four years there seems to be a bankruptcy of statesmanship. Even now it is so. I find many mistakes even in the initial stages. It has been said that they should have asked for a vote of confidence. I say that they thought that they would have the confidence of the House on the promise of some party or

[Shri. E. P. Varghese]

other. But I find that they had been deserted by those parties. We want to see that good Government is carried on here. We want to put the party in power in straight jackets. We will not allow the Government to carry on as they like, as they have been doing in the past. We will be watching the Government's various activities very vigilantly and we hope that the party in power will take note of all this and try its best to govern well. We have been sent here as responsible legislators to help the party in power to carry on the Government well and we must put our heads together and find ways and means to keep the administration strong and steady. Ordinarily, under the circumstances, you should have tried to form a coalition Ministry to keep the Government stable. But some how or other, the party in power thought otherwise and I do not know whether this party has judged correctly and acted correctly in taking up the administration with such an unstable majority. It is not known, without a majority of the House, how long you will govern. Eve n if you govern, it is doubtful whether you will be able to govern well. Sir, I find that the various departments of the government have become very loose. I have seen the administration in the past, during the days of the Dewanship, and so I can very well compare the administration of the Congress Party with that in the past. And I muat say that the Government have become very loose. There is no discipline in many departments and particularly in the schools. It is because the Government is not strong. If the Government with a majority as in the last Legislature could not do it, I wonder how it is going to be possible now. So, it is time that the party in power found ways and means of forming a stable Government. It is now easy for one or two of us to throw out this Government, But it will not be an achievement. The achivement lies in finding ways and means to establish a strong and stable Government. One or two members of this House can send this Govern ment out of office. But that is not an achievement, and I do not gloat over it. We have not been sent here to dissolve the Legislature and return to the country every alternate month. But that is not to be taken for an assuarance that we will keep this Government in office whatever they do. If they govern for the good of the people we will keep them; if they go on indulging in corruption or nepotism, as in the past we will not tolerate they must see that they have not an itchypalm.

Sir, on a casual reading of the Finance Minister's speech, I find that it has nothing new. It is an ordinary replica of the old budge.t. In spite of the huge expenditure on education, nearly one-fourth of the State's revenue, the teachers in the primary schools are discontented. They say they have to go on for ten to twelve years on what is called the basic pay with no increment. In the Rajpramukh's speech, enunciating the policy of the Government, I do not find any promise of any new step to ensure the security of services of the staff in the factories. They are turned out at any time without considering the fact that they have put in long years of service or not, We have a law in this couutry to prevent the eviction of tenants. There is a fear to send away labourers in factores, but there seems to be no fear in the employers' mind to send away their staff any time. Sir, some provision ought to be made to make their position secure. We must remember that the people will not take all these things lying down. They may seek relief from else where from Stalin or Russia as same of our friends have doue. So, if we in this country do not want a dictatorship of the proletariat, our friends in power, the party in power, must see that they do not follow their old ways, but most mend their ways and take a new step and lead the country to prosperity.

Sir, we have heard a lot of charges ahout the Congress Ministry. It is all about the past Ministry. As it is the same party that was ruling then it will not be out of place to warn the present Government that if they do not ment their ways,, they would be thrown out. If they follow the old policy their strength will be further reduced. The country has not given them the necessary strength as a party to govern. But many of the old members have been returned. I am glad about it. But they will take the lesson from the last election, and mend their ways, or will be forced to end them.

**Mr. Speaker**: The House will now adjourn and meet again at 2-30 P. M.

*The House rose for lunch at 12-30 p.m. and re-assembled at 2-30 p.m. with Mr. Speaker in the Chair.*

**Shri. E. P. Varghese:** Communalism has been the bane of this country and it has stood in the way of many a good administration. I thought that with the coming of the Congress party into power, this bane of communalism would be at an end. But I find, Sir, that it is still alive and kicking. And to my great disappointment, I have to say that it is showing its ugly hoofs even in the party in power. I have had occasion to protest against such communal rivalry in the part. It has been the habit or custom of certain sections to snatch all places of power and position by whatever means possible. But I thought I would have had no occasion to see it again and repeat my protest.

**Mr. Speaker:** Order, order. For the information of hon. Members, I would like to bring to the notice of the House the fact that it is not according to parliamentary practice to cross the floor of the House between the Speaker and the Member who is addressing the House.

**Shri. E. P. Varghese:** I do not want to dwell on that subject any more, but I hope the party in power will see that this country is not again thrust into the communal rivalries which have been the bane of this country for so long, and against which, I for my part, have loudly protested. I hope will not be forced to take up such a position hereafter.

It is not for me to congratulate the hon. Finance Minister now. I would rather watch and see, I would wait for the whole budget for reviewing the financial policy of this Ministry. But I would expect this ministry will do something in the way of reform of land policy. So far as a reform in land policy is concerned, it is very badly needed. Unless this Government is going to make a very forward and progressive policy with regard to land, I think it will not be justified in being here. We know that there is a cry for land, and there is not enough land in this country to distribute for all, still it should be our endeavour to give some land to the tillers—some land of which they shall be absolute owners. That means they must be made absolute owners of the land which they cultivate. Sir, I would once more appeal to this house to help the party in power to carry on the administration. As I said, it is no achievement to send the party out of power but it will be an achievement for all parties if we can carry on the administration not in any way, as I said, but as well as we can. If we say that we are helpless in forming a good Government and go back to the country, I think the country will not congratulate us. You must find out means to carry on the administration well, even with the present composition of the House. I do not think it will be very difficult. I for my part would prefer the Congress party, not as it is at present composed in this House, but as a party to an administrator

[Shri. E. P. Varghese]

and I would prefer an administrator to a communist regime. I have finished. I hope the House will see its way to fully realize its responsibility and act accordingly. I for my part am fully conscious of my responsibilities. I have no quarrel with any one. I have come here to co-operate for the good of the country, not as of old but as a free legislator.

ശ്രീ. ടി. വി. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ അനുമോദിക്കാനോ പിൻതാങ്ങുവാനോ നിവൃത്തിയില്ലാതെവന്നതിൽ ഞാൻ ഖേദിക്കുന്നു. അതുമാത്രമല്ല ഈ ബഡ്ജററ് ഈ സഭയിൽ അവതരിപ്പിച്ചതുതന്നെ അവമാനകരമാണെന്നു ഞാൻ വിശ്വസിക്കുന്നു. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിനുശേഷം ആദ്യമായി സമ്മേളിക്കുന്ന ഈ നിയമസഭയിൽ ഞങ്ങൾ വളരെയെല്ലാം പ്രതീക്ഷിച്ചു. സ്റ്റേററ് കോൺഗ്രസ് പാർട്ടിയുടെ പുരോഗമന സ്വഭാവംകൊണ്ടോ നേതൃത്വത്തിന് സന്മനസ്സ് ഉണ്ടാകുമെന്നു പ്രതീക്ഷിച്ചോ അല്ല, നേരെമറിച്ച് ബുദ്ധിശൂന്യമായ ഒരു നില പണ്ഡിതനും ബുദ്ധിമാനുമായ ധനകാര്യമന്ത്രി സ്വീകരിക്കുകയില്ലെന്നു വിചാരിച്ചതായിരുന്നു ഞങ്ങളുടെ പ്രതീക്ഷയുടെ അടിസ്ഥാനം. ന്യൂനപക്ഷമായ കോൺഗ്രസ്പാർട്ടി അധികാരത്തിൽ പിടിച്ചുനിൽക്കുന്നതിനുവേണ്ടിയും പൊതുജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടിയും തന്ത്രപരമായ ഒരു നില സ്വീകരിക്കുമെന്നു ഞാൻ വിശ്വസിച്ചു. എന്നാൽ ബഡ്ജററിൽ പൂർണ്ണമായ ഒരു ശൂന്യതയാണ് കാണുന്നതു്. വെറുതേ എന്തെങ്കിലും പറയുകയല്ലെന്നും ചുമതലയോടുകൂടി തന്നെയാണ് പറയുന്നതെന്നും ആദ്യമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മനസ്സിൽ തോന്നിയ യഥാർത്ഥ അഭിപ്രായം നാട്ടിന്റെ നന്മക്കുവേണ്ടി തുറന്നു പറയുകയാണ് ചെയ്യുന്നതു്. അതുമാത്രമാണ് ഞങ്ങളുടെ ഉദ്ദേശമെന്നും വ്യക്തമാക്കിക്കൊള്ളുന്നു. ഇങ്ങനെ ഒരു ബഡ്ജററ് ഈ അവസരത്തിൽ അവതരിപ്പിക്കുന്നതിന് അവരെ പ്രേരിപ്പിച്ച കാര്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. രാജപ്രമുഖന്റെ പ്രസംഗത്തിന് എതിരായി വന്ന ഭേദഗതികൾക്ക് മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, രാജപ്രമുഖന്റെ പ്രസംഗത്തിൽ വെറും സൂചനമാത്രമേ കാണുകയുള്ളുവെന്ന്. ബഡ്ജററ് അവതരിപ്പിക്കുമ്പോൾ എന്തെങ്കിലും സൂചനയുടെ പരിധിവിട്ട വ്യക്തമായ ചില പരിപാടികളും പോളിസി സ്റ്റേററുമെൻറുകളും കാണുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. ഇപ്പോൾ പറയുന്നതു് ഈ ഗവമ്മെൻറിന് ൯൦ ദിവസത്തെ പ്രായംമാത്രമേ ആയുള്ളുവെന്നും അതുകൊണ്ടു് ഒന്നും ആസൂത്രണം ചെയ്യാൻ സാധ്യമായില്ലെന്നുമാണ്. എനിക്കു ചോദിക്കുവാനുള്ളതു് ഈ മന്ത്രിസഭ കഴിഞ്ഞ നാലുവർഷക്കാലമായി ഭരണം നടത്തിയ പാർട്ടിയുടെ മന്ത്രിസഭയല്ലേ എന്നാണ്. ഇവർക്ക് ൯൦ ദിവസത്തെപ്രായം മാത്രമേയുള്ളു എന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഇവർ തെരഞ്ഞെടുപ്പിൽ പൊതുജനങ്ങളെ നേരിട്ട സന്ദർഭത്തിൽ ഒരു മാനിഫെസ്റ്റോവെച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലെങ്കിലും ഒരു ബഡ്ജററ് അവതരിപ്പിക്കാൻകഴിയുകയില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്. എന്തെല്ലാം നിർബ്ബന്ധിതസാഹചര്യങ്ങളുണ്ടെങ്കിലും പുരോഗമന പന്ഥാവിൽക്കൂടി ഒരടിപോലും മുമ്പോട്ടു പോകാൻ സാധ്യമല്ലാത്ത ചട്ടക്കൂട്ടിൽ

ഇന്നധികാരത്തിലിരിക്കുന്ന പാർട്ടി പെട്ടിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഇന്നു നാട്ടിനെ നേരിടുന്ന ചുടുപിടിച്ച പ്രശ്നങ്ങൾക്കു മറുപടി കാണാൻ യാതൊരു ശ്രമവും ചെയ്യുന്നതായി ഈ ബഡ്ജറ്റിൽനിന്നും കാണാൻ കഴിയുന്നില്ല. ഇങ്ങനെ പറയുമ്പോൾ ഒരുപക്ഷെ ധനകാര്യമന്ത്രി പറയുമായിരിക്കും ഞങ്ങൾ രാഷ്ട്രീയ ശിശുക്കളാണെന്നു്. അദ്ദേഹം അങ്ങനെ പറിഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തോട് പറയാനുള്ളതു് വളന്നു മുരടിച്ചു് വളർച്ച മുട്ടിയ നിലയേക്കാൾ വളരാൻ കഴിവുള്ള ശിശുവായിക്കഴിയാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്നാണ്. വളരാൻ നിവൃത്തിയില്ലാത്തവണ്ണം വളന്നു മുരടിച്ചു നിൽക്കുന്ന അവരെക്കാൾ അഭിമാനകരമായ ഒരു നിലയാണ് ഞങ്ങളുടേതെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഇതു് ഒരു ബഡ്ജറ്റാണോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ഒരു ബഡ്ജററ രൂപീകരിക്കുമ്പോൾ നാട്ടിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടി എന്തെങ്കിലും വ്യക്തമായ ഒരു പോളിസി അതിലടങ്ങിയിരിക്കും. ആ നിലയിൽ നോക്കിയാൽ ഇതു് ഒരു ബഡ്ജറ്റ് എന്ന പേരുപോലും അർഹിക്കുന്നില്ലെന്നാണ് എനിക്കു പറയാനുള്ളതു്. ഈ ബഡ്ജറ്റ് വായിച്ചപ്പോൾ ഒരു റസീവർ ഭരണത്തിന്റെ പ്രതീതിയാണ് തോന്നുന്നതു്. ഏതെങ്കിലും കുടുംബത്തിൽ അംഗങ്ങൾ തമ്മിൽ സ്വത്തുസംബന്ധിച്ചു് തക്കമുണ്ടാകുമ്പോൾ കോടതിയിൽനിന്നും ഒരു റസീവറെ വയ്ക്കും. ആ റസീവർ വന്നു ആ കുടുംബത്തിന്റെ ആസ്ഥികളും ബാദ്ധ്യതകളുമെല്ലാം കാണിച്ചു് ഒരു സ്റ്റേറ്റുമെന്റ തയാറാക്കും. അങ്ങനെയുള്ള ഒരു സ്റ്റേറ്റുമെന്റായിട്ടാണ് ഞങ്ങൾക്ക് ഇതു തോന്നുന്നതു്. ഈ ബഡ്ജറ്റ് ഒരു കമ്മിബഡ്ജറ്റാണെന്നോ മിച്ചബഡ്ജറ്റാണെന്നോ തീരുമാനിക്കാൻ കഴിയാതെയാണിരിക്കുന്നതു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി നിലവിലുള്ള വ്യവസ്ഥകളനുസരിച്ചാണ് ബഡ്ജററ തയ്യാറാക്കിയിട്ടുള്ളതെന്നു്. അടുത്ത വാചകത്തിൽ പറയുന്നു വിലയിടിവു് സംഭവിച്ചിട്ടുണ്ടെന്നു്. ആ നിലയിൽ എന്തുവരുമെന്ന് അറിയാൻ പാടില്ല. അദ്ദേഹത്തിന്റെ പ്രതീക്ഷകൾ മുഴുവൻ തകരാൻ പോവുകയാണെന്നു വ്യക്തമായി മുന്നറിവു കൊടുക്കാൻ ഞങ്ങൾക്കു സാധിക്കും. അങ്ങനെ വമ്പിച്ച വിലയിടിവിന്റെയും സാമ്പത്തികത്തകർച്ചയുടേയും അടിസ്ഥാനത്തിൽ ഒരു ബഡ്ജററ രൂപീകരിച്ചു് നാലുലക്ഷം രൂപാ മിച്ചമുണ്ടെന്നു പറഞ്ഞാൽ അതു് ഒരു മിച്ചബഡ്ജറ്റാണെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. തീർച്ചയായും അതു് ഒരു കമ്മിബഡ്ജറ്റായിരിക്കും. കമ്മി ബഡ്ജറ്റാണെന്നു് അദ്ദേഹം സമ്മതിക്കുന്നുമില്ല. ഏതായാലും മിച്ചബഡ്ജറ്റാണോ കമ്മിബഡ്ജറ്റാണോ എന്നു തീരുമാനിക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. കമ്മിയാണെങ്കിലും മിച്ചമാണെങ്കിലും ഇതൊരു ബഡ്ജറ്റല്ല എന്നു ഞാൻ ഉറച്ചുപറയുന്നു. ഞാൻ നേരത്തെ വ്യക്തമാക്കിയപോലെ ഇന്നു നാട്ടിനേയും നാട്ടുകാരേയും നേരിട്ടുകൊണ്ടിരിക്കുന്ന ചുടുപിടിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വ്യക്തമായ യാതൊരു പോളിസിയും ഇതിൽ കൊള്ളിച്ചിട്ടില്ലെന്നു ആവത്തിച്ചാവത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നാട്ട് വമ്പിച്ച ഒരു സാമ്പത്തികക്കുഴപ്പത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കയാണ്. പൊതുജനങ്ങളെ അലട്ടുന്ന പ്രശ്നങ്ങളെന്താണ്. അവരുടെ സാമ്പത്തിക ഭദ്രത മുഴുവൻ തകന്നുകൊണ്ടിരിക്കയാണ്. സാമ്പത്തിക ഭദ്രതയുടെ

[Shri. T.V.Thomas]

പിന്നാലെ സാംസ്കാരികമായ തകർച്ചപോലും ഉണ്ടാകും. അങ്ങനെ നാട്ടുകാർ മുഴുവൻ സാംസ്കാരികമായിപ്പോലും അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. പൗരുഷമുള്ള തിരുവിതാംകൂർകാരും ആത്മാഭിമാനമുള്ള കൊച്ചിക്കാരും സർ. സി. പി.യുടെ ഭരണം ഇവരുടെ ഭരണത്തെക്കാൾ നല്ലതാണെന്നു പറയുന്നു. ഒരു കിരാതഭരണത്തെ എതിർത്തുതോല്പിച്ച ജനങ്ങൾ ഇപ്പോൾ പറഞ്ഞുതുടങ്ങിയിരിക്കുകയാണ് സർ. സി. പി. രാമസ്വാമി അയ്യർ ഇവരെക്കാൾ നല്ല ഒരു ഭരണാധികാരിയാണെന്ന്. പൗരുഷവും അഭിമാനവും പോലും വിററുതിന്നാൻ ജനങ്ങൾ തയാറായിരിക്കുന്നു. കോൺഗ്രസ്പാർട്ടി നാട്ടിനോടുചെയ്ത ഏററവും വലിയ അപരാധം ഇതാണ്. പൊതുജനങ്ങൾ നിരാശയുടെ നെല്ലിപ്പലക കണ്ടിരിക്കുകയാണ്. ഇനി ഈ അവസ്ഥ വച്ചുപുലർത്തുന്നതു് ഒട്ടും നല്ലതല്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടത്തെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ എന്താണു ചെയ്യേണ്ടതെന്നു മനസ്സിലാക്കണം. ജനങ്ങളുടെ ജീവിതനിലവാരം വളരെ അധഃപതിപ്പിച്ചിരിക്കുകയാണ്. ആ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ എന്താണു ചെയ്യേണ്ടതെന്ന് ആലോചിച്ചുനോക്കണം. സമൂലമായ കാർഷികപരിവർത്തനവും വ്യവസായീകരണവും വരുത്തി രണ്ടുംകൂടി യോജിപ്പിച്ചുകൊണ്ടുപോകാൻ തയാറായില്ലെങ്കിൽ നാട്ടിനേയും നാട്ടുകാരേയും രക്ഷിക്കാൻ സാദ്ധ്യമാകുന്നതല്ല. അതിന് മുതലക്കണ്ണുനീർ വീഴ്ത്തിയാൽ മാത്രംപോരാ. ഇനി ആ നിലയിൽ നാട്ടുകാരെ വഞ്ചിക്കാൻ സാദ്ധ്യമല്ല. ഒരു കാർഷിക പരിഷ്കരണം നടപ്പിലാക്കാൻ ഈ ഗവമെൻറ് തയാറുണ്ടോ? ഒരു വ്യാവസായീകരണം ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഈ ഗവമെൻറ് തയാറുണ്ടോ? വ്യവസായീകരണത്തെപ്പററി പറയുമ്പോൾ ഈ ഗവമെൻറിൻെറ തൊഴിലാളിനയമാണ് എനിക്കു ഓർമ്മവരുന്നതു്. തൊഴിലാളികളെ കോൺഗ്രസുകാരാക്കാൻ ഇവർ ശ്രമിക്കുന്നുണ്ട്. തൊഴിലാളികളെ നാട്ടുകാരാക്കാനും ദേശാഭിമാനികളാക്കാനും ഇവർ ശ്രമിക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നതു്: പുരോഗമനപരമായ ഒരു തൊഴിലാളിനയമില്ലെങ്കിൽ അവരിൽ നിന്നും യാതൊരു സേവനവും നാട്ടിനു വേണ്ടി പ്രതീക്ഷിക്കേണ്ടതില്ല. എന്താണിവരുടെ തൊഴിലാളിനയം?

തൊഴിലാളികളുടെ നില എത്ര തരത്തിലിരിക്കുന്നു എന്നു ഞാൻ കഴിഞ്ഞ അവസരത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇപ്പോൾ അവരുടെ മേൽ നിർബന്ധിത അഡ്ജൂഡിക്കേഷൻ മുതലായ നിയമങ്ങൾ ഉണ്ടാക്കിവെച്ച് തൊഴിലാളി സംഘടനകൾ വെറും വൈ. എം. സി. എ., വൈ. ഡബ്ലിയു. സി. എ. മുതലായ സംഘടനകൾപോലെയാക്കിയിരിക്കുകയാണ്. ഇതെല്ലാം ഇന്നത്തെ തൊഴിലാളിലോകത്തിൻെറ രക്ഷയ്ക്കു ഒട്ടും പററിയതല്ല എന്നു എല്ലാവരും മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ഇന്നും ലേബർ ഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറായിട്ടില്ല. ഏററവും പ്രധാനമായ ഈ ഡിപ്പാർട്ടുമെൻറിനെ ബഡ്ജററിൽ ചേർത്തിരിക്കുന്നതു് ഗെയിംസ് അതായതു് ദുർവിനോദവകുപ്പിനോടുകൂടിയാണ്. ഇതാണ് ഇന്നത്തെ ഗവമെൻറ് തൊഴിലാളികളോടു കാണിച്ചുവരുന്ന നയം. അതിൻെറ ഒരു സൂചന മാത്രമാണ് ഞാൻ പറഞ്ഞതു്. എനിക്കു പറയാനുള്ളതു് തൊഴിലാളികൾക്കു പുരോഗമനമുണ്ടായെങ്കിലല്ലാതെ വ്യാവസായീകരണം അഭിവൃദ്ധിപ്പെടാൻ സാദ്ധ്യമല്ലെന്നാണ്. വ്യവ

സായീകരണത്തിനുതന്നെ സമൂലപരമായ ഒരു കാർഷികപരിവർത്തനം നടപ്പിലാക്കണം. ഈ രണ്ടു കാര്യങ്ങളും നടപ്പിൽ വരാതേയും വരുത്താതേയും ഉള്ള യാതൊരു ബഡ്ജററും ബഡ്ജററായി അംഗീകരിക്കുവാൻ പുരോഗമനസ്വഭാവമുള്ള പാർട്ടികളും വ്യക്തികളും തയാറാവുകയില്ല എന്നു വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നേഷൻ ബിൽഡിംഗ് പദ്ധതികൾക്കായി—അതിന്റെ പ്രവർത്തനത്തിനു വേണ്ടി—പണം ധാരാളമായി ചെലവിട്ടിട്ടുണ്ട് എന്നു പറയുകയുണ്ടായി. ഇതു കേട്ടു വളരെ ആശയോടുകൂടി ഞാൻ ആ അപ്പൻഡിക്സ് വായിച്ചു നോക്കി. അപ്പോൾ അതിൽ കണ്ട സംഗതികൾ ഞാൻ സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായിത്തന്നെ ഇറിഗേഷൻ സ്കീംസിനെപ്പററിയാണ്. ഇതിലേയ്ക്കു കഴിഞ്ഞ വർഷത്തിൽ കൊള്ളിച്ചിരുന്നതിൽ കുറവായിട്ടാണ് സംഖ്യ ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ ൩൧ ലക്ഷം രൂപാ ഈ ആണ്ടിൽ കുറവുവരുത്തിയിട്ടുണ്ട്. അതുപോലെതന്നെ മെഡിക്കൽ, അയുർവ്വേദം എന്നീ ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് ൨൨. ലക്ഷം രൂപാ കുറവായിട്ടാണ് ഈയാണ്ടിൽ കൊള്ളിച്ചിരിക്കുന്നത്. എന്താണ് ഇതിന്റെയെല്ലാം അർത്ഥം? ഇന്ന് ഈ സ്റ്റേററിലുള്ള എല്ലാ അംഗങ്ങൾക്കും ആശുപത്രിയിൽ കഞ്ഞിപോലും കിട്ടാതെയിരിക്കുന്ന സ്ഥിതിക്ക് മെഡിക്കൽ വകുപ്പിൽ ഇത്രയും രൂപാ കുറച്ചാലുള്ള സ്ഥിതി എന്തായിരിക്കും? മുമ്പ് ആശുപത്രിയിൽ പോയാൽ ഏതു രോഗത്തിനും വെളിയിൽ അയോഡിൻ പുരട്ടി വിടുന്ന ഒരു പതിവു കേട്ടിട്ടുണ്ട്. ഇക്കണക്കിനു ആശുപത്രികളിൽ അയോഡിൻ പോലും ലഭിക്കുകയില്ല. ഇപ്പോൾതന്നെ അയോഡിൻപോലും ഇല്ലാതിരിക്കുകയാണ്. ഈ സാഹചര്യങ്ങളിലാണ് മെഡിക്കൽ വകുപ്പിലേക്ക്........

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വ്യത്യാസം, കഴിഞ്ഞ ബഡ്ജററിൽ കാണിച്ചിരുന്ന തുക, ഈ ആണ്ടത്തെ ബഡ്ജററിൽ മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ ചെലവിലേയ്ക്കുകൂടിയുണ്ടായിരുന്നതു്, ക്ലാസിഫിക്കേഷൻ അനുസരിച്ച് പബ്ളിക്ക് വർക്സിലേയ്ക്ക് മാററിയതുകൊണ്ട്, വന്നിട്ടുള്ളതാണ്. ൨൨ ലക്ഷം രൂപാ അവിടെ കൊള്ളിച്ചിരിക്കുകയാണ്.

ശ്രീ. ടി വി. തോമസ്: ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ വിശദീകരണത്തിൽനിന്നു അയോഡിൻ എങ്കിലും നമുക്കു കിട്ടുമെന്നു പ്രതീക്ഷിക്കാം. എതായാലും ഞാൻ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. അതുപോലെതന്നെ റൂറൽ ഡെവലെപ്പുമെന്റുവകുപ്പിലേയ്ക്കും കഴിഞ്ഞ വർഷത്തേക്കാൾ ൯൨ ലക്ഷത്തോളം രൂപാ കുറവായിട്ടാണ്, ഈ കൊല്ലം തുക കൊള്ളിച്ചിരിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പുതിയ പഞ്ചായത്തു ആക്ടിന്റെ വിശദാംശം അനുസരിച്ച് പഞ്ചായത്തിലേയ്ക്കുള്ള ചെലവ് സെൻട്രൽ റവന്യൂവിൽനിന്നല്ല കൊടുക്കുന്നതു്. അതാണ് ഈ കുറവു കാണുന്നതു്.

ശ്രീ. ടി. വി. തോമസ്സ്: അതുപോലെതന്നെ ഇന്ന് ഏററവും പ്രാധാന്യമർഹിക്കുന്ന ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിലേയ്ക്കു കാർഷികവികസനപദ്ധതികൾക്കായി ഈ വർഷത്തിൽ കൊടുത്തിരിക്കുന്ന തുക കഴിഞ്ഞപ്രാവശ്യത്തേക്കാൾ എഴുലക്ഷം രൂപാ കുറവായിട്ടാണ്. ഇതിനും എന്തെങ്കിലും വിശദീകരണം ഉണ്ടോ എന്നറിയാൻ എനിക്കു കൗതുകം ഉണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല, ഇല്ല.

ശ്രീ. ടി. വി. തോമസ്സ്: അതുപോലെതന്നെ അഡ്വാൻസുമെൻറ് ഓഫ് ബാക്ക്വേർഡ് കമ്മ്യൂണിററീസ്, വെററർനറി ഇവയ്ക്കും വളരെ കുറവായിട്ടാണ് തുകകൾ ചേർത്തിരിക്കുന്നത്. ഇങ്ങനെ ഈ അപ്പെൻറിക്സ് പരിശോധിച്ചതിൽ, ഓരോ വകുപ്പിനും കഴിഞ്ഞ വർഷം ഉണ്ടായിരുന്നതിനേക്കാൾ വളരെ കുറവായിട്ടാണു തുക കൊള്ളിച്ചിരിക്കുന്നത് എന്നു കാണാൻ കഴിയുന്നതാണ്.

അതുപോലെതന്നെ ഇന്നു വർദ്ധിച്ചുവരുന്ന കടഭാരം, വിലയിടിവ് ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഈ ബഡ്ജററിൽ യാതൊന്നും കാണുന്നില്ല. അതുപോലെതന്നെ നികുതിയെപ്പററിയും സമൂലപരമായ ഒരു പരിവർത്തനം വരുത്തേണ്ടതാണ്. നികുതി ഈടാക്കേണ്ടതു് ആരിൽനിന്നാണ് എന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം നല്ലപോലെ പുനരാലോചിക്കേണ്ടതാണ്.

സർ, അതുപോലെതന്നെയാണ് ഈ സെയിൽസ് ടാക്സ് പിരിച്ചുവരുന്നതും. ഇതൊരു നാണംകെട്ട ഏർപ്പാടാണെന്നു എല്ലാവരും സമ്മതിച്ചിരിക്കുകയാണ്. അതും ഒരു പോയിൻറു മാത്രമല്ല. അതുപോലെതന്നെ സർക്കാർജീവനക്കാരുടെ കാര്യവും അദ്ധ്യാപകന്മാരുടെ കാര്യവും. അദ്ധ്യാപകന്മാരുടെ കാര്യത്തെപ്പററി എന്തോ ചില വിട്ടുവീഴ്ചകൾ ചെയ്യാൻ തയാറാണെന്നു പറയുന്നതുകേട്ടു. അതിലേയ്ക്കായി എതാനും തുക ഈ ബഡ്ജററിൽ ചേർത്തിട്ടുംഉണ്ട്. ഏതായാലും ഇന്ന് അതൊരു കഴിഞ്ഞ പ്രശ്നമായിത്തീർന്നിരിക്കുകയാണ്. അടുത്ത കാലത്ത് അതു തീർക്കാണവാൻ സാദ്ധ്യവുമല്ല. ഇന്നത്തെ രീതിയിൽ തിരുവിതാംകൂറിലുള്ള അദ്ധ്യാപകന്മാർ കൊച്ചിയിൽ പോയി ജോലി നോക്കിയാലും കൊച്ചിയിലുള്ളവർ ഇവിടെ വന്നു ജോലി നോക്കിയാലും അവർ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളത്തിൽ കുറവു വരുന്നുണ്ട്. ഇങ്ങനെയുള്ള അസമത്വങ്ങളാണ് ഇന്നു നിലവിലിരിക്കുന്നതു്. ഈ അസമത്വം വച്ചുപുലർത്തുന്നതുമൂലം സർവ്വീസിൽ സംതൃപ്തിയുണ്ടാകുന്നതല്ല. ഇങ്ങനെയുള്ള അസമത്വങ്ങൾ നിലവിലിരിക്കുന്നതുകൊണ്ട് എല്ലാ വകുപ്പുകളിലും ഇന്നു അസംതൃപ്തിയാണുള്ളതു്. ഇതിനെല്ലാം ഒരു പരിഹാരം കാണുന്നതിനു വിപ്ലവപരമായ ഒരു പോളിസി അംഗീകരിക്കണമെന്നാണെനിക്കു പറയാനുള്ളതു്. ഇതിനു കോൺഗ്രസ്സ് പാർട്ടി തയാറാകയില്ല. തയ്യാറാകുമായിരുന്നെങ്കിൽ ഈ മാതിരി ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിക്കുമായിരുന്നില്ല.

കഴിഞ്ഞപ്രാവശ്യം ഇവിടെ അധികാരത്തിലിരുന്ന ഒരു മന്ത്രിയോടു ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹം പറയുകയായിരുന്നു, "ഐക്യമുന്നണി" ഒരു നല്ലബോംബാണെന്നും ഞങ്ങൾക്കെതിരായി അതിനെക്കാൾ ഒരു നല്ല ബോംബ് അദ്ദേഹം തയാറാക്കിക്കൊണ്ടിരിക്കുകയാണെന്നും, അതു

യതു് ഒരു കാർഷികപദ്ധതി അദ്ദേഹം നടപ്പിലാക്കാൻ പോകുന്നു എന്നും താൻ അതിനൊരു ഡ്രാഫ്റ്റ് തയാറാക്കി അയച്ചിട്ടുണ്ടെന്നും പറഞ്ഞു. ഇതു ചില പത്രങ്ങളിലും നിങ്ങൾ കണ്ടിരിക്കാം. എന്നാൽ ഇന്നു അതെല്ലാം എവിടെപ്പോയെന്നറിഞ്ഞില്ല. ഇപ്പോൾ ഞാൻ സൂചിപ്പിച്ച മന്ത്രി തന്നെയാണു് ഇന്നധികാരത്തിലിരിക്കുന്നതു്. ഇങ്ങനെ ഒരു കാർഷികപദ്ധതിയുണ്ടാകുമെന്നു എനിക്കു പ്രതീക്ഷയില്ല. അതുകൊണ്ടു് ബഡ്ജററിനെ അനുകൂലിക്കുവാൻ സാദ്ധ്യമല്ല. ഈ ബഡ്ജററിനെ അങ്ങേയററം എതൃക്കുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണു്. ഈ ബഡ്ജററ് യാതൊരു പരിഗണനയും കൂടാതെ തള്ളിക്കളയണമെന്നാണു് സഭയോടഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ എതൃക്കുവാനാണു് ഞാൻ ഇവിടെ നിൽക്കുന്നതു്. വളരെ കുറച്ചു ദിവസം മാത്രംകൊണ്ടു തയാറാക്കിയ ഒരു ബഡ്ജററാണിതെന്നു ധനകാര്യമന്ത്രി പറയുന്നു. എങ്കിലും കഴിഞ്ഞ നാലുകൊല്ലത്തിലധികം കാലത്തെ തയാറെടുപ്പിനുശേഷം തയാറാക്കിയിട്ടുള്ള ഒരു ബഡ്ജററിന്റെ രൂപം ഇതിൽ പ്രതിഫലിച്ചിട്ടുണ്ടെന്നുള്ളതു് ഈ സഭയിലുള്ള എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനു മുമ്പിരുന്ന മന്ത്രിസഭയും അതിനു മുമ്പു ഇരുന്നവരും തയാറാക്കിയിട്ടുള്ളപോലെതന്നെയാണു് ഈ മന്ത്രിസഭയും ഈ ബഡ്ജററ് തയാറാക്കിയതെന്നും ഇതിനകത്തു ആളുകളെ കബളിപ്പിക്കുവാനും വ്യാമോഹിപ്പിക്കുവാനും ഉള്ള കണക്കുകളുടെ ഒരു സമാഹാരമാണു് ഇന്നു നമ്മുടെ മുമ്പേ വച്ചിട്ടുള്ളതെന്നു ഒററനോട്ടത്തിൽ അറിയാൻ സാധിക്കുന്നതാണു്. ഇതൊരു മിച്ച ബഡ്ജററാണെന്നു പറയുന്നുവെങ്കിലും അങ്ങനെയാകാൻ വഴിയില്ല. എന്നാൽ അപ്രകാരമുള്ള ഒരു മിച്ച ബഡ്ജററാണെന്നു തെളിയിക്കുവാൻ ബഹു. ധനകാര്യമന്ത്രി ഇവിടെ ചെയ്ത പ്രസംഗത്തിൽ വളരെ ശ്രമം നടത്തിയിട്ടുണ്ടു്. കഴിഞ്ഞകൊല്ലത്തെ ബഡ്ജററ് ഒരു കമ്മി ബഡ്ജററായിരുന്നു. കഴിഞ്ഞകൊല്ലത്തിൽ ഒരു മിച്ച ബഡ്ജററാകുവാൻ ഉണ്ടായ പരിതസ്ഥിതി എന്തെല്ലാമായിരുന്നു എന്നു് ഈ ബഡ്ജററ പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. അതായതു്, രണ്ടുകൊല്ലത്തെ മാച്ചസിന്റെ തീരുവ, കൊച്ചിതുറമുഖത്തെ വരവു് റെയിൽവേ എന്നുള്ള വരവിനങ്ങളായിരുന്നു. ഇങ്ങനെ രണ്ടു കൊല്ലത്തെ വരവിനങ്ങൾ വിനിയോഗിച്ചു കഴിഞ്ഞ കൊല്ലത്തിൽ ഒരു മിച്ച ബഡ്ജററാക്കിത്തീർത്തു. എന്നാൽ ഇന്നത്തെ സാഹചര്യങ്ങളനുസരിച്ചു് വരുന്ന കൊല്ലത്തേയ്ക്കു് പ്രതീക്ഷാനിർഭരമായ കണക്കുകൂട്ടലുകൾ കൊണ്ടു് ഇങ്ങനെയൊരു ബഡ്ജററ് അവതരിപ്പിച്ചിരിക്കുകയാണു് എന്നാണു നാം ഓർക്കേണ്ടതു്.

ഇന്നു നമ്മുടെ നാട്ടിൽ നമുക്കുള്ള നാളികേരത്തിനും നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്കും വിപണികളില്ലാതെ വില വളരെ കുറഞ്ഞുവരുന്നു. തന്മൂലം സാധാരണ ജനങ്ങളുടെ ശക്തി അതായതു് കൃഷിക്കാരുടേയും തൊഴിലാളികളുടേയും ശക്തി വളരെ നശിച്ചിരിക്കുന്നു. ഇങ്ങനെയിരിക്കെ ഈ മാതിരി ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിച്ചതിൽ വളരെ അത്ഭുതപ്പെടുന്നു. ഇതിനകത്തു യാതൊരു പുതിയ നികുതികളും ചേർത്തിട്ടില്ല എന്നും വളരെ പുരോഗമനപരമായ കാര്യങ്ങൾ ആസൂത്രണം

[Shri Chengarappilli P. Narayanan Potti]

ചെയ്തിട്ടുണ്ടെന്നും പറയുകയുണ്ടായി. ഇവിടെ ഇപ്പോഴും നിലവിലുള്ള നികുതിയിൽ ഒരു പൈപോലും കൊടുക്കാൻ നിവൃത്തിയില്ലാതെ സാധാരണ ജനങ്ങൾ കഷ്ടപ്പെടുമ്പോൾ ഇന്നു പുതിയതായി യാതൊരു നികുതിയും കൂട്ടിട്ടില്ല എന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. ഇന്നു സാധാരണ ജനങ്ങൾക്കു യാതൊരു രക്ഷയും ഉണ്ടാകുന്നതിനു സഹായമായ ഒരു ബഡ്ജററല്ല ഇതെന്നു് ആർക്കും മനസ്സിലാക്കാൻ സാധിക്കും. ഇന്നത്തെ സാമൂഹ്യസാമ്പത്തികനിലയ്ക്കു തന്നെ ഒരു സമൂല പരിവർത്തനം ആവശ്യമാണു്. ഈ സംഗതി ഇതിനകംതന്നെ വ്യക്തമാക്കി കാണിച്ചുകൊടുത്തിട്ടുണ്ടു്. എന്നിട്ടും യാതൊരു സംഗതിയും അതിലേയ്ക്കു സഹായകമായി ഇവിടെ ചെയ്തിട്ടില്ല. അങ്ങനെ ചെയ്യുന്നതിനുള്ള യാതൊരു മനസ്ഥിതിയും ഈ ബഡ്ജററ തയാറാക്കിയ കക്ഷിക്കില്ലായെന്നുള്ളതു് ഞാൻ ശരിക്കിവിടെ ഉറപ്പിച്ചു പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ ബഡ്ജററ് ഒന്നുകൂടി സൂക്ഷിച്ചാൽ അതിൽ ഇവിടത്തെ സാധാരണക്കാരനു വേണ്ടി യാതൊരു രക്ഷയും ചെയ്തിട്ടില്ലയെന്നും ഇവിടത്തെ മുതലാളിമാർക്കും യാതൊരു രക്ഷയും ചെയ്തിട്ടില്ലെന്നും തെളിയുന്നതാണു്. ഞാൻ മുതലാളിമാരെ അനുകൂലിച്ചു പറയുന്നതല്ല. മുതലാളിമാർക്കും ഈ ബഡ്ജററിൽ യാതൊരാനുകൂല്യവും ചെയ്തിട്ടില്ല എന്നുള്ളതു് വളരെ വ്യക്തമായി മനസ്സിലാകുന്ന ഒരു സംഗതിയാണു്. കഴിഞ്ഞകൊല്ലം വ്യവസായീകരണത്തിനായി ഒരു നല്ല തുക നീക്കിവച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിൽ ഒരു നല്ല ഭാഗം ഗവമ്മെൻറ് സ്പോൺസേർഡ് ഇൻഡസ്ട്രീസിനായി മാത്രം കൊടുക്കുകയുണ്ടായി. മററുള്ള ഇൻഡസ്ട്രീസിനു കൊടുത്തിട്ടുള്ളതായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായില്ല. ഞാൻ മുതലാളിമാർക്കുവേണ്ടി സംസാരിക്കുകയല്ല. ഏതു തരത്തിലുള്ള ആൾക്കായിരുന്നാലും യാതൊരു പ്രയോജനവുമില്ലാത്ത ഒരു ബഡ്ജററാണിതു്. ഇന്നു് അങ്ങിനെയുള്ള സാമ്പത്തിക ഘടനയാണു നിലവിലിരിക്കുന്നതു്. അതിനൊരു സമൂലപരിവർത്തനമാവശ്യമാണു്.

ഇന്നാണെങ്കിൽ അധികാരത്തിലിരിക്കുന്നവർ പറയുന്നു, ഞങ്ങൾ അതു ചെയ്യുന്നു, ഇതു ചെയ്യുന്നു, ഭാവിയിൽ നന്നായിരിക്കും എന്നെല്ലാം. ഞങ്ങൾക്കു പന്ത്രണ്ടു ദിവസം മാത്രമേ ആയുസ്സുള്ളു എന്നും എന്തു വേണമെങ്കിലും സാധിച്ചുതരാം എന്നും ഇങ്ങനെ വരാഭയാ ഹസ്തങ്ങൾകൊണ്ടു മാലാഖമാരായി നിന്നുകൊണ്ടു പറഞ്ഞിട്ടുള്ള കള്ളക്കണക്കുകൾ കേട്ടപ്പോൾ. . . .

**Mr. Speaker:** 'കള്ളക്കണക്കു്' is unparliamentary. Please withdraw that word.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അതിനു പകരം എന്തെങ്കിലും വേറെ വാക്കു ചേർത്തുകൊള്ളട്ടെ. എനിക്കു പറയാനുള്ള ആശയത്തിനു വാക്കു കിട്ടാത്തതിനാലാണു്, ഞാനാവാക്കു ഉപയോഗിച്ചതു്. എനിക്കു നിയമസഭാ നടപടികളിൽ പരിചയക്കുറവാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മനസ്സിലാകാത്ത കണക്കുകൾ എന്നു തിരുത്തി പറയാം.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ഇങ്ങനെ മനസ്സിലാകാത്ത കണക്കുകൾ എല്ലാം ചേർത്തു ഉണ്ടാക്കിയിരിക്കുന്ന ഈ ബഡ്ജററ് നമുക്കു അപമാനകരമാണെന്നു പറഞ്ഞുകൊള്ളട്ടെ.

എനിക്ക് അടുത്തതായി പറയാനുള്ളത് ഇവിടത്തെ ലാൻഡ് പോളിസിയെപ്പറ്റിയാണ്. ഇവിടത്തെ ലാൻഡ് പോളിസിയെപ്പറ്റി ഇവിടെ ഭരിക്കുന്നവരുടെ കക്ഷിയിൽപ്പെട്ടവരുടെ പ്രസംഗങ്ങളും അവരുടെ ചുമതലകളെ സംബന്ധിച്ചും പ്രസംഗങ്ങൾ നടക്കുകയുണ്ടായി. ചുമതലക്കണ്ണുനീർ പൊഴിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും ഇവിടെ നടക്കുകയുണ്ടായി. ഞങ്ങൾക്ക് കണ്ണുനീർപൊഴിക്കുന്ന ഭരണാധികാരികളെ ആവശ്യമില്ല. അനാവശ്യമായി ഭരണകൃത്യങ്ങൾ നടത്തി കുറെ കഴിഞ്ഞു അതിൽപശ്ചാത്തപിക്കുന്ന ഭരണാധികാരികളെയും ആവശ്യമില്ല. കണ്ണുനീർപൊഴിക്കുക എന്നുള്ളതു സാധാരണ മൂഢന്മാർ ചെയ്യുന്ന കൃത്യമാണ്. അല്ലാതെ അതു ഭരണാധികാരികൾക്കു ചേർന്നതല്ല. കിട്ടിയ സന്ദർഭം വേണ്ടപോലെ വിനിയോഗിച്ച് രാജ്യത്തേയും ജനങ്ങളേയും വേണ്ടപോലെ മനസ്സിലാക്കി അവരവരുടെ ആവശ്യങ്ങളെയും താല്പര്യങ്ങളെയും കഴിയുന്നത്ര ഭംഗിയായി എത്രയും വേഗത്തിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ പ്രാഗത്ഭ്യമുള്ള ഭരണാധികാരികളെയാണു ഇന്നു രാജ്യത്തിനാവശ്യമായിരിക്കുന്നത്. ഇവിടത്തെ ഭരണാധികാരികളെക്കൊണ്ടു ഈ രാജ്യത്തിനാവശ്യമുള്ള അരി കൊടുക്കുവാൻ സാധിച്ചില്ലെങ്കിൽ അതു പോകട്ടെ ഇവിടത്തെ ഉത്തമപൗരന്മാരെ പോലീസ് സ്റ്റേഷനുകളിലും ലാക്കപ്പുകളിലുമിട്ട് തല്ലിക്കൊല്ലുന്നുവെങ്കിൽ അതിലും ഞാൻ പരാതി പറയുന്നില്ല. പക്ഷെ, ഇവിടത്തെ ജനങ്ങളുടെ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുകയും മററുള്ളവരുടെ മുൻപിൽ അവർക്ക് തലകുനിക്കേണ്ടിവരികയും ചെയ്യുന്ന ഒരു പരിതസ്ഥിതിയാണു ഇപ്പോൾ ഇവിടെയുണ്ടായിരിക്കുന്നത്. സർ, ൧൯൪൮-ൽ സർദാർ വല്ലഭായി പട്ടേലിനെക്കൊണ്ടു തിരുവിതാംകൂർ കൊച്ചി രാജ്യവും, മൈസൂർ രാജ്യവും നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ നിൽക്കുന്നുവെന്ന് പറയിപ്പിച്ചുവെങ്കിൽ, ൩൭൧-ാം വകുപ്പ് ഈ രണ്ടു രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒഴിവാക്കപ്പെടാവുന്നതാണെന്നു സർദാറിനെക്കൊണ്ടു പറയിപ്പിക്കത്തക്കവണ്ണമുള്ള മഹത്തായ പാരമ്പര്യം നാം പ്രകടിപ്പിച്ചുവെങ്കിൽ ഇന്നത്തെ അവസ്ഥ ഇവിടത്തെ ജനങ്ങളുടെ ആത്മാഭിമാനത്തെ എത്രമാത്രം ബാധിക്കുന്ന ഒന്നാണെന്നു ആലോചിക്കുമ്പോൾ ഇന്നത്തെ ഭരണാധികാരികളെപ്പററി എന്തു മനോഭാവമാണു ഈ രാജ്യത്തെ ഒരു പൗരനുണ്ടാകേണ്ടതെന്നു ഞാൻ ചോദിക്കുന്നു. സർദാർ പട്ടേലിനെക്കൊണ്ടു അങ്ങനെ പറയിപ്പിക്കത്തക്ക ഒരു പാരമ്പര്യം ൧൯൪൮-ൽ നമുക്കുണ്ടായിരുന്നുവെങ്കിൽ, ൧൯൫൦-ൽ അതില്ലാതാക്കത്തക്കവിധത്തിലുള്ള ഒരു പാരമ്പര്യം നമുക്കുണ്ടാക്കിത്തന്നതു ആരാണ്? കഴിഞ്ഞ പാർലിമെൻറിൽ ശ്രീ. ഗോപാലസ്വാമി അയ്യങ്കാർ പ്രസ്താവിക്കുകയുണ്ടായി, തിരുവിതാംകൂർ-കൊച്ചിയിലെ ഭരണത്തിന് ഒരു അഡ്വൈസറെയൊ, അല്ലെങ്കിൽ കൗൺസലറെയൊ, അല്ലെങ്കിൽ അതു പോലെയുള്ള ഒരു ഉദ്യോഗസ്ഥനെയൊ അയച്ചുകൊടുക്കേണ്ടതുണ്ടെന്ന്. അദ്ദേഹം ഇവിടത്തെ കോൺഗ്രസ് ഭരണത്തെക്കുറിച്ചോ, അല്ലെങ്കിൽ കോൺഗ്രസ് ഭരണാധികാരികളെക്കുറിച്ചോ ഒരുപക്ഷെ, വേണ്ടവണ്ണം ധരിച്ചുകൊണ്ടായിരിക്കാം അപ്രകാരം പ്രസ്താവിച്ചതെങ്കിലും ഇവിടത്തെ ജനങ്ങൾക്കു അതൊരിക്കലും അഭിമാനകരമായിരിക്കുന്നില്ല. ഇവിടത്തെ ഭരണാധികാരികളെക്കുറിച്ചാണ് അദ്ദേഹം ഇതു പറഞ്ഞിരുന്നതെങ്കിൽ ഞങ്ങൾക്ക് അതിൽ ആക്ഷേപമില്ലായിരുന്നു. പക്ഷെ അദ്ദേഹം തിരുവി

[3. P. M.]

[Shri Chengarappilli P. Narayanan Potti]

താംകൂർ-കൊച്ചിയിലെ ജനങ്ങളെപ്പററിയാണു പാർലിമെൻറിൽ പ്രസ്താവിച്ചതു്. അങ്ങനെ പ്രസ്താവിക്കുവാനിടയാക്കിയ പരിതഃസ്ഥിതി നാലു കൊല്ലക്കാലത്തെ ഇവിടത്തെ കോൺഗ്രസ്സ ഭരണംകൊണ്ടു വരുത്തിവച്ചതും ഇവിടത്തെ ജനതയുടെ അഭിമാനത്തെ ഈ നിലയിൽ ഒററികൊടുത്തതും ഒരിക്കലും ഇവിടത്തെ ജനങ്ങൾ സഹിക്കുകയില്ലെന്നു ഈയവസരത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

സർ, ഇത്രയേറെ ധൂർത്തടിച്ചും രാജ്യദ്രോഹകരമായ നിലയിലും ഇതുവരെ ഭരിച്ചുകൊണ്ടുപോന്ന ഭരണാധികാരികൾതന്നെ ഇന്നു് പാർട്ട് എ. സ്റ്റേററും ബി. സ്റ്റേററും തമ്മിൽ ഫോർത്തുഫാറം എ. യും. ബി. യും പോലെയുള്ള വ്യത്യാസമേയുള്ളു എന്നു പറയുന്നതു വകവച്ചുകൊടുക്കുവാൻ ഐക്യമുന്നണിക്കാർ തയ്യാറില്ല. ഫൻ ർൻ–നശേഷം, മൂന്നു കൊല്ലത്തിനിടയ്ക്കു നമ്മുടെ ഭരണപാരമ്പര്യത്തിന് സാരമായ ആഘാതം ഏററുവെങ്കിൽ അതിനു ഉത്തരവാദികൾ ഇവിടത്തെ കോൺഗ്രസ്സ ഭരണാധികാരികളല്ലാതെ മററാരുമല്ല. ഒരിക്കലും ഇവിടത്തെ ജനങ്ങളല്ല. ഫൻ ർൻ–ലെ മഹത്തായ പാരമ്പര്യവും സൽപേരും സംരക്ഷിക്കുവാൻ ഭരണപാടവവും ചുണയുമുള്ള ആളുകൾ ഈ രാജ്യത്തു വേറെയുണ്ടു്. ഇങ്ങനെയുള്ള ഒരു ദുർഘടസന്ധിയിലേക്കു് നമ്മുടെ രാജ്യത്തെ വലിച്ചിഴയ്ക്കുകയും നമ്മുടെ സാമ്പത്തിക ഘടനയെയും സാമൂഹ്യക്ഷേമത്തെയും കുരുതി കൊടുക്കത്തക്ക പരിതഃസ്ഥിതികൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനു പര്യാപ്തമായ ഇങ്ങനെയുള്ള കണക്കു കൂട്ടലുകളെ യാതൊരുവിധത്തിലും ഈ സഭ അംഗീകരിക്കരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

**Shri N. A. Noor Muhammad :** Sir, the Hon. Finance Minister has presented a surplus Budget. The Deputy Speaker while addressing the House this morning has congragulated the Finance Minister for having presented a surplus Budget. Sir, according to the hon. Finance Minister, the estimated income for 1952—53 would be about 16·3 crores and the expenditure 16·26 crores and the actual surplus would be about 4 lakhs. It will be my endeavour to show the Budget that has been presented to us is not a surplus one in the true sense but a deficit one. Knowing as we do the financial and economic conditions of Travancore-Cochin, we are rather surprised to find how it has been possible for the Minister of Finance to show a surplus while the prevailing conditions would warrant only a deficit Budget.

Sir, economic blizzard has already set in the country. There is a sudden fall in prices of commodities and a slump in the market. Of course, we are just experiencing the beginnings of the economic blizzard. As days roll on it may grow in its dimensions and in its devastating effects. The hon. Finance Minister himself recognises that as a result of the sudden fall in prices and the slump that is now setting in, it is likely that the anticipations under some of the principal heads of revenue like excise duties, forest, sales tax, stamps, etc. may be affected. He has also stated that the estimates for the coming year are moderate and conservative.

But on a careful scrutiny we can see that the Budget is not a surplus one but really a deficit one. We could find that his estimates are not only not conservative but grossly exaggerated. For instance, under the head 'stamps' Judicial department, one could notice the revised estimate for 1951—52 being put at Rs. 55 lakhs but budget estimate for 1952—53 being shown

as 57 lakhs, thus showing an income of Rs. 2 lakhs more. While actually the income might register a fall due to blizzard, the hon. Finance Minister has boosted up the figures so as to present a surplus Budget. Coming to sales tax, while the revised estimate for 1951—52 shows only an income of Rs. 2,20,14,000 the budget estimate is put at Rs. 2,39,95,0C0. Thus the income under that head is expected to yield Rs. 19,81,000 more. However, the Finance Minister admits that there is slump in the market and naturally the income will decrease.

I would like to bring to the notice of the House that there is a peculiar factor to be reckoned with so far as the item of sales tax is concerned. Our sales tax authorities in the State have been imposing taxes on imports and exports and the very imposition was called in question as militating against the provisions of Section 268 of the Indian Constitution. In Bombay Co. Ltd. & others v State, as reported in 1952 KLT page 59, a Full Bench of our High Court have held that such levy of sales tax was illegal. The matter is pending before the Supreme Court. As things stand, it is likely that the Supreme Court would uphold the verdict of our High Court. In that case, the State would have to refund sums to the tune of 1·25 crores. Even taking that we have a ready surplus Budget, if we are to give the refund of Rs. 1·25 crores, what will be the state of our finances. How will this Government meet that 1·25 crores?

**Shri Panampilli Govinda Menon:** May I tell the hon. Member that even if the Full Bench decision now pending in the Supreme Court goes against the State, his anticipation of refund arrived at is not correct?

**Shri N. A. Noor Mohammad:** According to very reliable information my figures have been arrived at. It may not be correct.

**Shri Panampilli Govinda Menon:** There is information with Government on this matter. However the figure stated by the hon. Member is not at all correct.

**Shri N. A. Noor Muhammad:** What I am at is, if that comes to pass, our finances would be greatly affected.

If, in the coming year, we are not levying sales tax on the imports and exports our revenues under the head would be far below expectations.

I must also point out the ingenious method adopted by the hon. Finance Minister to boost up the revenues. In the year 1950—51, from the amount allotted under Public Works, a sum of about Rs. 50 lakhs was saved and added on to the Budget of 1951—52. This year also a saving of Rs. 22 lakhs under 68 Irrigation and about 17 lakhs under Capital Outlay on electrical schemes is also effected. In all about 37 lakhs are saved and carried on to the present year. Even in this policy I am sorry to submit that there is discrimination shown towards South Travancore. The policy of the Congress Government seems to be to provide huge sums for nation-building activities to get the applause or approbation of the public; and wisely effect huge savings so as to balance the Budget. If we had actually spent the 37 lakhs last year itself, how would it be possible for the hon. Finance Minister to balance this year's Budget, Therefore even though the Budget is a balanced one and a surplus is shown, it is due to a trick committed on the public.

We should further note that the whole edifice of our financial structure is based on the uncertain and indefinite help that we anticipate from the

[Shri N. A. Noor Muhammed]

Central Government. The hon. Finance Minister is himself not sure as to how much amount we would receive and when. He has budgetted for 200 crores which may or may not materialise. According to the hon. Finance Minister, the Government propose to approach the Central Government to finalise their assistance without further delay. But our Budget is shown as a surplus one. The hon. Finance Minister was endeavouring to give us a glimpse of a fine super structure; rather imaginary, which is built on unstable foundations. It is therefore apparent that the foundations of our economic prosperity is just a mirage.

While this is the state of affairs of our financial resources, there are grandiose schemes for the material benefit of the country as envisaged in the five year plan. The five year plan may cost about 26 crores out of which we would have to find 19 crores. Placed as we are, to find 19 crores is not an easy joke. So it seems that the schemes would all remain in paper only. There may be reason on the part of the Government to mention them year in and year out. Perhaps they think that with that hope they would be in a position to delude the public to the belief that Government are really engaged, in nation-building activities.

Another point I would urge is that Government should try to effect as much economy as possible in its general administration. We are spending about 40 per cent of our income on establishment charges. On more than one occasion assurances have been given that effective retrenchment would be made. But we see no indication of that either in the Budget or in the hon. Finance Minister's speech.

It is also a fact that under the guise of the Grow More Food campaign huge amounts are being spent every year; and it is admitted by all that the results have not been commensurate with the expenditure. This year also big amounts have been allotted and our anxiety is that this year too the same results should not be repeated.

In the last year's Budget a sum of about Rs. 25,000 was allotted to prepare a scheme for the development of cottage industries. The Committee took nearly a year and one month to submit a preliminary report. I am not quite sure whether they have still submitted the final report. Perhaps in the detailed Budget we may have to make provision for that committee. But what amount of waste is entailed in such expenditure. Only a preliminary report has been submitted so far at that huge cost. Government should think twice before they think of indulging in such luxury of planning and preparation.

I must say a word about the execution of public works in South Travancore. The Government are adopting a step-motherly attitude to the South. Provision was made in the Budget to complete the Thickenamcode canal, but the work was not completed. Assurances were given on the floor of the House that the Perunchani dam would be completed by the end of 1951. Now we are in 1952 March. There is no sign that it would be finished in the near future. We understand that the Vizhathara lift irrigation scheme is still under the unending consideration of Government. Drinking water schemes to Cape and other places still remain outside the realm of achievement. The people of the South resent the attitude adopted by Government in regard to these matters.

Taking an over-all picture, the surplus seems to be illusory. On the one hand the Travancore-Cochin Government is in great financial straits.

But for the magic wand wielded by the deft Finance Minister in manipulating figures the financial structure of the Travancore-Cochin State would stand exposed revealing its ricketty foundations behind the facade of cooked-up economic prosperity. It is high time we seriously set thinking whether it is worth while to have all the paraphernalia of a separate State while the economic resources and financial structure do not warrant the same. Or whether it is worthwhile to cease to be an independent unit but join some other bigger unit so that we may set our house in order.

ശ്രീ. കൃഷ്ണൻ നായർ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ സ്വാഗതം ചെയ്യാൻ ഞാൻ തയാറില്ല. കഴിഞ്ഞ ദിവസം എന്റെ ഒരു മാന്യസ്നേഹിതൻ രാജപ്രമുഖന്റെ അഡ്രസ്സിൽ വരുത്തേണ്ടതായ ഒരു ഭേദഗതി അവതരിപ്പിച്ചതിന്നു മറുപടിയായി മന്ത്രി പറഞ്ഞതു്, ഞങ്ങൾ മുതലക്കണ്ണീരല്ല, ചുമതലക്കണ്ണീരാണു് പൊഴിക്കുന്നതു് എന്നാണു്. മാത്രമല്ല, അദ്ദേഹം മറെറാരു കാര്യം കൂടി പറഞ്ഞു. അതായതു് പത്തുപന്ത്രണ്ടുദിവസം പ്രായമുള്ള ഒരു ശിശുഗവമ്മെൻറിനോടു് ഈവിധത്തിൽ സ്ഥാനത്തും അസ്ഥാനത്തും സഭാംഗങ്ങൾ വിമർശിക്കുന്നതും കഷ്ടമാണെന്നു്. അദ്ദേഹം ഒരഭിഭാഷകനാണു്, വാചാലനാണു്, പ്രശസ്തഭാഷയിൽ സംസാരിക്കാനുള്ള ശേഷിയും തന്റേടവും അദ്ദേഹത്തിനുണ്ടു് എന്നു് എനിക്കറിയാം. എന്നാൽ കോൺഗ്രസ്സ് ഭരണം സംസ്ഥാനത്തു തുടങ്ങിയിട്ടു് നാലര വർഷമായി എന്നുള്ള സംഗതി അദ്ദേഹം വിസ്മരിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു. അന്നുള്ള മന്ത്രിമാരിൽ മിക്കവരും ഇന്നും മന്ത്രിമാരായിത്തന്നെ തുടരുകയും ചെയ്യുന്നു. നാലരക്കൊല്ലം അവർ ഭരിച്ചിട്ടും നാട്ടിലുള്ള ജനങ്ങളുടെ നിലവിളി കേൾക്കുന്നതിനുള്ള ഹൃദയം കോൺഗ്രസ്സിനു് അല്ലെങ്കിൽ കോൺഗ്രസ്സ് ഗവമ്മെൻറിനു് ഇല്ലെന്നുള്ളതു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. തൊഴിലില്ലാതെ എങ്ങോട്ടാണു് പോകേണ്ടതെന്നു അറിയാൻപാടില്ലാതെ അവശതയിൽപ്പെട്ടു കുഴങ്ങുന്ന ലക്ഷോപലക്ഷം സാധുക്കൾക്കുവേണ്ടി ഇവർ എന്തു നന്മയാണു് ചെയ്തതെന്നു് ഞാൻ ചോദിക്കട്ടെ. യാതൊന്നും ചെയ്തിട്ടില്ല. ആ കാര്യത്തെപ്പററി ചിന്തിക്കാൻ പോലും സമയമെടുക്കാതെ മററു ഏതോ ലോകത്തു് വിഹരിക്കുന്നതു പോലെയായിരുന്നു ഇവരുടെ നില. മാത്രമല്ല, ഏതാനും വ്യക്തികളെ മാത്രം പ്രീണിപ്പിക്കുന്നതിനുവേണ്ടി ആണു് ഇവർ ഭരിച്ചതും. യഥാർത്ഥത്തിൽ സംസ്ഥാനത്തുള്ള ഭൂരിപക്ഷം ജനതയുടെ പ്രാതിനിധ്യമില്ലാത്ത ഈ കോൺഗ്രസ്സ് പാർട്ടി എങ്ങനെ ഭരണഭാരം കയ്യേററുവെന്നും ഇത്തരത്തിലുള്ള ഒരു ബഡ്ജററു് രൂപീകരിക്കാനുള്ള ധൈര്യവും തന്റേടവും എങ്ങനെയുണ്ടായി എന്നും ഞാൻ അത്ഭുതപ്പെടുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ ഗ്രാമീണജനങ്ങൾക്കു് ആശ്വാസപ്രദമായ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നു് നോക്കേണ്ടതാണു്. വിദ്യാഭ്യാസം, കൃഷി, വൈദ്യസഹായം, ഗതാഗതം എന്നിവക്കു് ആശാസ്യമായ യാതൊരു വ്യവസ്ഥയും ചെയ്തുകാണുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ സഞ്ചാരസൌകര്യത്തിനുള്ള റോഡോ, കുട്ടികൾക്കു സൌകര്യമായി വിദ്യാഭ്യാസം നൽകുന്നതിനുള്ള പള്ളിക്കൂടങ്ങളോ, വൈദ്യസഹായത്തിനുള്ള സ്ഥാപനങ്ങളോ ഒന്നുംതന്നെയില്ല. തിരുവനന്തപുരത്തും അതിനടുത്ത പ്രദേശത്തും മാത്രം സഞ്ചരിച്ചു പഴക്കമുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നതു് എങ്ങനെയാണു്? റോഡു് നന്നാക്കുന്നതിനുവേ

[Shri Krishnan Nair]
ണ്ടിയോ കുളം കുഴിക്കുന്നതിനുവേണ്ടിയൊ, വഴിക്കിണറുകൾ വെട്ടുന്നതിനുവേണ്ടിയൊ, പൊതുജനങ്ങളിൽനിന്നും നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടാൽ അവയെ പരിഗണിക്കുന്നതിനുള്ള യാതൊരു സന്മനസ്സും ഇല്ലാതെ കണ്ണടച്ചുകളയുകയാണ് ചെയ്യുന്നതു്. എന്റെ നിയോജകമണ്ഡലമായ കൊട്ടാരക്കരത്താലൂക്കിൽ കുറെ അധികം ഗ്രാമീണറോഡുകൾ ഇന്നും അററകുററപ്പെട്ടുകിടക്കുകയാണ്. പൊതുജനങ്ങളുടെ സഹായസഹകരണങ്ങളോടുകൂടി വേറെ ചില റോഡുകളും അവിടങ്ങളിൽ വെട്ടിയിട്ടുണ്ടു്. ഈവക റോഡുകൾ ഒന്നുംതന്നെ അററകുററം തീർത്തുതരുന്നില്ല. കൊട്ടാരക്കര–ശാസ്താംകോട്ട റോഡിൽ കുന്നത്തൂർ ആററുക്കടവിൽ ഗതാഗതസൌകര്യത്തിനുവേണ്ടി ഒരു പാലം നിർമ്മിക്കേണ്ടതാണെന്നു കാണിച്ചു ഗവമ്മെൻറിനെ പല പ്രാവശ്യവും നിവേദനങ്ങളുമായി സമീപിച്ചിട്ടുണ്ടു്. യാതൊരു ഫലവും ഉണ്ടായിട്ടില്ല. ഇങ്ങനെ നോക്കിയാൽ പൊതുജനനന്മക്കുവേണ്ടി കഴിവുള്ളതെല്ലാം ചെയ്യാനുള്ള സൌകര്യമുണ്ടായിരുന്നിട്ടും കോൺഗ്രസ്സ് ഗവമ്മെൻറ് മൌനം ദീക്ഷിക്കുകയാണ് ചെയ്തിട്ടുള്ളതു്. ലിഫ്ററ ഇറിഗേഷൻ മുഖാന്തിരം കൃഷിചെയ്യാൻ സാധിക്കുന്ന അനവധി ഏക്കർ സ്ഥലം വെള്ളമില്ലാതെ വെറുതെ കിടക്കുന്നു. ഉള്ള നിലങ്ങളിൽ തന്നെ ആവശ്യമുള്ള വളം വിതരണം ചെയ്യാത്തതുകൊണ്ടു വിളവു വളരെ കുറവായിട്ടാണ് കിട്ടിക്കൊണ്ടിരിക്കുന്നതു്. കർഷകക്ക് ഗവമ്മെൻറിൽനിന്നും ആശ്വാസപ്രദമായ പദ്ധതികൾ ഒന്നുംതന്നെയില്ലെന്നു പറയാം.

നാട്ടിന്റെ നട്ടെല്ലാണ് വിദ്യാഭ്യാസം. അതിനെപ്പററി പറയുകയാണെങ്കിൽ പ്രൈവററു പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാക്ക് ൨൫ രൂപയും ഗവമ്മെണ്ടു സ്കൂൾ അദ്ധ്യാപകന്മാക്ക് ൪൫ രൂപയുമാണ് ശമ്പളം കൊടുക്കുന്നതു്. ഒരേതരത്തിൽ ജോലി നിർവ്വഹിക്കുന്ന ഇവക്കു ശമ്പളം കൊടുക്കുന്നതു് രണ്ടുതരത്തിലാണ്. സകല സാമാനങ്ങൾക്കും അമിതവില കൊടുക്കേണ്ടിവന്നിരിക്കുന്ന ഈയവസരത്തിൽ ഒരു മനുഷ്യനു സാമാന്യമായ തോതിലെങ്കിലും ജീവിക്കണമെങ്കിൽ ഒരുദിവസത്തേക്കു രണ്ടോ രണ്ടരയോ രൂപയില്ലാതെ സാദ്ധ്യമല്ല. അങ്ങനെയാണെങ്കിൽ പ്രൈവററു സ്കൂളിലെ ൨൫ രൂപാ ശമ്പളം വാങ്ങിക്കുന്ന അദ്ധ്യാപകനും കുഡുംബവും എങ്ങിനെ ജീവിക്കണമെന്നാണ് ഗവമ്മെൻറു വിചാരിക്കുന്നതു്. നമ്മുടെ കുട്ടികളെയെല്ലാം ഭാവിപൌരന്മാരാക്കാൻ അത്യദ്ധ്വാനം ചെയ്യുന്ന ഇക്കൂട്ടരുടെ ശമ്പളം ഇത്ര നിസ്സാരമാക്കിയിരിക്കുന്നതു് വളരെ കഷ്ടമാണ്. മാത്രമല്ല, ഈ നയം തുടന്നാൽ ഈ അദ്ധ്യാപകന്മാരുടെ ഭാവിതന്നെ എന്തായിരിക്കും? അതുകൊണ്ടു് സോഷ്യലിസ്റ്റ് പാട്ടി പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു അദ്ധ്യാപകനു ൧൦൦ രൂപാ ശമ്പളം കൊടുക്കണം. അതില്ലെങ്കിൽ ഒരു കാരണവശാലും ൫൦ രൂപയിൽ കുറയാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. തുച്ഛമായ ശമ്പളം വാങ്ങുന്ന ഈ അദ്ധ്യാപകന്മാക്ക് മറെറാരു വൈഷമ്യം കൂടി തരണം ചെയ്യേണ്ടതായിട്ടുണ്ടു്. അതായതു് അവരുടെ കൂടക്കൂടെയുള്ള സ്ഥലം മാററം. ഒരു അദ്ധ്യാപകനെ നിവൃത്തിയുള്ളിടത്തോളം അയാളുടെ നാട്ടിൽതന്നെ ഉദ്യോഗത്തിൽ ഇരുത്തേണ്ടതാണ്. കൂടക്കൂടെ ഈവിധത്തിലുള്ള സ്ഥലം മാററംകൊണ്ടു് സാമ്പത്തികമായ വലിയ വൈഷമ്യങ്ങൾ അയാൾ അനുഭവിക്കേണ്ടിവരുന്നു. ശ്രീമാൻ എൽ. എം. പൈലി മന്ത്രിയായിരുന്ന അവസരത്തിൽ പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യമാണ്, ഹൈസ്കൂളിലെ അദ്ധ്യാ

പകന്മാരെപ്പോലെ താഴ്ന്ന സ്കൂളുകളിലെ ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളത്തോളം ഉയർത്താമെന്ന്. എന്നാൽ ഈവക കാര്യങ്ങളെപ്പറ്റി പിന്നീടു യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. അതിപ്രധാനമായ വിദ്യാഭ്യാസകാര്യത്തിൽ ഈവിധം അലസത പ്രകടിപ്പിക്കുന്നതു് അക്ഷന്തവ്യമാണ്. മറ്റൊരു കാര്യം, കാളേജു തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പരീക്ഷാപദ്ധതിയെ സംബന്ധിച്ചുള്ളതാണ്. ഈ പദ്ധതിയെസംബന്ധിച്ച് മിക്ക കോളേജുകളിലുമുള്ള വിദ്യാർത്ഥികൾ സ്ട്രൈക്ക് ആരംഭിച്ചിട്ടുണ്ടു്. കോളേജു അധികൃതരൊ വിദ്യാഭ്യാസവകുപ്പിന്റെ മേലദ്ധ്യക്ഷനൊ ഇതിന്റെ കാരണമെന്താണെന്നു സൂക്ഷ്മമായി മനസ്സിലാക്കിയിട്ടില്ല. വാസ്തവത്തിൽ അതിന്റെ കാരണം ഇന്നത്തെ വിദ്യാഭ്യാസത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന കുഴപ്പങ്ങളാണ്. ഇന്നത്തെ വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ഭാവിജീവിതത്തിന്നു ഉതകുന്നതല്ലെന്നു അവർ മനസ്സിലാക്കി. അതിന്റെ ഫലമായിട്ടാണ് ഇവർ പ്രതിഷേധം പുറപ്പെടുവിക്കുന്നതു്. അതുകൊണ്ടു് വിദ്യാഭ്യാസരീതിതന്നെ ഒന്നു മാറേണ്ടതാണ്. ജീവിതാവശ്യത്തിനു ഉതകുന്ന വിദ്യാഭ്യാസമാണ് നമുക്കു ആവശ്യം. അതായതു് സാങ്കേതികവിദ്യാഭ്യാസം. അതു് എത്രത്തോളം ശരിയാണെന്നു കാണുന്നതിലേക്കു്, സാങ്കേതികപരമായ ഇൻജനീയറിംഗ്, മെഡിക്കൽ മുതലായ വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള വിദ്യാർത്ഥികൾ ഇവരെപ്പോലെ സ്ട്രൈക്കിനു് ഒരുങ്ങുന്നില്ല. അതുകൊണ്ടു് ഒരു സമൂലപരിവർത്തനം നമുക്കു വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അംഗീകരിക്കേണ്ടതുണ്ടു്. നാം ഒരു വമ്പിച്ച തുകയാണ് ആണ്ടുതോറും കേന്ദ്രഗവമെന്റിനു കൊടുത്തുകൊണ്ടിരിക്കുന്നതു്. ഇൻഡ്യയിലുള്ള ഇതരരാജ്യങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുന്ന ഈ രാജ്യത്തു് വിദ്യാഭ്യാസപരമായും, ആരോഗ്യപരമായും, കാർഷികപരമായും പല പല സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ട ആവശ്യം ഉണ്ടെന്നു കാണിച്ചു് കേന്ദ്രഗവമെന്റിൽ ശക്തിയായി നിവേദനം നടത്തണം. ശക്തിയായ ഭാഷയിൽ കേന്ദ്രഗവമെന്റിനോടു ആവശ്യപ്പെടണം. നാം അതിനുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കണം. ആ കാര്യത്തിൽ ഗവമെന്റു എന്നോ, പൊതുജനങ്ങൾ എന്നോ ഉള്ള ഭേദം വേണ്ടാ. അങ്ങനെ നാം അങ്ങോട്ടു കൊടുക്കുന്ന വമ്പിച്ച ഒരു തുകയുടെ സിംഹഭാഗം ഇങ്ങോട്ടു വാങ്ങണം. അശേഷവും അലസത വിചാരിക്കുവാൻ പാടില്ല.

**Shri Panampilli Govinda Menon:** May I point out, Sir, that a good portion, almost cent per cent of the Central Revenues taken from Travancore-Cochin is being given back. It is not a case of nothing being returned. We are getting back that amount. That is covered by what is known as Federal Financial Integration.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, എ പോയിന്റ് ഓഫ് ആർഡർ. മലയാളം അറിയാവുന്ന എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും മലയാളത്തിൽ തന്നെ സംസാരിക്കണം എന്നു് നിബന്ധന ചെയ്യുവാൻ ദയവുണ്ടാകുമോ?

**Mr. Speaker:** Hon. Members have complete freedom to speak in any one of the languages, viz., English, Malayalam or Tamil.

**Shri Krishnan Nayar:** On page 25 of the Detailed Budget Estimates of Revenue, certain items of Revenue are given. What is the explanation for those items?

**Mr. Speaker:** May I remind the hon. Member that his time is up and so he may conclude his speech.

**Shri Krishnan Nayar:** The time was mostly taken up for answering interruptions.

**Mr. Speaker:** The hon. Member himself is responsible for that. (*Laughter.*)

<u>ശ്രീ. കൃഷ്ണൻ നായർ:</u> ഇങ്ങനെ പല ഇനങ്ങളിലും നമുക്കു വരുമാനം ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. നമുക്കു വരുമാനം ഉണ്ടാകുന്നതിനുവേണ്ടിയാണു് സെൻട്രൽ ഗവമ്മെൻറിനു് കൊടുക്കുന്ന തുക തിരിയെ കിട്ടണമെന്നു പറയുന്നതു്. പിന്നെ ഇവിടെയുള്ള വലിയ വലിയ വ്യവസായികളും മുതലാളികളും ജന്മികളും വെറുതെ പൂഴ്ത്തിവെച്ചിരിക്കുന്ന തുക എടുക്കുന്നതായാൽ ഇവിടെയുള്ള ജനങ്ങൾക്കു് അഭിവൃദ്ധികരമായിട്ടുള്ള, ക്ഷേമകരമായിട്ടുള്ള സ്കീമുകൾക്കുവേണ്ടി ചിലവാക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് സെൻട്രൽ ഗവമ്മെൻറിലേക്കു കൊടുക്കുന്ന തുകയും വലിയ വലിയ വ്യവസായപ്രമുഖന്മാരും ജന്മികളും പൂഴ്ത്തിവെച്ചിരിക്കുന്ന തുകയും എടുത്തു് ജനങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടതായ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു് ഗവമ്മെൻറു തയ്യാറാകണം എന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

**Shri M. M. Abdul Khader:** Sir, the Finance Minister has presented his budget to the House. But if he wishes to take any credit for the spirit and contents of the budget, we, on this side, are unable to agree with him.

According to the statement of the Finance Minister the total revenue estimate is Rs. 1,630 lakhs. Assuming that the population of this State is nearly one crore and assum ng that each family consists of five members, this House would see that for every family the monetary burden of taxation is as high as Rs. 82½ per annum. Now, assuming that there is one bread-winner in one family, it would appear that the per capita monetary burden of taxation is Rs. 82½ per annum. Now, Sir, in a State where the people are dying of famine and starvation this proportion of taxation is certainly most atrociously high. While this monetary burden is itself so inordinate, the real burden of taxation on the common man is excessively high. Direct taxes such as income-tax are admitted even by the apologists of capitalism to be the best form of taxation. But here, in thi estimate, income-tax, the incidence of which is determined by the capacity to pay and accords with the maxim of equal sacrifice bears only a very insignificant proportion. The income-tax as has been estimated forms only 4·5 per cent of the total revenue. This will go to show that this privileged mi·ority is yet untapped to the extent they should be, while the burden of indirect taxes such as Excise and Sales-tax and others fall upon the common man. The burden of these indirect taxes has increased many fold during these years. The increase of salaries and wages has not kept pace with this rise in prices. This factor, coupled with the still higher prices of essential commodities in this country makes the real burden of the people much more than the monetary burden of Rs. 82½ per cent. The hon. Leader of the Opposition has been good enough to place before the House how the nation-building departments have suffered at the hands of the Finance Minister. He has given his explanation in respect of certain items. But I find that while rural development suffers by eight lakhs and agriculture by 7 lakhs, Police gets a rise of Rs. 13 lakhs. This, we are afraid, gives us a pointer to

the state of things to come, that this Government is out not to solve the people's problems but, with the help of the Police, to crush the peoples' struggle for bread and employment as they hitherto have been doing. This, Sir, will not be brooked.

About nepotism and corruption on the part of the Government I have to make a few observations. Even in appointments there are very many instances of nepotism and favouritism. The hon. Minister might say that I would be wasting my time in mentioning such things here. But, Sir, I would be failing in my duty if I do not bring before the House certain instances of nepotism and favouritism in the appointment in the services. Right now I want to refer only to the very recent appointment of a Receiver in the Parur District Court. I can say with the best authority, because I am an advocate of that court. Though the High Court by majority recommended one P. Thomas for the appointment, a Nayar gentleman, by name Padmanabha Pillai was appointed whom the minority recommended. Mr. Thomas was told by the Minister himself that the majority recommendation would be accepted. But it was ordered otherwise. And, in this connection, I may tell this House that this present incumbent is none other than a close relative or brother-in-law, of one of the leading lights of the Party in power. I ask, can any of the Ministers or any member on the Government benches dare contradict this statement of mine.

**Shri Panampilli Govinda Menon :** I contradict, Sir.

**Shri M. M. Abdul Khader :** He is the brother-in-law of Mr. Kainikara Padmanabha Pillai.

**Shri R. Kesava Pillai :** He is not a brother-in-law of Shri Kainikara Padmanabha Pillai.

**Shri K. P. Krishna Menon :** He is not.

**Mr. Speaker :** There are assertions and counter-assertions but the hon. Member can proceed with his speech.

**Shri M. M. Abdul Khader :** Sir, I want to mention one more point before I am done. That is with respect of the improvement of the hospital at Alwaye and the medical aid rendered there. Medical aid is not based on the number of patients treated but on a crude categorisation into District hospitals and dispensaries. In this particular hospital Government have curtailed even the staff. Medical supplies are decreased year after year. Accommodation is hopeless. A private firm has offered to put up a building and erect an X-Ray plant, but the Government did not see their way to agree to this. This has been delayed due to the callous neglect of this Government. This Government have not been able during these two years to prepare even a plan for a building, and, as a result this dire need of the people has not been satisfied. Owing to these remissnesses and lapses on the part of the Government, I find that this budget is thoroughly unpopular and as such I oppose it.

ശ്രീ. അമ്പാട്ട് ഈശ്വരമേനോൻ: ഉള്ളതുപോലെ ഓണം എന്ന പഴമൊഴിയുടെ മുമ്പിൽ തിരുവിതാംകൂർ-കൊച്ചിയിലെ വരവു മുൻനിർത്തി എല്ലാവകുപ്പിലെയും എല്ലാജനങ്ങളെയും സ്പർശിച്ച് യഥോചിതം പണം നീക്കിവെച്ച് ഒരു മിച്ചബഡ്ജറ്റ് ഈ സഭയുടെ മുമ്പാകെ ഹാജരാക്കിയതിന് ധനകാര്യമന്ത്രിയെ അഭിനന്ദിക്കയല്ലാതെ കുറ്റം പറയുന്നതു് സാഹസമാണ്. ധനകാര്യമന്ത്രിയുടെ വിശദീകരണത്തിന് അദ്ദേഹത്തെ

[Shri Ambat Eacham Monon]

പ്രത്യേകം അഭിനന്ദിക്കുന്നു. എന്നാൽ ബഡ്ജററ് നിർമ്മിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ ബുദ്ധിശക്തികാണിച്ചു എന്നല്ലാതെ മന്ത്രിമാരുടെ രാജ്യഭരണനിപുണത ഓരോ ഇനത്തിനും നീക്കിവെച്ചിട്ടുള്ളസംഖ്യകൾ വേണ്ടതു പോലെ വേണ്ടകാലത്ത് ഉപയോഗിച്ച് ഉദ്ദേശഫലത്തെ ഉണ്ടാക്കുന്നതിലാണ് ഇരിക്കുന്നതു്. ഭരണം ഇതിലധികം ദുഷിക്കുവാൻ പാടില്ലെന്നാണ് നാട്ടുകാരുടെ അഭിപ്രായം. കൈക്കൂലിയും കരിഞ്ചന്തയും നടമാടുന്നു എന്ന് എവിടെയും എപ്പോഴും കേൾക്കുന്നുണ്ട്. ഒന്നു രണ്ട് ഡിപ്പാർട്ടുമെന്റ എടുത്തുനോക്കുക.

ഹൈക്കോടതി ഈയ്യിടെ ഡിസ്ട്രിക്ട് ജഡ്ജിമാരെ നിയമിച്ചതിൽ വലിയ കുംഭകോണം ഉണ്ടായിട്ടുണ്ടെന്നു രാജ്യത്തു് പരക്കെ പറയുന്നുണ്ട്. ചീഫ് സിക്രട്ടറി, സെക്രട്ടറിയേററ് നന്നാക്കാൻ കഴിയുന്നതും ശ്രമിച്ചിട്ട് ഫലിക്കാതെ ഇതിനുമുമ്പ് ഉദ്യോഗം വിട്ടുപോകാൻ ശ്രമിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ പോയി. പോകുമ്പോൾ തന്റെ ഉദ്യമം ഫലിച്ചില്ലെന്നുള്ള മൌഢ്യത്തോടുകൂടിയാണ് പോയിരിക്കുന്നതു്. സെക്രട്ടറിയേററിൽ ഒരു കടലാസ് പോയാൽ ചുരുങ്ങിയതു് മൂന്നുമാസത്തിനുള്ളിൽ ഒരു മറുപടി കിട്ടുക സാദ്ധ്യമല്ല. ചിലപ്പോൾ കടലാസുതന്നെ അവിടെ കണ്ടില്ലെന്നുവരും. പിന്നീട് അതിന്റെ പകർപ്പ് അയക്കേണ്ടതായി വന്നിട്ടുണ്ട്. അതിലെ സിൽബന്ധികൾ വളരെക്കാലമായി അലഞ്ഞുതിരിഞ്ഞു് നടന്നു നേരാംവണ്ണം ജോലി എടുക്കാതെ വന്നിട്ടുള്ളതിന്റെ ഫലമാണ് ഇതു്.

സാധാരണ ജനങ്ങളുടെ കയ്യിൽനിന്ന് പിഴിഞ്ഞെടുത്തിട്ടുള്ള മുതലു കൊണ്ടാണ് ഈ ഒരു വലിയ പട്ടാളത്തെ പുലർത്തുന്നതു് എന്നു് ആലോചിക്കുമ്പോൾ ജോലി എടുക്കാത്തവരുടെ നേരെ കർശന നടപടികൾ എടുക്കാത്തതു് സിക്രട്ടറിമാരുടെ അനാസ്ഥയാണെന്നു പറയുന്നതിൽ പരിഭവിക്കേണ്ടതില്ല. എന്നാൽ ചക്രംകൊണ്ടു ചെന്നാൽ കാര്യങ്ങൾ എളുപ്പത്തിൽ സാധിച്ചുവരാമെന്നാണ് മിക്കവരുടെയും അഭിപ്രായം.

ഇപ്പോൾ നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന വലിയ പ്രശ്നം ഭക്ഷണപ്രശ്നമാണ്. അതിന്റെ നിവൃത്തിക്കുവേണ്ടതു് ഉല്പാദനമാണ്. ഞാൻ ഉദാഹരണമായി എടുക്കുന്നതു് കൊച്ചിയുടെ നെല്ലറയാണെന്ന് അപരനാമത്തോടെ അറിയുന്ന ചിററൂർ താലൂക്കാണ്. കാർഷികോല്പാദനത്തിനുവേണ്ടതു് വെള്ളമാണ്. വെള്ളാഴ്മ എന്നാണല്ലോ പറയുന്നതു്. ആ വെള്ളം ശേഖരിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതു് ഗവമ്മെന്റാണ്. ഒന്നോ രണ്ടോ ലക്ഷം രൂപ ചിലവഴിച്ച് അവിടം ഉണക്കില്ലാത്തതാക്കിതീർത്ത് ആ നെല്ലറ നെല്ലുകൊണ്ട് കവിഞ്ഞൊഴുകുന്നതാക്കി തീർക്കുവാൻ ഗവമ്മെന്റിനു സന്മനസ്സുണ്ടായിട്ടില്ല. ഇതുസംബന്ധമായി നാലുകൊല്ലം മുൻപു കൊച്ചി ഗവമ്മെന്റ കുന്നംപടാരിയിൽ ഒരു ഏരി കോരുവാൻ ശ്രമിച്ചപ്പോൾ അവിടെ ഏരി വെട്ടിയാൽ മഴവെള്ളം കൊണ്ടതുനിറയില്ല; അവിടെ വെട്ടുന്നതു് അനാവശ്യമാണെന്ന് ഗവമ്മെന്റിനേയും ചീഫ് ഇഞ്ചിനീയരേയും അറിയിച്ചപ്പോൾ ചീഫ് ഇഞ്ചിനീയർമുഖാന്തിരം ഗവമ്മെന്റിന്റെമറുപടി അവർ താഴത്തെ അണക്കെട്ടിൽനിന്നു മൂന്നു കൊല്ലം വെള്ളം പമ്പുചെയ്തു നിറക്കുമെന്നും അതിനുള്ളിൽ മൂലത്തറ അണക്കെട്ടിലെ വടക്കെ കയ്യ് തുറന്ന പുഴവെള്ളംകൊ

ണ്ടുവന്നു നിറക്കമെന്നും ആയിരുന്നു. വടക്കെ കയ്യ് തുറക്കേണ്ട കാര്യം വളരെക്കാലമായി ആലോചനയിലിരിക്കുന്നതാണ്. കുറെ തോട് വെട്ടിയിട്ടും ഉണ്ട്. അതിന്റെ ശേഷം ഇന്ന് നാളെ എന്ന് പറയുന്നതല്ലാതെ യാതൊരു പ്രവൃത്തിയും ചെയ്തുകാണുന്നില്ല. ചെറുകൊച്ചി തന്നെ ആയിരുന്നുവെങ്കിൽ ഇതിനുമുമ്പേ വല്ലതും ആകുമായിരുന്നു. ഇങ്ങനെ പലേ കാര്യങ്ങളിലും ഈ സംയോജനത്തിനുശേഷം കാര്യനിർവ്വഹണത്തിനു പല അമാന്തങ്ങളും ഉണ്ടായിട്ടുണ്ട്. കൃഷിയെസംബന്ധിച്ചിടത്തോളം ഇങ്ങനെ വരുന്നതു ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷനും സെക്രട്ടറിമാർക്കും മന്ത്രിമാർക്കും കൃഷിനടത്തിപ്പിനെപ്പററി പരിജ്ഞാനം ഇല്ലാത്തതുകൊണ്ടാണ്. അതിനുവേണ്ടി അവർ ഫുഡ്കമ്മിററി, ഫുഡ്പ്രൊഡക്ഷൻ കമ്മിററി, ഫുഡ് വർക്സ് കമ്മിററി, ഫുഡ്ഡിസ്ട്രിക്റ്റ് കമ്മിററി എന്നീ കമ്മിററികൾ നിശ്ചയിച്ചിട്ടുണ്ട്. അതിൽ കൃഷിക്കാർ മെമ്പർമാരും ഉണ്ട്. ഈ കമ്മിററികൾ എല്ലാം മുൻപറഞ്ഞ ഏരിയുടെ കാര്യത്തിൽ അതു ഉടനെ അടിയന്തിരമായി വേണ്ടതാണെന്നും നീട്ടിവെക്കേണ്ടതല്ലെന്നും പ്രമേയങ്ങൾ പാസാക്കി അയച്ചിട്ടുണ്ട്. അവഎവിടെയാണെന്ന് ആർക്കുംഅറിവില്ല. ആജോലി ഒട്ടും ചെയ്തിട്ടും ഇല്ല. ഇക്കൊല്ലംമൂന്നു മാസംമുമ്പ് മഴപിന്നോക്കമായപ്പോൾ ആ ഏരിയിൽ വെള്ളം ഉടനെ നിറയ്ക്കേണ്ടതിലേക്ക് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ മുൻനിർത്തി പി. ഡബ്ലിയു. ഡി. മന്ത്രിക്ക് ഒരു അറിവ് അസിസ്റ്റന്റ ഇഞ്ചിനിയർ വഴിക്ക്, എക്സിക്യൂട്ടീവ് ഇഞ്ചിനിയർ വഴിക്ക്, സൂപ്രണ്ടിംഗ് ഇഞ്ചിനിയർ വഴിക്ക്, ചീഫ് ഇഞ്ചനിയർ വഴിക്ക് കാലതാമസം വരാതിരിപ്പാൻവേണ്ടി കൊടുത്തിട്ടുണ്ടായിരുന്നു. അതിനു രണ്ടുമാസം കഴിഞ്ഞിട്ട് എത്തു് ഭൂമിനനക്കുവാനാണ് ഏരി നിറക്കേണമെന്ന് പറഞ്ഞോ, ആ ഭൂമിയിലെ വിളപോലും എടുത്തതിന്റെ ശേഷം ഈയ്യിടെ സൂപ്രണ്ടിംഗ് ഇഞ്ചിനീയർ ആഫീസിൽനിന്ന് എഴുത്തു കിട്ടി. ചീഫ് ഇഞ്ചിനീയർക്ക് അയച്ചിട്ടുണ്ടെന്ന് അറിവുതന്നിട്ടുണ്ട്. മന്ത്രിക്കൊട്ടു കിട്ടിയിട്ടുമില്ല. ഗവൺമെന്റിന്റെ ഭക്ഷ്യോൽപ്പാദനത്തിന്റെ ഒരു മാതൃകയാണ് ഇതു്. പോരാത്ത ഭക്ഷണസാധനം സെൻട്രൽ ഗവൺമെന്റിൽനിന്നു കിട്ടേണ്ടതാണ്. അതു കഴിയുന്നതും അധികം കിട്ടേണ്ടതിനുവേണ്ടി ഡൽഹിക്ക് പറക്കുന്നതിനു ഒട്ടും മടിക്കാറുമില്ല. അവിടെ ധനകാര്യമന്ത്രിയേയും മററും കണ്ട് സങ്കടങ്ങളെല്ലാം പറഞ്ഞു് അവരുടെ കയ്യിൽനിന്നും ഗുണമായ ചില മറുപടികളും വാങ്ങിവരാറുണ്ട്. എന്നാൽ വടക്കേ ഇൻഡ്യയിൽ പലേടങ്ങളിലും നെല്ലരി ആവശ്യമില്ലാത്തവരുടെ തലയിൽ നെല്ലരി വെച്ചുകെട്ടുന്നുണ്ടെന്ന് പത്രങ്ങളിൽ കണ്ടിട്ടുള്ളതു് അവരെ അലട്ടിയിട്ടില്ല. ഭക്ഷ്യമന്ത്രിയോട് ആ നെല്ലരി ഞങ്ങൾക്ക് തരേണമെന്നും തന്നിട്ടുള്ള ഗോതമ്പ് പകരം എടുക്കുന്നതിനു വിരോധമില്ലെന്നും പറഞ്ഞു് സമ്മതിപ്പിക്കുവാൻ ഒരുങ്ങിയിട്ടില്ല. അവർക്കതിനു വിരോധമുണ്ടാകുവാൻ തരമില്ല. നമ്മൾക്കാണെങ്കിൽ കൊണ്ടുവരാനും കൊണ്ടുപോകുവാനും ചിലവ് അധികമാകുമായിരിക്കാം. കോടാനുകോടി രൂപ ഈ ഇനത്തിൽ നാം വലിച്ചെറിയുമ്പോൾ ഇതു് ഒരു വലിയ നഷ്ടമായി വിചാരിക്കേണ്ടതല്ല. അങ്ങിനെ ചിലവു ചെയ്തു നമ്മുടെ സാധുക്കൾക്ക് അര ഔൺസോ, ഒരു ഔൺസോ അരി കൂട്ടികൊടുത്തിരുന്നെങ്കിൽ കോൺഗ്രസ് ഭരണത്തിൽ സാധുക്കളുടെ ഇടയിൽ ഇത്ര അസുഖം ഉണ്ടാകയില്ലായിരുന്നു. തിരഞ്ഞെടുപ്പിന്റെ ഫലവും മറിച്ചാകുമായിരുന്നു.

[Shri Ambat Eachara Menon]

മെഡിക്കൽ വകുപ്പിന്റെ ഭരണവും ഇതുപോലെതന്നെ തിരെ തൃപ്തികരമല്ല. ഈയിടെ ഞാൻ വരുമ്പോൾ ഒരു ക്യൂ നില്ക്കുന്നതു കണ്ടു. അവിടെ ഇറങ്ങി അന്വേഷിച്ചപ്പോൾ ഒരു ആശുപത്രി ആണെന്നും മരുന്നു വാങ്ങുവാൻ നില്ക്കയാണെന്നും മനസ്സിലായി. മണി ഏകദേശം പതിനൊന്നായിരിക്കും. ഈ പൊരിഞ്ഞവെയിലത്ത് മരുന്നു വാങ്ങാൻ വന്ന ആളുകളെ നിർത്തി പിറേറ ദിവസത്തേക്ക് മരുന്നു വാങ്ങാൻ അധികം ആളുകളെ ഉണ്ടാക്കുവാൻ പ്രവൃത്തിക്കുന്നതാണോ എന്നു തോന്നും; കാരണം ഡാക്ടർ താമസിച്ചു വന്നുവെന്നാണ് പറഞ്ഞതു്. ഇതുപോലെതന്നെ പഴഞ്ഞിയിൽ ചെന്നപ്പോൾ ആശുപത്രി പൂട്ടികണ്ടു. എന്താണെന്നു അന്വേഷിച്ചതിൽ അതു ഒരു എയിഡഡ് ഡിസ്പൻസറി ആയിരുന്നുവെന്നും അതിലേക്ക് ആണ്ടുതോറും ആയിരം ഉറുപ്പ്യ മരുന്നുകൊടുക്കുകയാണ് പതിവെന്നും കഴിഞ്ഞാണ്ട് എണ്ണൂററി ചില്വാനം ഉറുപ്പ്യ കൊടുത്തിട്ടുള്ളുവെന്നും ഈ ആണ്ടിൽ ഇതുവരെ യാതൊന്നും കൊടുത്തിട്ടില്ലെന്നും, എന്നാൽ ഡാക്ടർക്ക് ശരിയായ ശമ്പളം കൊടുത്തിരുന്നുവെന്നുമാണ് അറിഞ്ഞതു്. ഇതുപോലെ കർമ്മവിലോപനം മററു വല്ലതും ഉണ്ടോ? കേൾപ്പോരും കേൾവിയും ഇല്ലാത്ത ഗവമ്മെൻറ് എന്നു പറഞ്ഞാൽ, അതു ഇതാണ്. മററു സകല ഡിപ്പാർട്ടുമെൻറിലും ഇതു പോലെ പലതും പറയുവാനുണ്ടു്. ഇങ്ങിനെയാണ് കോൺഗ്രസ് അധഃപതിച്ചിരിക്കുന്നതു്. അതിനാൽ ഗവമ്മെൻറ് നല്ലവണ്ണം ഉണർന്ന് കാര്യങ്ങളെല്ലാം വേണ്ടതുപോലെ നടത്തിയിട്ടില്ലെങ്കിൽ എന്താണ് വരുവാൻ പോകുന്നതു എന്നു കണ്ടുതന്നെ അറിയണം. കൊച്ചിയിൽ നിന്ന് വന്നവർ മുതലകണ്ണീർ അല്ല ഒഴുക്കുന്നതു് സങ്കടകണ്ണീരാണ് ഒഴുക്കുന്നതു്. അവിടെ എത്ര ഭംഗിയായി കാര്യങ്ങൾ നടത്തിയിരുന്നു! ഇവിടെ ഇതെല്ലാം അനുഭവിക്കേണ്ടിവരുന്നു. ഹതവിധി.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സർ, ഈ ബഡ്ജററിന്റെ പേരിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അനുമോദിക്കുവാനോ അഭിനന്ദിക്കുവാനോ അല്ല ഞാൻ ഇപ്പോൾ എഴുന്നേററു നില്ക്കുന്നതു്. ഈ ബഡ്ജററ് ഗവമ്മെൻറിന്റെ അടുത്ത ആണ്ടിലെ ആയവ്യയപരിപാടികളുടെ അവസാനരൂപമല്ലെന്ന് വ്യക്തമാക്കികഴിഞ്ഞിട്ടുണ്ടു്. ശരിയായ ഒരു ബഡ്ജററ് രൂപവൽകരിച്ച് ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുമ്പോൾ അതിൽ മൗലികമായ പല മാററങ്ങളും വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

കഴിഞ്ഞകൊല്ലത്തെ ബഡ്ജററിന്റെ റിവൈസ്ഡ് എസ്റ്റിമേററ് പരിശോധിക്കുമ്പോൾ അതിൽ ആക്ഷേപിക്കുവാനുള്ള പലതും എനിക്കും കാണുവാൻ സാധിക്കുന്നുണ്ടു്. രാഷ്ട്രനിർമ്മാണപരിപാടികളിൽ ശ്രദ്ധിക്കേണ്ട ഈ അവസരത്തിൽ അതിനുവേണ്ടി കൊള്ളിച്ചിരിക്കുന്ന തുകകൾ പലതും—ധാരാളമായി നീക്കിവെച്ചിരിക്കുന്ന തുകകൾ മാത്രമല്ല, ആവശ്യത്തിനു കഷ്ടിച്ചുമാത്രം കണക്കാക്കി വച്ചിരിക്കുന്ന തുകകൾപോലും—മുഴുവനും ചെലവാക്കിയിട്ടില്ലെന്ന് കാണുന്നതു് യാഥാർത്ഥ്യത്തിൽ ഭരണകൂടത്തിന്റെ വൈദഗ്ദ്ധ്യത്തെയല്ലാ പ്രദർശിപ്പിക്കുന്നതു്. കൃഷിവകുപ്പിനും ഗ്രാമോദ്ധാരണവകുപ്പിനും മററുമായി വകകൊള്ളിച്ചിരുന്ന ചെറിയ തുകകൾപോലും മുഴുവനും ചെലവാക്കുവാൻ ഗവമ്മെൻറിനു

സാധിച്ചിട്ടില്ലെന്നാണ് കാണുന്നത്. അതുപോലെ ക്യാപ്പിററൽ എക്സ്പെൻറിച്ചർ ഭാഗത്ത്, വലിയ ജലസേചന പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയിൽ ൨൨ ലക്ഷത്തിലധികം രൂപ ചെലവാക്കാതെയുണ്ട്. ഈ രാജ്യത്തെ, ഇന്ന് നേരിടുന്ന ഏററവും വലിയ പ്രശ്നം ഭക്ഷ്യപ്രശ്നമാണെന്ന് എല്ലാവരും മുക്തകണ്ഠം സമ്മതിക്കുമല്ലോ. ഇങ്ങനെയുള്ള ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ ഉള്ള ചില വൻകിട പദ്ധതികൾ ആവിഷ്കരിച്ച് അതിലേക്കുവേണ്ടി വലിയ തുകകൾ നീക്കിവച്ച് ഗവമ്മെൻറ് ജനങ്ങളിൽ വളരെ അധികം പ്രതീക്ഷകളും ആശ്വാസങ്ങളും ഉണ്ടാക്കിയെന്നു നിസ്സംശയം പറയാം. എന്നാൽ ആ പദ്ധതികൾ ശീഘ്രമായി പുരോഗമിപ്പിക്കുവാനുള്ള നടപടികൾ എടുത്തുകാണുന്നില്ലാ എന്നുള്ളത് പരിതാപകരമാണ്. എൻെറ നേരിട്ടുള്ള അറിവിൽ എനിക്കു പറയുവാൻ കഴിയും, വാഴാനിപദ്ധതിയും പീച്ചിപദ്ധതിയും ചാലക്കുടിപദ്ധതിയും വേണ്ടതുപുരോഗമിക്കുന്നില്ലെന്ന്. ഇതിൽ ആരെയാണ് കുററം പറയേണ്ടതെന്ന് എനിക്ക് നിശ്ചയമായി പറയുവാൻ സാദ്ധ്യമല്ല. ഗവമ്മെൻറിൻെറ കാര്യനിർവ്വഹണം കാര്യക്ഷമമായിരുന്നുവെങ്കിൽ നിശ്ചയമായിട്ടും ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക മുഴുവനും ചെലവാക്കിയിട്ട് കൂടുതൽ തുകയ്ക്കുവേണ്ടി സപ്ലിമെൻററി ഗ്രാൻറ് ചോദിക്കുമായിരുന്നു.

രാഷ്ട്രനിർമ്മാണപരമായ ആവശ്യങ്ങൾക്കുവേണ്ടി നീക്കിവെച്ച തുകകൾ പലതും, മുഴുവൻ ചെലവാക്കാതെ ലാപ്സ് ചെയ്യിച്ച്, പ്രധാനമല്ലാത്ത പല ഇനങ്ങൾക്കുവേണ്ടിയും സപ്ലിമെൻററി ഗ്രാൻറ് ചോദിക്കുന്നതിനാണ് മന്ത്രിമാർ ശ്രമിച്ചുകാണുന്നത്. കൃഷിവകുപ്പിനുവേണ്ടി നീക്കിവെച്ച തുകയിൽ വലിയൊരു ഭാഗം ചെലവാക്കാൻ സാധിക്കാത്തതും, മുനിസിപ്പാലിററികൾക്കും പഞ്ചായത്തുകൾക്കും കമ്പോസ്ററവളം പ്രചരണം ചെയ്യുവാനും മററുമായി നീക്കിവെച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കാത്തതും ശരിയല്ലെന്നാണ് എനിക്കു തോന്നുന്നത്. ഇതിനേക്കാൾ അപമാനകരമായി ഗവമ്മെൻറിൻെറ എക്സിക്യൂട്ടീവിനു എന്താണ് ചെയ്യുവാനുള്ളത്.

കൃഷിവർദ്ധിപ്പിക്കുകയെന്നത് വലിയപദ്ധതികൾ കൊണ്ടുമാത്രം സാധ്യമല്ല.

**4 p. m.]**

ഈ നാട്ടിൽ വൻകിട കൃഷിവികസന പദ്ധതികൾകൊണ്ടും ജലസേചന പദ്ധതികൾകൊണ്ടും ഒന്നേമുക്കാൽ ലക്ഷത്തോളമേക്കർ മാത്രമാണ് കൂടുതൽ കൃഷിക്കുപയുക്തമാകാൻ പോകുന്നത്. നേരെമറിച്ചു ഈ രാജ്യത്ത് നെൽകൃഷിതന്നെ ഏഴലക്ഷത്തിൽപ്പരമേക്കർവരുന്ന സ്ഥലത്തുണ്ട്. ആ പ്രദേശങ്ങളിൽ ഇന്നു വേണ്ടത്ര വെള്ളമില്ലാതെയും വേണ്ടത്ര വളമില്ലാതെയും നല്ല വിത്തു വിതരണം ചെയ്യാൻ സാധിക്കാതെയും ശരിയായ കൃഷിസമ്പ്രദായങ്ങൾ നടപ്പാക്കാൻ സാധിക്കാതെയും ഉല്പാദനത്തിൻെറ കഴിവിൻെറ ഒരു ചെറിയ ഭാഗം മാത്രമാണ് ഇന്നു ജനങ്ങളുടെ ഗുണത്തിനുവേണ്ടി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ഉല്പാദനം ഒരുനൂറോ ഇരുനൂറോ ശതമാനമല്ല അതിലുമധികം വർദ്ധിപ്പിക്കാൻ ശരിയായ കൃഷിപരിഷ്ക്കരണപദ്ധതികൾകൊണ്ടു സാദ്ധ്യമാണെന്നു തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ആ മാർഗ്ഗത്തിൽക്കൂടി വിപ്ലവപരമായ ഒരു പരിവർത്തനം വരുത്താൻ ഇന്നത്തെ ബഡ്ജററിൽ യാതൊരു പരിശ്രമവും കാണുന്നില്ലെന്നു

[Shri V. R. Krishnan Ezhuthassan]

പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഈ അടുത്ത അവസരത്തിൽ ഗവൺമെൻറിൻെറ നയപരിപാടികൾക്കെല്ലാം യുക്തമായ രൂപം നൽകി, ബഡ്ജററിൽ വേണ്ടത്ര മാററങ്ങൾ വരുത്തി ഈ സഭയുടെ ആലോചനക്ക കൊണ്ടുവരുമ്പോൾ, നിശ്ചയമായും ഈ രാജ്യത്തെ കാർഷികമായ പരിഷ്കരണത്തിന് വഴി തെളിഞ്ഞുകാണുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ഇവിടെ ശരിയായ ഒരു ഭൂനയം നടപ്പാക്കാനുള്ള കാലം വൈകിയിരിക്കുകയാണ്. എൻെറ വലതുപക്ഷത്തിരിക്കുന്ന ഇടതുപക്ഷ മുന്നണിക്കാർ ഭൂപരിഷ്കാരത്തെകുറിച്ചു പറയുന്നുണ്ട്. ജന്മിമുതലാളി വ്യവസ്ഥകൾ പോകണമെന്നും അവർ പറയുന്നുണ്ട്. എൻെറ ആവശ്യം ഭൂനിയമ വ്യവസ്ഥ പരിഷ്കരിക്കുകമാത്രമല്ല. ജന്മിത്വംതന്നെ അവസാനിപ്പിക്കണമെന്നുള്ളതാണ് എൻെറ അഭിപ്രായം. കാൺഗ്രസ്സ് അതിനുവേണ്ടിയാണ് നിലകൊള്ളുന്നതെന്നു ഞാൻ അവകാശപ്പെടുന്നു. ഇടതുപക്ഷ ഐക്യമുന്നണിക്കാർ ഭൂപരിഷ്കരണത്തെക്കുറിച്ചു പറയുമെങ്കിലും അത് അവരുടെ ശരിയായ ലക്ഷ്യം മറച്ചുവക്കാനുള്ള ഒരു തന്ത്രമാണെന്നാണ് ഞാൻ കരുതുന്നത്. ഒരിഞ്ചു ഭൂമിപോലും കൃഷിക്കാരന് കൊടുക്കാത്ത ആളുകൾ കൃഷിക്കാരന് കൃഷിഭൂമി എന്ന മുദ്രാവാക്യം മുഴക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ആത്മാർത്ഥതയുണ്ടെങ്കിൽ അവർ അതല്ല പറയുക. അവരുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുകയല്ല. അവരുടെ തന്ത്രം ഇപ്പോൾ അതായിരിക്കും. അവരുടെ ആദർശരാജ്യത്ത് ൯൬ ശതമാനത്തിലധികം ഭൂമിയും സ്റേററ് പിടിച്ചടക്കിയിരിക്കുകയാണ്. ഇവിടേയും നൂറു ശതമാനം ഭൂമിയും സ്റേററിൻെറ അധീനതയിൽ ആക്കണമെന്നും ഭൂമിയിൽ വേല ചെയ്യുന്നവരെല്ലാം തൊഴിലാളികളാകണമെന്നുമാണ് അവർ ആഗ്രഹിക്കുന്നത്. അങ്ങനെ ഒരു ഭൂവ്യവസ്ഥ ഞാൻ ആഗ്രഹിക്കുന്നില്ല. ഓരോ ഇഞ്ചു ഭൂമിയും സ്റേററിനു വിധേയമാകണമെന്നു ഞാൻ സമ്മതിക്കുന്നു. നമ്മുടെ ഇന്നത്തെ വ്യവസ്ഥയനുസരിച്ച്, നാം ആഗ്രഹിക്കുന്ന വ്യവസ്ഥയനുസരിച്ച്, ജനാധിപത്യമുറയനുസരിച്ചു, ഈ രാജ്യത്തുള്ള ഭൂമിയെല്ലാം കൈകാര്യം ചെയ്യാനുള്ള അവകാശം അതിൽ വേല ചെയ്തും വേലയെടുപ്പിച്ചും അതിൻെറ ഗുണദോഷം നോക്കി രാജ്യനന്മക്കുവേണ്ടി മണ്ണിൽനിന്നു വിഭവങ്ങൾ ഉണ്ടാക്കുന്നവരുടെ കയ്യിൽ ആകണമെന്നാണ് എനിക്കുള്ള അഭിപ്രായം. അതാണ് ഇന്നത്തെ ഭരണകൂടത്തെ നിയന്ത്രിക്കുന്ന കാൺഗ്രസ്സ് കക്ഷിയുടേയും അഭിപ്രായം. അങ്ങനെ സമൂലമായ ഒരു ഭൂപരിഷ്കരണം ഒരു പക്ഷെ ഇന്നത്തെ പരിതസ്ഥിതിയിൽ ഒരൊററക്കാലുവയ്പുകൊണ്ട് പരിപൂർണ്ണമായി നടന്നില്ലെന്നുവരികിൽ അതിൽ ഞാൻ ഖേദിക്കുകയില്ല. അതിനുള്ള ശരിയായ നയപരിപാടികൾ കൈക്കൊള്ളാതിരിക്കാൻ നിർവ്വാഹമില്ല. അതിനു താമസിയാതെ ഈ ഗവൺമെൻറ് തയ്യാറാകുമെന്നു നിശ്ചയമാണ്. യാതൊരു പ്രതിഫലവും കൊടുക്കാതെ ഇന്നു ഭൂമി കൈവശത്തിലിരിക്കുന്ന ജന്മിമാരിൽ നിന്നോ വൻകിട കൃഷി ഉടമസ്ഥന്മാരിൽ നിന്നോ എടുക്കാമെന്നുള്ള ഇൻഡ്യൻ സോഷ്യലിസ്ററ പാർട്ടിയുടെ വാദവും കാൺഗ്രസ്സ് സ്വീകരിച്ചു നടപ്പാക്കി എന്നുവരികയില്ല. അങ്ങനെ പല സംഗതികൾകൊണ്ടും ഈ സഭയിലെ ചില വിഭാഗക്കാർക്ക് കാൺഗ്രസ്സ് കൊണ്ടുവരാൻപോകുന്ന ഭൂപരിഷ്കരണത്തെ എതിർക്കാനുള്ള വഴിയുണ്ടാകുമെങ്കിലും, നാട്ടിലെ സാമാന്യജനങ്ങളുടെ നന്മയേയും കാർഷികോല്പാദനത്തിൻെറ അഭിവൃദ്ധിയേയും ലാക്കാക്കി നടപ്പിലാക്കാൻ കഴിയുന്ന ഒരു

പദ്ധതി ആയിരിക്കും അതു്. ആ ഭൂപരിഷ്കരണ വ്യവസ്ഥ താമസിയാതെ ഇവിടെ ആവിഷ്കരിക്കുമെന്നു ഞാൻ ആശിക്കുന്നു. ആ നിലയിലാണു് യഥാർത്ഥത്തിൽ ഞാൻ ഇന്നു് കോൺഗ്രസ്സ് പാർട്ടിയിൽനിന്നു അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ അനുകൂലിക്കുന്നതു്. ഈ വ്യവസ്ഥ കുറേ മുമ്പുതന്നെ വരുത്താവുന്നതായിരുന്നുവെന്നു എനിക്കും അഭിപ്രായമുണ്ടു്. എനിക്കും ഇക്കാര്യത്തിൽ വളരെ ക്ഷമകേടുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇനിയും കാലവിളംബം വരാതിരിക്കത്തക്കവിധത്തിൽ അതു നടക്കട്ടെ എന്നു മാത്രമാണു് എനിക്കു ആശിക്കുവാനുള്ളതു്.

ഈ ഗവൺമെൻറിൻെറ മുന്നോടികളായിരുന്ന കോൺഗ്രസ്സ് ഗവൺമെൻറുകളുടെ ചെയ്തികളെ ഇവിടെ പലരും പ്രതിപാദിച്ചു. അതിൽ ആദ്യത്തെ മന്ത്രിസഭയുടെ നേതാവായിരുന്ന ഇന്നത്തെ സഖാവു പട്ടം താണുപിള്ളയെപ്പോലെയുള്ളവർ തങ്ങളുടെ പഴയ പാരമ്പര്യമെല്ലാം വച്ചുകൊണ്ടു വിമർശിക്കുകയുണ്ടായി. ആ പാരമ്പര്യങ്ങളിൽനിന്നു കോൺഗ്രസ്സ് മുമ്പോട്ടു പോയ്ക്കൊണ്ടിരിക്കുകയാണു്. ഇന്നു് കോൺഗ്രസ്സ് ഗവൺമെൻറ് ഒരു പഞ്ചവത്സരപദ്ധതിയും ഗ്രാമോദ്ധാരണപദ്ധതിയുമെല്ലാം ആവിഷ്കരിച്ചു് അതു് നടപ്പാക്കാമെന്നു പ്രതീക്ഷിക്കുന്ന ഒരവസ്ഥയിലാണു് നില്ക്കുന്നതു്.

ഈ ബഡ്ജററിൽ കാണാത്ത ചില സംഗതികളെക്കുറിച്ചുകൂടി എനിക്കു് ഒന്നുരണ്ടു വാക്കു പറയാനാഗ്രഹമുണ്ടു്. തിരു-കൊച്ചി, ഭക്ഷ്യകാര്യത്തിൽ ഒരു കമ്മിരാജ്യമായി കുറേക്കാലത്തേക്കുകൂടി വർത്തിക്കുമെന്നു് ഇവിടെ ഉള്ളവർക്കെല്ലാം അറിയാം. പക്ഷെ വളരെ ദീർഘമല്ലാത്ത ഒരു ഭാവിയിൽ ഈ രാജ്യത്തെ ജനങ്ങൾക്കു് ആവശ്യമായ വിഭവങ്ങൾ മുഴുവൻ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള പരിപാടികൾ ഇപ്പോൾതന്നെ നാം ആവിഷ്കരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഉത്തരപ്രദേശത്തു് 'ഇററാവ', എന്ന സ്ഥലത്തു് ഗവൺമെൻറ് ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഗ്രാമക്ഷേമപദ്ധതികളുടെ മാതൃകയിൽ ഇന്നു് ഇൻഡ്യയിൽ ഒട്ടാകെ, അമേരിക്കൻ സഹായത്തോടുകൂടിയും, ഫോർഡ് ഫൌണ്ടേഷൻെറ സഹായത്തോടുകൂടിയും, ചില കേന്ദ്രങ്ങൾ പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും ഈ രാജ്യത്തും രണ്ടുമൂന്നു കേന്ദ്രങ്ങൾ ഉണ്ടാകുമെന്നുമാണു് ഞാൻ അറിയുന്നതു്. അങ്ങനെയുള്ള കേന്ദ്രങ്ങൾ ഈ രാജ്യത്തിൻെറ ചില ഭാഗങ്ങളിൽ മാത്രം പ്രവർത്തിച്ചതുകൊണ്ടു് നമുക്കു് തൃപ്തിപ്പെടേണ്ട കാര്യമില്ല. ഭാരതപ്പുഴ മുതൽ കന്യാകുമാരിവരെയുള്ള ഗ്രാമപ്രദേശങ്ങളിൽ യു. പി. മാതൃകയനുസരിച്ചു കൃഷിക്കാരേയും കൈതൊഴിലാളികളേയും ഒരു നവോത്ഥാനത്തിലേക്കു നയിക്കാനുള്ള പരിപാടി ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണു്. ഈ നാട്ടിലെ കൃഷിഭൂമിക്കുവേണ്ട വളം വിതരണം ചെയ്യാനും നല്ല വിത്തു കൊടുക്കാനും കൃഷി സമ്പ്രദായം പരിഷ്കരിക്കാനും ഇവിടെ സുലഭമായിട്ടുള്ള ജലമാർഗങ്ങളെല്ലാം കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി രൂപാന്തരപ്പെടുത്തിയോ മററോ ഉപയോഗിക്കാനും സാധിച്ചുകഴിഞ്ഞാൽ നമുക്കു ഈ ഭക്ഷണക്കാര്യത്തെച്ചൊല്ലി കേഴേണ്ട അവസരം ഉണ്ടാകുകയില്ല. ഈ പരിപാടികൾ നടപ്പാക്കുന്നതിനു് കൂടുതൽ നികുതി ഭാരം ജനങ്ങളുടെ മേൽ ചുമത്തേണ്ടിവന്നുവെന്നുവരാം. നികുതിയെക്കുറിച്ചു് ഇവിടെ പലരും പറയുകയുണ്ടായി. ഐക്യമുന്നണി നേതാവും ഇവിടെ വില്പനനികുതി ഒരു പൈശാചിക നികുതിയാണെന്നു പറഞ്ഞു. ഇന്നു് ലോകത്തിലെ ഒരേഒരു സോഷ്യലിസ്ററ രാജ്യമാണെന്നു് പറയുന്ന റഷ്യയിൽ

[Shri V R Rrishnan Ezhuthassan]

വസ്ത്രത്തിനു ൩൦ ശതമാനം വില്പന നികുതിയും, ഭക്ഷണത്തിനു് ൨൦൦ ശതമാനം വില്പന നികുതിയും സിൽക്കിനു് ൫൦ ശതമാനം വില്പന നികുതിയും ഉണ്ടെന്നു് എനിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. രാജഗോപാലൻ നായർ: മെമ്പർ സോവിയററു് ഡെലിഗേഷനെ കണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അവരിൽ നിന്നാണു് കാര്യങ്ങൾ മനസിലാക്കുന്നതെങ്കിൽ നമുക്കു ശരിയായ കാര്യങ്ങൾ മനസിലാക്കാൻ കഴിയുകയില്ല.

സാർ ചക്രവർത്തിയുടെ കാലത്തുണ്ടായിരുന്ന റീയൽവേജസിന്റെ ൩൫ ശതമാനം മാത്രമേ ൧൯൩൮-ൽ റഷ്യയിൽ ഉണ്ടായിരുന്നുള്ളു എന്നും മനസിലാകുന്നുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: മെമ്പർ—

**Mr. Speaker :** The member is not yielding and therefore no question can be put.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: റഷ്യയിൽ പന്ത്രണ്ടര കോടി ആളുകൾ ലേബർ ക്യാമ്പുകളിൽ അല്ലെങ്കിൽ ജയിലുകളിൽ ആണു് ഇന്നു വസിക്കുന്നതെന്നും അറിയുന്നു. അവിടെ ആരും സ്ട്രൈക്കു് ചെയ്യുന്നില്ല. സ്ട്രൈക്കു ചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണു് സ്ട്രൈക്കു് ചെയ്യാതിരിക്കുന്നതു്. എല്ലാവർക്കും അവിടെ വേലയുണ്ടെന്നു പറയുന്നതും വെറുതെയാണു്. അങ്ങനത്തെ ഒരു രീതിയിലല്ല നമുക്കു മുമ്പോട്ടു പോകേണ്ടതു്. അങ്ങനെ അല്ലാതെതന്നെ വിപ്ലവാത്മകമായ ഒരു പരിവർത്തനം രാജ്യത്തു് ഉണ്ടാക്കാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. അതിനുള്ള പരിപാടി കോൺഗ്രസിനുണ്ടു്. ആ പരിപാടി അടുത്ത ബഡ്ജററിൽ കാണുമെന്നു ഞാൻ കരുതുന്നു. അതാണു് യഥാർത്ഥ ബഡ്ജററു്. ഇന്നുകാണുന്നതല്ല നമ്മുടെ ബഡ്ജററു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Shri A. A. D. Luiz :** Sir, I shall express my detailed comment on the Budget before the House on a later occasion. However, I am very glad to hear from a Member of the opposition party that this Budget contains nothing interesting and lucrative for the rich. My duty today is to convey to His Highness the Rajpramukh and to His Highness' Government the gratitude of the Anglo-Indian and domiciled European community for the protection and representation we have been enjoying at the hands of the Government. I was also directed to convey that this community gives a positive assurance of continued loyalty to His Highness' Government and to His Highness the Rajpramukh.

We, in India, are today fighting our ancient legacy of ignorance and poverty.

This community of mine is much interested in taking part in this battle. But to take part in this battle we need the assistance of the Government; assistance to run educational institutions, to run industrial institutions and to organize co-operative institutions, for the betterment of this community.

At the moment the community is running ten institutions, imparting knowledge to over 2,300 little children in various parts of the State. These institutions are functioning without any particular reservation. All creeds, castes and communities are receiving education and benefit from these institutions. Well, these institutions are controlled by an honorary organisation called the Anglo-Indian Central Board of Education. It is true that these institutions are receiving Government assistance, but there are one or two schools that are not receiving any assistance and it has become a hard task to maintain them with voluntary public subscriptions.

Then, again, there is another difficulty that confronts the Anglo-Indians who are interested in going in for higher education. The colleges today are insisting on first class passes and so on. Our community is not highly talented. First class passes never run their way, and as such they have considerable difficulty in obtaining admissions in colleges. I would request the Government to reserve at least one seat in these colleges for this community that is struggling to go ahead. These reservations should specially be made in the Law and Medical colleges.

Then again, I wish to bring to the notice of the hon. Members of this House that in past years, and perhaps in the future as well, students are being sent overseas for various technical training schemes. I regret to remark that such facilities have not been granted to a single Anglo-Indian. I hope that, sooner or later, this dire need will be attended to. It is the cultural status of the minorities that concludes the cultural degree of India as a whole.

Another assistance that the Government should give to this commuuity is for their co-operative and industrial development. I hope Government will appreciate the fact that this minority community has got special privileges only for the coming ten years. During these ten years, it is the duty of the Government to put this minority community on their own legs. They are making various attempts at co-operative concerns, industrial schools, etc., but nothing can progress unless the Government takes a particular interest.

At this stage, I must tell you of a big grievance that this community has got. Sir, the House knows that very beautiful promises were made by the Government of India and the State Governments. A large number of Anglo-Indians, some of them even sacrificing their good and attractive jobs in civilian life, joined the army, the navy and the air force. After the war they were suddenly demobilised. What do they have, when they were demobbed? They are jobless. They are begging. They are in utter proverty. Something must be done for them. You will be surprised when I say that about 80 per cent. of the men who are capable of bearing arms, went to the battle-front; they sacrificed their lives in the deserts of Africa, in the forests of Arakkan, to keep war and bloodshed away from the mainland of India. These services must be appreciated, and Government should do something for them. I understand that large sums of money were allotted to various States to form co-operative institutions, collective farming, industrial organisations, to keep these servicemen free from poverty and distress. I am not saying that these funds are being misused, but I have every right to request the Government to do something in this regard. If my information is correct, there is about half a crore of rupees available with various organisations. Please, let the Anglo-Indian and the Domiciled Europeans who did some service for India have at least a paltry part of this amount for their industrial and social development.

[Shri A. A. D. Luiz]

The House will agree with me when I say that a large part of the natural and human resources of this country stands unexplored. This work of exploration or, better, the economic transformation, cannot be speeded up with unnatural methods. But of course we can speed up the willingness of the hearts of men and cure them of their natural impatience. I shall avail myself of another occasion to express my opinion about the budget, Sir.

ശ്രീ. അച്ചുതമേനോൻ: ബഹു. ധനകാര്യമന്ത്രിയുടെ ഈ ബഡ്ജററു് പ്രസംഗത്തിൽ പുരോഗമനപരമായും സാമൂഹ്യവീക്ഷണത്തോടുകൂടിയും എത്രത്തോളം സംഗതികൾ ഉൾക്കൊണ്ടിട്ടുണ്ടെന്നു ഞാൻ സൂക്ഷ്മമായി പരിശോധിക്കുകയുണ്ടായി. എന്നാൽ നിർഭാഗ്യവശാൽ അപ്രകാരമുള്ള ഒരു വീക്ഷണം ഒരു സ്വപ്നമായിട്ടുള്ള ഒന്നാണു് എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. ഈ ബഡ്ജററു് പ്രസംഗം ചെയ്ത അവസരത്തിലും രാജപ്രമുഖൻെറ പ്രസംഗം സംബന്ധിച്ചു ഞങ്ങൾക്കു് മറുപടി പറഞ്ഞ അവസരത്തിലും അദ്ദേഹം പ്രതിപക്ഷകക്ഷിയോടു് സഹകരണത്തിനും വിനാശകരമായ പ്രവർത്തനങ്ങൾ വിട്ടു് സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കും വേണ്ടി അപേക്ഷിക്കുകയുണ്ടായി. ഈ ഭാഗത്തുള്ള ഐക്യമുന്നണിയിലെ മെമ്പറന്മാക്കുവേണ്ടി എനിക്കദ്ദേഹത്തോടൊരു സംഗതി പറയാനുണ്ടു്. തീച്ചയായും ഈ രാജ്യത്തിൻെറ ക്ഷേമത്തിനുതകുന്ന സംഗതികളിൽ സഹകരണത്തിനു് യാതൊരു കുറവും ഉണ്ടാകുന്നതല്ല എന്നു വളരെ വ്യക്തമായി അദ്ദേഹത്തിനുറപ്പിക്കാൻ സാധിക്കുന്നതാണു്. ഈ രാജ്യത്തിൻെറ പുരോഗമനത്തിനു് ആവശ്യമായിട്ടുള്ള കാര്യങ്ങളിൽ ഞങ്ങൾ ഒരു കാലത്തും പിന്നോക്കം നില്ക്കുകയില്ല എന്നെനിക്കു പറയാൻ സാധിക്കും. എന്നാൽ ഒരു ചോദ്യം ചോദിക്കുവാനുണ്ടു്. ആ ചോദ്യം ഇതാണു്. എന്തിനുവേണ്ടിയുള്ള സഹകരണം? ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി, ഈ വോട്ടു് ഓൺ അക്കൗണ്ടു് തല്ക്കാലം ഭരണം നടത്തിക്കൊണ്ടുപോകുന്നതിനുള്ളതാണെന്നു്. ഈ കഴിഞ്ഞ പന്ത്രണ്ടാം തീയതി മാത്രമേ ഞങ്ങൾ ഭരണത്തിൽ വന്നിട്ടുള്ളു എന്നും സുചിന്തിതമായി സാമ്പത്തികമോ സാമൂഹ്യമോ ആയ കാര്യങ്ങളെ സംബന്ധിച്ചു പരിഗണിക്കാൻ സാധിച്ചില്ല എന്നും പക്ഷെ ഇവിടെ മററാളുകളുടെ പ്രസ്താവനകളിൽ പറഞ്ഞപോലെ ഈ കോൺഗ്രസ് ഗവമ്മെൻറു് ഒരു പുതിയ ഗവമ്മെൻറല്ല എന്നും ഇതുവരെ ഇക്കഴിഞ്ഞ ൪ കൊല്ലം ഈ രാജ്യത്തിൻെറ ഭാഗധേയങ്ങളെ കൈകാര്യം ചെയ്ത ഒരു ഗവമ്മെൻറാണിതെന്നും മനസ്സിലാക്കണം. ഈ ഗവമ്മെൻറു് ഇപ്പോൾ അധികാരത്തിൽ വന്നതാണെന്നു വിശ്വസിക്കാനും നിവൃത്തിയില്ല. എന്നുമാത്രമല്ല, ഈ കഴിഞ്ഞ കൊല്ലങ്ങളിലെ നയവും പരിപാടികളും തന്നെയാണിനിയും കോൺഗ്രസ് ഗവമ്മെൻറു് തുടരാൻപോകുന്നതെന്നും ഈ ബഡ്ജററിൽനിന്നും ഞങ്ങൾക്കു് കാണാൻ സാധിക്കുന്നു. സർ, തീച്ചയായും അഭിമാനമുള്ള ആക്കും ഈ ഗവമ്മെൻറിനോടു് സഹകരിക്കാൻ നിവൃത്തിയില്ല. ഈ ഗവമ്മെൻറിൻെറ നയപരിപാടികളോടു് സഹകരിക്കാൻ ഒരു കാലത്തും നിവൃത്തിയില്ലെന്നു വ്യക്തമാക്കാതിരിക്കുവാൻ സാധിക്കുന്നതല്ല. കാരണം, എനിക്കതെപ്പററി പറയുന്നതിനായി പലതും ഉണ്ടെങ്കിലും ഒന്നു രണ്ടു പോയിൻറുകളെപ്പററിമാത്രം ഞാൻ കുറച്ചു പറയണമെന്നു വിചാരിക്കുന്നു.

ഇന്നത്തെ ഏററവും പ്രധാനപ്പെട്ട ജീവൽപ്രശ്നമായ ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചു കോൺഗ്രസ്സിൻെറ ബഡ്ജററ് പ്രസംഗത്തിലും രാജപ്രമുഖൻെറ പ്രസംഗത്തിനു് മറുപടി പറഞ്ഞ അവസരത്തിലും ബഹു. ധനകാര്യമന്ത്രി അവതരിപ്പിച്ച നയപരിപാടികൾ എന്തെല്ലാമാണു്? ആ പരിപാടികളോടു് ഞങ്ങൾക്കു് യോജിക്കുവാൻ നിവൃത്തിയുണ്ടോ? ഒരിക്കലും നിവൃത്തിയില്ല. ഇന്നെനിക്കു ഉറപ്പിച്ചു പറയാനുള്ളതു് ഈ രാജ്യത്തെ ഏററവും പ്രധാന പ്രശ്നമായ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനു് കൃഷിക്കാർക്കു് ഭൂമിയുണ്ടാക്കാതെ നിവൃത്തിയില്ല. മറെറതൊരു രാജ്യത്തിൻെറ ചരിത്രം പരിശോധിച്ചുനോക്കിയാലും നമുക്കതറിയാം. ഈ ഇൻഡ്യാരാജ്യം ഒരു കൊളോണിയൽ രാജ്യമായിട്ടാണു് നിലനിൽക്കുന്നതെന്നു്. ഈ രാജ്യത്തെ സാമ്പത്തികക്രമം തന്നെ ഒന്നു മാറേണ്ടിയിരിക്കുന്നു. ഇന്നു നാട്ടുകാരുടെ സാമ്പത്തികഘടനയ്ക്കു തന്നെ ഒരു സമൂല പരിവർത്തനം ആവശ്യമാണു്. ഇന്നതു തകർന്നുകൊണ്ടിരിക്കുകയാണു്. ഈ രാജ്യത്തു കൃഷിഭൂമികൾ യഥാർത്ഥ കൃഷിക്കാരനു അവകാശമില്ലാതെയാണിരിക്കുന്നതു്. യഥാർത്ഥ കർഷകനു്, അതായതു്, അദ്ധ്വാനിക്കുന്നവനു് ഇന്നു ഭൂമി കിട്ടുന്നില്ല. അവർ അദ്ധ്വാനിച്ചുണ്ടാക്കുന്നതിനെ ജന്മിമാർ അല്ലെങ്കിൽ ഗവൺമെൻറു് തട്ടിപ്പറിച്ചെടുക്കുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് കൃഷി ചെയ്യുവാൻ ഉത്സാഹമില്ലാതെയായിത്തീരുകയും തൻമൂലം രാജ്യത്തു് ഏററവും പ്രാധാന്യം വഹിക്കുന്നതായ ഭക്ഷ്യപ്രശ്നത്തിനൊരു പരിഹാരമുണ്ടാകാനും പോകുന്നില്ല എന്നുള്ളതു വളരെ വ്യക്തമായിട്ടു മനസ്സിലാക്കാൻ സാധിക്കുന്നതാണു്.

സർ, കോൺഗ്രസ് ഇതിനെ സംബന്ധിച്ചു് പുരോഗമനപരമായ പല പദ്ധതികളും ചെയ്തിട്ടുണ്ടെന്നു ഇവിടെ ചില പ്രാസംഗികന്മാർ പ്രസംഗിച്ചുകേട്ടു. ഈ കഴിഞ്ഞ നാലുകൊല്ലമായി ഇൻഡ്യ ഒട്ടാകെയുള്ള കോൺഗ്രസ് ഗവൺമെൻറിൻെറ പരിപാടികളെക്കുറിച്ചു എനിക്കു രണ്ടു വാക്കുപറയാനുണ്ടു്. വാസ്തവത്തിൽ കൃഷിക്കാർക്കുവേണ്ടി കോൺഗ്രസ് ഗവൺമെൻറു് എന്തു ചെയ്തു? അവർ കൃഷിക്കാർക്കുവേണ്ടി പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ടു് എന്നു പറയുന്നതിൽ വല്ല അടിസ്ഥാനവും ഉണ്ടോ? തീർച്ചയായും ഇല്ല. ഈ കോൺഗ്രസ് ഗവൺമെൻറു് നടപ്പിലിരിക്കുന്ന, മദ്രാസ്, യു. പി. എന്നല്ല, മററു സംസ്ഥാനങ്ങളിലും ഗവൺമെൻറു് ജന്മിമാരെ അല്ലെങ്കിൽ സെമീന്ദാരന്മാരെ സഹായിക്കുന്നതിനായി ജന്മി സമ്പ്രദായം അല്ലെങ്കിൽ സെമീന്ദാരി സമ്പ്രദായം നിർത്തലാക്കുന്നതിനുള്ള നിയമങ്ങൾ ചില സ്റ്റേററുകളിൽ അവതരിപ്പിച്ചു എന്നു നാം പത്രത്തിലും മററും വായിച്ചിട്ടുണ്ടു്. അതിനു സെമീന്ദാരി സമ്പ്രദായമനുസരിച്ചു് അവരിൽനിന്നും എടുക്കുന്ന ഭൂമിക്കു ആകെ കൊടുക്കേണ്ട തുക എന്താണു്? അനർഹമായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന സെമീന്ദാരന്മാർക്കു് അവരിൽനിന്നും എടുക്കുന്ന ഭൂമിക്കു പ്രതിഫലം കൊടുക്കണമെന്നാണു് പറയുന്നതു്. അതു് ഗവൺമെൻറിൽനിന്നും കൊടുക്കണമെന്നും പറയുന്നു.

ഈ പദ്ധതി വാസ്തവത്തിൽ കൃഷിക്കാരെ സഹായിക്കുന്ന ഒരു പദ്ധതിയാണോ? ഈ രാജ്യത്തെ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയുടെ ചങ്ങലകളെ പൊട്ടിച്ചെറിയുവാൻ പര്യാപ്തമായ ഒരു പദ്ധതിയാണോ അതു്? ഒരിക്കലുമല്ല. ഇതിനു് ഗവൺമെൻറു് പ്രതിഫലം കൊടുക്കുന്നുണ്ടു്.

[Shri C. Achutha Menon]

മദ്രാസിൽ ഇരുപത്തുകോടിയോളം രൂപാ പ്രതിഫലം കൊടുക്കേണ്ടതുണ്ടു്, യു. പി. യിലാണോ, ബീഹാറിലാണോ എന്നു നിശ്ചയമില്ല, ഇരുന്നൂറു കോടി രൂപയോളം കൊടുക്കേണ്ടതായി വരും. ഗവമ്മെൻറുകൾ ഈ തുക എവിടെനിന്നു കൊടുക്കുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്? തീർച്ചയായും ഇവിടത്തെ കോൺഗ്രസുകാർ ഈ പണം കൊടുക്കാൻപോകുന്നില്ല. ഇവിടത്തെ കൃഷിക്കാരുടേയും ഇവിടത്തെ തൊഴിലാളികളുടേയും മുതുകത്തായിരിക്കും ഇതിൻെറ മുക്കാൽഭാരവും ചെന്നുവീഴുന്നതു്. നികുതിഭാരംകൊണ്ടു് ഇവിടത്തെ സാമാന്യജനങ്ങളെ വീർപ്പുമുട്ടിക്കാതെ ഈ വൻപിച്ച തുകകൾ കൊടുത്തുതീർക്കുവാൻ സാദ്ധ്യമല്ല. ഇന്ന പാട്ടമായിട്ടോ മിച്ചവാരമായിട്ടോ കുടിയാനവന്മാർ കൊടുത്തുതീർക്കുന്ന തുകകൾ പിരിച്ചെടുത്തു മറെറാരുവേഷത്തിൽ അതായതു്, ഭീമമായ നികുതിയായി പിരിച്ചെടുത്തു ഈ തുക കൊടുത്തുതീർക്കുമെന്നുള്ളതിനു് സംശയമില്ല. ഇതു് ഒരിക്കലും ഇവിടത്തെ സാധുക്കളായ കർഷകർക്കും കുടിയാനവന്മാർക്കും ആശ്വാസമരുളുന്ന ഒരു പദ്ധതിയല്ല.

**Mr. Speaker:** The House will now adjourn and meet again tomorrow at 11 a. m.

*The House rose at 4-30 p. m. to meet again at 11 a. m. on Saturday the 29th March 1952.*

V. KRISHNAMOORTHI

*Secretary to the Legislative Assembly*

# APPENDIX

[ Please see answer to Question No. *126 (115) ]

**Roads selected for the first five year plan**
**Pathanamthitta Taluk**

1. Pathanamthitta Kadambanitta road
2. Road from Kozhencherry bridge to Kudumthamoozhikadavu
3. Pathanamthitta Ayroor road 2nd section
4. Kumbazha Konni road via Vettoor
5. Road from Vettoor to Chengara
6. Road from Malayalapuzha temple to Kumbazha estate
7. Uzhavanpara Vadaserikara road
8. Vadaserikara Perinad road
9. Vadaserikara Mundakanmoozhi road I Section

**Roads selected for the second five year plan**
**Pathanamthitta Taluk**

1. Chethemkara Thennikadavu road up to Athikayam
2. Anchukuzhi Mukkathukadavu road
3. Road from Vakayar to Vallikode
4. Mahanimala Vettipuram road via Thanniamala
5. Road from Vattakadavu to Aikuzha school
6. Road from Adiani to Neerannakala junction
7. Kadambinitta Mylapra road
8. Kadambinitta Pothemon road
9. Thengincherry Uthimood road
10. Road from Kozhencherry bridge to Kozhencherry camp shed
11. Thrikamala road
12. Thondada road
13. Road from Chettakal to Valiachembanmudy
14. Road from Pannikunnu to Poovanmalai Bridge
15. Valiakavu Mannamaruthi road
16. Aranmula Sabarimala road
17. Nellikala Naranganam road
18. Adupara Kavadi road
19. Mannarthara road
20. Kumbalam Poika Uthimood road.

———